
സ്പന്ദനം
ലിറ്റിൽ കൈറ്റ്സ്
G.H.S.S.CHITHARA




*"ശാസ്ത്രാവബോധം*

*വാനിലുയരട്ടെ......"*

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ചന്ദ്രസേനൻ.എസ്.

(ഹെഡ്മാസ്റ്റർ)

സ്റ്റാഫ് എഡിറ്റേഴ്സ് : സരിത.എസ്.മോഹൻ,

: ഹേമ.എച്ച്

(കൈറ്റ് മാസ്റ്റേഴ്സ്)

സ്റ്റുഡന്റ് എഡിറ്റർ : ദേവിക.സി

(കൈറ്റ് ലീഡർ)

സബ് എഡിറ്റേഴ്സ് : ഫാത്തിമ ഫർസാന.എസ്.

: സാന്ദ്ര.പി.ബി.

: ഹസ്ന റെയ്ഹാൻ

: സുൽത്താന.എ

: നൗഫിയ.എൻ

: മുഹമ്മദ് നാസിം.കെ.എസ്.

കവർ ഡിസൈനിംഗ് : മുഹമ്മദ് നാസിം.കെ.എസ്.

ചിതറ ഗവ:ഹയർസെക്കൻഡറി സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ് ' യൂണിറ്റിന്റെ ആദ്യ സംരംഭമായ 'സ്പന്ദന'ത്തിന് വിജയാശംസകൾ.



ചന്ദ്രസേനൻ.എസ്.

ഹെഡ്മാസ്റ്റർ

ചിതറ ഗവ:എച്ച്.എസ്.എസ്.ലെ 'ലിറ്റിൽ കൈറ്റ്സ് ' വിഭാഗം കുട്ടികൾ തയ്യാറാക്കുന്ന 'സ്പന്ദനം' മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

ആർ.അഭിലാഷ്.

സ്റ്റാഫ് സെക്രട്ടറി

കുരുന്നുകളുടെ വിരൽത്തുമ്പുകളിൽ വിരിഞ്ഞ 'സ്പന്ദനം' സ്പന്ദനങ്ങളായി നിൽക്കട്ടെ എന്നാശംസിക്കുന്നു.

ശ്രീലത. ജി.

വിദ്യാരംഗം കൺവീനർ

ചിതറ ഗവ:ഹയർ സെക്കൻഡറി സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ് ' കുട്ടുകാർക്ക് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

ശൈലേന്ദ്രകുമാർ.കെ.പി.

എസ്.ആർ.ജി.കൺവീനർ

# ആമുഖം

കാല ഘടികാരത്തിന്റെ ചാക്രിക ചലനങ്ങളിൽ ആർദ്രമായ ഹിമകണം പോലെ നശ്വരമായ ജീവിത പദങ്ങളിൽ അറിവിന്റെ മഹാവെളിച്ചത്തെ ഹൃദയത്തിന്റെ ഇടനാഴിയിലേക്ക് പകർന്നുവയ്ക്കുന്ന സരസ്വതീ ക്ഷേത്രം.................

തിരുത്തലുകളുടെയും തിരിച്ചറിവിന്റെയും വെള്ളക്കടലാസിലേക്ക് പടർന്ന് വീഴുന്ന അക്ഷരത്തുള്ളികൾക്ക് വിജയരഥങ്ങളുടെ അവസാനിക്കാത്ത കഥകൾ പറയാൻ എന്നും കരുത്തായ സ്നേഹവീട്..................

ആകാശത്തിന് ചുവട്ടിലെ കറുത്ത ബോർഡിൽ വെളുത്ത ചോക്കുകൾ കാലങ്ങളെ വരച്ചിടുമ്പോൾ ലോകം മുഴുവൻ ഒന്നിലേക്ക് ആവാഹിക്കപ്പെട്ട് തുല്യമായി വീതിക്കപ്പെടുന്ന സമുദ്രത്തിന്റെ ആഴത്തിരമാല.......................

ആഴത്തിരമാലയിൽ ഇറങ്ങി ശാസ്ത്രാവബോധത്തിന്റെ മുത്തുകൾ പെറുക്കാൻ നമ്മുടെ കുട്ടികൾക്ക് ലഭിക്കുന്ന സാങ്കേതിക വിജ്ഞാനത്തെ പരിപോഷിപ്പിച്ച് മൂല്യബോധത്തിനാധാരമായി

ഉയർത്തുവാൻ കഴിയട്ടെ..........................

ലിറ്റിൽ കൈറ്റ്സ്

**ഉള്ളടക്കം**

കഥകൾ.....10
കരടിയും കുരുവിയും കൂട്ടുകൂടിയ കഥ.....13
സ്നേഹത്തിന്റെ വില.....14
ഒരു തൂവൽ സ്പർശം.....16
അത്യാഗ്രഹിയായ കച്ചവടക്കാരൻ.....17
ഹൃദയസ്പർശി.....21
കാത്തിരിപ്പിന്റെ നൊമ്പരം.....27
.....27
കണ്ണീരുകൊണ്ടൊരു കാത്തിരിപ്പ്.....34
മാഞ്ചോട്ടിലെ കൂട്ടുകാർ.....40
കൃ തെറ്റാതെ.....41
ചിപ്പിയെന്ന ശബ്ദിക്കാത്ത മുത്ത്.....43
സജ്ജനങ്ങളുമായി ബന്ധം പുലർത്തു.....47
കവിതകൾ.....49
ഓർമ്മ.....50
ഒരു കൊച്ചു കാറ്റ്.....52
പുതുമഴ.....53
മഞ്ഞുകണങ്ങൾ.....55
പുഞ്ചിരി.....56
മഴത്തുള്ളികൾ.....57
യാത്രയിൽപറഞ്ഞത്.....59
.....59
വൃദ്ധസദനത്തിലേക്ക്.....62
പ്രപഞ്ചലാവണ്യം.....64
നാടിന്റെ നന്മ.....66
ആദ്യമധുരം.....67
വൃദ്ധരാകുന്ന തണൽമരങ്ങൾ.....68
ബാലവേല.....74
എന്റെ ഗ്രാമം.....76
നിനക്കായ്.....77
പ്രകൃതി മാതാവിന് വന്ദനം.....78
പൂമ്പാറ്റയോട്.....80

പ്രകൃതി സ്പന്ദനം....81
മഴയുടെ നൊമ്പരം....82
കൃതികൾ....84
സഞ്ചാരസാഹിത്യകൃതികൾ....85
സാഹിത്യകാരന്മാരുംആത്മകഥകളും....88
ചിത്രങ്ങൾ....90
കാനനച്ചോല....91
എന്റെ ഗ്രാമം....92
സൂര്യാസ്തമയം....93
കാർട്ടൂൺ....94
ഒരു വഴിയോരക്കാഴ്ച....96
ഒരു പ്രകൃതിദൃശ്യം....97
വിജനമായ ഗ്രാമവീഥി....98
നദിയോരസായാഹ്നം....99
ഭൂമിക്കൊരു കുട....100
താഴ്വര....101
എന്റെ മരം....102
ഒരു പ്രകൃതിദൃശ്യം....103
ഒരു സന്ധ്യാസമയം....104
ജീവചരിത്രം....105
ജോൺ കീറ്റ്സ്....106
ഒ.എൻ.വി.കുറുപ്പ്....108
പൗലോ കൊയിലോ....110
ഇടശ്ശേരി ഗോവിന്ദൻ നായർ....111
ആൽബർട്ട് ഐൻസ്റ്റീൻ (1879-1955)....112
പഴഞ്ചൊല്ലുകൾ....115
പഴഞ്ചൊല്ലുകൾ....116
യാത്രാനുഭവങ്ങൾ....119
എന്റെ യാത്ര....120
മഴവിരുന്ന്....124
ഒരു വർണ്ണക്കാഴ്ച....126
എന്റെ യാത്ര അനുഭവം....128
ലേഖനങ്ങൾ....130
ഭൂമിക്കൊരു കുട....131
റിമോട്ട് സെൻസിങ്....134
ഹൃദ്രോഗത്തെ തടയാം....137

പ്രളയവുംഅതിജീവനവും....................................................................................................139
ബാല്യം ഒരു പ്രതീക്ഷ........................................................................................................145
ബഹിരാകാശ കുതിപ്പുകൾ....................................................................................................150
പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും ഹരിതഗൃഹവാതകങ്ങൾ.............................................................154
കടലോളം സ്നേഹത്തോടെ കാക്കാം കടലിനെ...........................................................................157
പ്രളയവും അതിജീവനവും....................................................................................................160
ഭൂമിയുടെ കുടയെ സംരക്ഷിക്കാം............................................................................................168
പരിസ്ഥിതി സംരക്ഷണം.....................................................................................................171
പാർക്കർ സൂര്യനിലേക്ക്.......................................................................................................176
വംശനാശഭീഷണി നേരിടുന്ന ജീവികൾ...................................................................................182

# കഥകൾ

# മിട്ടുമിട്ടുക്കൻ മുയലച്ചൻ

പണ്ട് പണ്ടൊരു കാട്ടിൽ മഴ പെയ്യാത്തതിനാൽ എല്ലാ മൃഗങ്ങളും
വളരെ അധികം വിഷമിച്ചിരുന്നു. അങ്ങനെ അവർ കാട്ടിലെരാജാവായ സംഹത്തിന് പരാതികൊടുത്തു.

സിംഹവും വളരെയധികം ദുഖിതനായി.അവസാനം സിംഹം ഒരു തീരുമാനമെടുത്തു. മഴ പെയ്യണം.
മഴ പെയ്യാൻ വഴി പറയുന്നവർക്ക്
ആയിരംപൊൻപണം നൽകും. അവിടെയുള്ള എല്ലാ മൃഗങ്ങളും
ഒത്തുകൂടി.അവിടെ നിന്ന കരടി പറഞ്ഞു നമുക്ക് പ്രാർത്ഥിക്കാം

എല്ലാവരും പ്രാർത്ഥിച്ചു .പക്ഷേ മഴപെയ്തില്ല. അടുത്തത് കുറുക്കനാണ്. നമുക്ക് മഴദേവന് ഒരു കത്ത് അയക്കാം. അങ്ങനെ
അവർ ഒരു പ്രാവിന്റെ കാലിൽ കത്ത് വെച്ചുകെട്ടിപറത്തി.

ആ പ്രാവ് ആ കത്ത് എവിടയോകൊണ്ട് കളഞ്ഞു. അടുത്തതായി വന്ന മിടുമിടുക്കൻ മുയലച്ചൻ പറഞ്ഞു, "നമുക്ക് മരങ്ങൾവെച്ചുപിടിപ്പിക്കാം".കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ
മഴപെയ്തു. മുയലിന് ആയിരം പൊൻപണം നൽകി.



-അഭയ് .എസ്.ആർ.

*IX D*

## കരടിയും കുരുവിയും കൂട്ടുകൂടിയ കഥ

കാട്ടിലെ കരടിയും കൂട്ടിലെ കുരുവിയും ഒരിക്കൽ കൂട്ടുകാരായി. അങ്ങനെ കാട്ടുകരടിയും കൂട്ടിലെകുരുവിയും കൂട്ടുപിരിയാതെ കാട്ടിലെത്തി . കാട്ടിൽ കരടിയും കുരുവിയും തേൻകൂട്ടിൽ നിന്ന് തേനെടുത്തു. കരടിയും കുരുവിയും ഓട്ടുപാത്രത്തിൽ തേനളന്നുകാട്ടുകരടിക്ക് എട്ടുപറത്തേൻകിട്ടി. കുരുവിയ്ക്ക് എട്ടുഉളളിയും കിട്ടി. രണ്ടുപേരും തിരികെ നടന്ന് ഒരുപാടത്തിറങ്ങി. നെല്ല് കൊയ്തു എട്ടുപറ നെല്ല്കരടിക്കും എട്ടുമണിനെല്ല് കുരുവിക്കും കിട്ടി. അവർ കാട്ടിലേക്ക് നടന്നു. എട്ടുപറനെല്ല്കുത്തി അരിയാക്കി പായസച്ചോറുവെച്ചു.എട്ടുമണി നെല്ല് വെച്ച് കുരുവിയും ഉണ്ടാക്കി .രണ്ടു പേരും വയറു നിറയേ കഴിച്ചു. രണ്ടു പേർക്കും സന്തോഷം മായി.



-അമീൻഷ.

IX D

# സ്നേഹത്തിന്റെ വില

ഒരു നാട്ടിൽ ധനികനായ വ്യാപാരി ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ ഒരു നായയും ഒരു പൂച്ചയും ഉണ്ടായിരുന്നു.
അദ്ദേഹത്തിന് പ്രിയം നായയായിരുന്നു.ഒരിക്കലും നായയുടെ കിടക്കസ്ഥലം വൃത്തിഹീനമായിരുന്നില്ല. കാരണം അദ്ദേഹം അത്രമാത്രം ശ്രദ്ധയോടെയാണ് ആ നായയെ നോക്കുന്നത്. പക്ഷേ പൂച്ചയെ അത്രമാത്രം ശ്രദ്ധിക്കില്ലായിരുന്നു. അതുകൊണ്ട് തന്നെ പൂച്ചയ്ക്ക് നായയോട് വല്ലാത്ത ദേഷ്യമായിരുന്നു.

ഒരു ദിവസം വ്യപാരി ജോലിസ്ഥലത്തു നിന്ന് തിരികെ വന്ന് നായയുടെ സ്ഥലം വൃത്തിയാക്കി. ഈ കാഴ്ചകണ്ടുകൊണ്ട് നിൽക്കുകയായിരുന്നു . ആ സമയത്ത് നല്ല മഴ ആയിരുന്നു. അപ്പോൾ അവിടെ നനയാതിരിക്കാൻ അദ്ദേഹം ഒരു തുണി വിരിച്ച് കൊടുത്തിട്ട് പോയി . അപ്പോൾ ആ പൂച്ച വന്ന് ആ തുണി എടുത്ത് മഴയത്തിട്ടിട്ട് പോയി.

അന്ന് രാത്രി  നായയ്ക്ക് അവിടെ വെള്ളം കിടക്കുന്നത് കാരണം ഉറങ്ങാൻ കഴിഞ്ഞില്ല . അന്ന് രാത്രി ആ ധനികനായ വ്യാപാരിയുടെ വീട്ടിൽ കള്ളൻ കയറി.  ആ സമയം പൂച്ച നല്ല ഉറക്കമായിരുന്നു . ആ സമയം നായയാണെങ്കിൽ നനവു കാരണം ഉറങ്ങാൻ കഴിയാതെ കിടക്കുകയായിരുന്നു . കള്ളനെ കണ്ടപ്പോൾ നായ എണീറ്റ് നല്ല ശബ്ദമുണ്ടാക്കി അദ്ദേഹത്തെ ഉണർത്തുകയും ചെയ്തു . അപ്പോൾ ആ കള്ളനെ പിടികൂടുകയും ചെയ്തു . അപ്പോൾ നായയോടുള്ള സ്നേഹം വീണ്ടും കൂടി.അത് കണ്ടപ്പോൾ പൂച്ചക്ക് മനസ്സിലായി.സ്നേഹം തെറ്റുകൾ ചെയ്തല്ല നേടേണ്ടത്.അതിനു പകരം നല്ലത് മാത്രം ചെയ്ത് ജിവിക്കാൻ പഠിച്ചു. അപ്പോൾ ആ പൂച്ചയ്ക്ക് സ്നേഹത്തിന്റെ വില മനസ്സിലായി.



-അഞ്ജന.ആർ.ബി.

IX C

## ഒരു തൂവൽ സ്പർശം

ഈ ലോകത്തിൽ വച്ച് ഏറ്റവും മൃദുലമായ ഒരു വസ്തുവാണ് തൂവൽ.ഈ തൂവലുകൾ ദൈവം നൽകിയത് നമ്മുടെ പ്രകൃതിയിലെ പറവകൾക്കാണ്.ദൈവം എന്തുകൊണ്ട് ഈ തൂവലുകൾ മനുഷ്യന് നൽകിയില്ല.കാരണം പറവകൾ നല്ല മധുരമായ ശബ്ദത്തിൽ നമുക്ക് ഗാനം ആലപിച്ചു തരും.പക്ഷേ ആ സ്വരത്തിൽ മനുഷ്യന് പാടാൻ കഴിയുകയേ ഇല്ല.പറവകൾ അവരുടെ മൃദുലമായ തൂവൽ വച്ച് ആകാശം മുട്ടെ പറക്കും.പക്ഷേ മനുഷ്യന് ആ കുഞ്ഞുതൂവൽ വച്ച് പറക്കാൻ കഴിയുകയില്ല.പറവകൾ ആകാശത്തേക്ക് പറന്നുയരേണ്ടവരാണ്.അവരെ ഒരിക്കലും കൂട്ടിലടച്ചിടാൻ പാടില്ല.അവർക്കും സ്വാതന്ത്യം ഉണ്ട്.ആ സ്വാതന്ത്യത്തെ നമ്മൾ കൂട്ടിൽ അടച്ചിടാൻ പാടില്ല.



-സാന്ദ്ര.പി.ബി

IX C


# അത്യാഗ്രഹിയായ കച്ചവടക്കാരൻ

ഒരിക്കൽ ഒരു കച്ചവടക്കാരൻ നാട്ടുവിട്ട് ദേവഗിരിയിൽ എത്തിച്ചേർന്നു. കൂടുതൽ പണം സമ്പാദിക്കുകയായിരുന്നു അയാളുടെ ഉദ്ദേശ്യം. അവിടെ പത്തുപന്ത്രണ്ടു കൊല്ലത്തോളം താമസിച്ചു. ധാരാളം ധനം സമ്പാദിക്കുകയും ചെയ്തു. അമിതമായി പലിശ വാങ്ങി ആളുകളെ ഉപദ്രവിക്കാനും അയാൾ മടിച്ചിരുന്നില്ല. എത്ര പണം കിട്ടിയാലും അയാൾക്ക് തൃപ്തിയും ഇല്ലായിരുന്നു. അവസാനം സമ്പാദ്യമെല്ലാം എടുത്ത് നാട്ടിലേക്ക് തിരിച്ചു.

തിരികെ പോകുന്ന വഴി സാമാന്യം ഭേദപ്പെട്ട ഒരു വീട് അയാൾക്ക് കാണാൻ കഴിഞ്ഞു. അത് അതിസമർത്ഥയായ ഒരു സ്ത്രീയുടേതായിരുന്നു. അവളുടെ വീടിന്റെ മുറ്റത്ത് വിചിത്രമായ ഒരു പ്രതിമ സ്ഥാപിച്ചിരുന്നു. പ്രതിമയിൽ വിലകൂടിയ രത്നങ്ങളും പതിച്ചിരുന്നു. അതൊരു യന്ത്രപ്രതിമയായിരുന്നു. ആരെങ്കിലും അതിലെ രത്നം തൊട്ടാൽ അയാളുടെ

ശരീരം ആ പ്രതിമ തന്നോടു ചേർത്തു അമർത്തി ഞെരിക്കും. ആ പിടിത്തത്തിൽ നിന്ന് വിടുതൽ നേടാൻ സാധ്യമല്ല. ഉടമസ്ഥയായ സ്ത്രീ നിർദ്ദേശിച്ചാൽ മാത്രമേ പ്രതിമ പിടിത്തം വിടുകയുള്ളൂ.

നമ്മുടെ കച്ചവടക്കാരന് ഈ



അവസ്ഥയൊന്നും അറിഞ്ഞുകൂടാ.

വീട്ടിൽ

ആരേയും കാണാതിരിക്കുകയും
മുറ്റത്ത് രത്നം പതിച്ച ഒരു പ്രതിമ നിൽക്കുന്നത്
കാണുകയും ചെയ്തപ്പോൾ

അത്യാഗ്രഹിയായ കച്ചവടക്കാരന് രത്നങ്ങൾ തട്ടിയെടുക്കാൻ ആഗ്രഹം തോന്നി. രണ്ടു രത്നങ്ങൾ കവർന്നെടുക്കാനായിരുന്നു അയാളുടെ ലക്ഷ്യം.

രണ്ടു രത്നങ്ങൾ കവർന്നെടുത്ത അതേ നിമിഷം തന്നെ പ്രതിമ അയാളെ രണ്ടു കൈകൊണ്ടും പിടിച്ചു ഞെരിച്ചു.

"അയ്യോ!" അയാൾ ഉറക്കെ നിലവിളിച്ചു.

നിലവിളികേട്ട് വീടിന്റെ ഉടമസ്ഥ പുറത്തു വന്നു. അവൾക്ക് കാര്യം മനസ്സിലായി. അവൾ പറഞ്ഞു :

"ദേവഗിരിയിൽ ചെന്ന് അവിടെയുള്ളവരെ ഞെക്കിപ്പിഴിഞ്ഞ് നിങ്ങൾ ധാരാളം പണം സമ്പാദിച്ചുവല്ലോ. അന്യായമായി സമ്പാദിച്ചത് അന്യമായ നിലയിൽ തന്നെ നഷ്ടപ്പെടും. അമിത പലിശയും ചതി ചെയ്തും സമ്പാദിച്ച തുക അത് നിങ്ങളുടെ കൈയിൽ ഉള്ള തുകയുടെ പകുതി വരും. ആ ധനം ഇവിടെ ഇട്ടിട്ടുപോകാമെങ്കിൽ പ്രതിമ നിങ്ങളെ സ്വതന്ത്രമാക്കും. ഇങ്ങനെ പ്രതിമമൂലം ഇവിടെ

കിട്ടുന്ന പണം പാവങ്ങളെ സഹായിക്കാനുള്ളതാണ്. അതുകൊണ്ട് നിങ്ങളുടെ സമ്പാദ്യം, ഇവിടെ കിട്ടുന്ന പണം പാവങ്ങൾക്ക് നൽകുന്നതാണ്. അതുകൊണ്ട് നിങ്ങളുടെ അനർഹമായ സമ്പാദ്യം ഇവിടെ ഇടുക. ന്യായമായ സമ്പാദിച്ചതുമാത്രം കൈയിൽ എടുക്കുക...... സ്വതന്ത്രനാകാം!."

കച്ചവടക്കാരന്റെ അന്യായമായി സമ്പാദ്യമെല്ലാം വാങ്ങിയശേഷം പ്രതിമ അയാളെ സ്വതന്ത്രനാക്കി.

(അത്യാഗ്രഹം ഉള്ളതും നഷ്ടപ്പെടുത്തും)



മുഹമ്മദ് നാസിം.കെ.എസ്.

IX C

# ഹൃദയസ്പർശി

നല്ല മഴ പെയ്യുന്നുണ്ട്.ഉമ്മറ കോലായിൽ തനിച്ചിരിക്കെ ആ അമ്മയുടെ മനസ്സിലൂടെ എന്തൊക്കെയോ കടന്നുപോയി.തന്റെ കുറിഞ്ഞിപ്പൂച്ച മഴ നനഞ്ഞതിനാൽ ഉമ്മറപ്പടിയിൽ ഓടി കയറിയിരുന്നു.എന്നാൽ ആ അമ്മയുടെ ശ്രദ്ധ അതിലേക്കു പോയില്ല.നെറ്റിയിൽ സിന്ദൂരം ഇല്ലെങ്കിലും അതിന്റെ പാട് ഇപ്പോഴും മായാതെ കിടക്കുന്നു.വാരിപ്പിടിച്ചുകെട്ടിയ മുടിയിഴകൾ ഇളം കാറ്റിൽ പാറിപ്പറക്കുന്നു.പെട്ടെന്ന്,എന്തോ ഓർത്തതുപോലെ അവിടെ നിന്ന് എഴുന്നേറ്റുനിന്നു.ആ അമ്മ വിഭ്രാന്തി കൊള്ളാൻ തുടങ്ങി.ആരോടെന്നില്ലാതെ പറഞ്ഞു.വരും, വരാതിരിക്കില്ല.കൈകൾ ചുഴറ്റിക്കൊണ്ട് പറഞ്ഞു.പക്ഷെ ഈ കാത്തിരിപ്പ് വർഷങ്ങളോളം തുടർന്നുകൊണ്ടിരുന്നു.അമ്മ അകത്തേക്ക് കയറി പോയി.എന്നാൽ, ആ അമ്മയുടെ ശരീരം മാത്രമേ

അകത്തേക്ക് പോയുള്ളൂ; മനസ്സിപ്പോഴും ഉമ്മറകോലായിൽ തന്നെയാണ്!

ചിങ്ങം പന്ത്രണ്ടിനായിരുന്നു തന്റെ മകന്റെ കല്യാണം.ഭർത്താവ് മരിച്ചുപോയതിനാൽ അടുത്തുള്ള ബന്ധുക്കളൊക്കെ ചേർന്നാണ് മകന്റെ കല്യാണം നടത്തിയത്.തന്റെ ഭർത്താവിന്റെ ''സുമനേ'' എന്ന വിളികേൾക്കുമ്പോൾ, ആ അമ്മയുടെ പാതിജീവൻ വീഴുമായിരുന്നു.വിദേശത്ത് ആയിരുന്ന ഭർത്താവ് വാഹനാപകടത്തിൽ മരണപ്പെട്ടിട്ട് ഇപ്പോൾ ഇരുപത്തിയെട്ട് കൊല്ലമാകുന്നു.വിവാഹം കഴിഞ്ഞ ആദ്യനാളുകളിൽ മകനും മകന്റെ ഭാര്യയും അമ്മേയോടൊപ്പം തന്നെയാണ് ജീവിച്ചത്.എഞ്ചിനീയറായിരുന്ന തന്റെ മകൻ,ജോലിക്കിടയ്ക്ക് മുകളിൽ നിന്ന് താഴെ വീണു പരിക്ക് പറ്റി കിടന്നപ്പോൾ ആ അമ്മ എത്രയോ നാളുകൾ ഉറക്കമൊഴിഞ്ഞ് മകനെ നോക്കി. ജോലിയാവശ്യത്തിനായി വിദേശത്തുപോയ മകനും മരുമകളും പിന്നെ ആ വീട്ടിലേക്ക് വന്നില്ല.

മഴ നന്നേ കുറഞ്ഞു എന്ന് തോന്നിയപ്പോൾ

അമ്മ അകത്തു നിന്നിറങ്ങി ഉമ്മറകോലായിലേയ്ക്ക് വീണ്ടും വന്നിരുന്നു.രാവിലെ മകന്റെ ഫോൺകോൾ വന്നപ്പോൾ ആ അമ്മയുടെ ഹൃദയം സന്തോഷപൂരിതം ആയിരുന്നു.നാളുകൾക്ക് ശേഷം തന്നെ കാണാൻ മകൻ എത്തുമെന്നതറിഞ്ഞ്
ആ അമ്മയുടെ ഹൃദയം വല്ലാതെ
ആദികൊള്ളുകയായിരുന്നു.''എന്തേ അവര് വരാൻ താമസിക്കുന്നേ?'' എന്ന് ആ അമ്മ തനിയേ തന്നോട് തന്നെ ചോദിച്ചു.
കാരണം, ആ അമ്മയ്ക്ക് കൂട്ടിനായി ആരും തന്നെ അവിടെയില്ല.

പലവിധ ചിന്തകളാൽ മുഴുകിക്കൊണ്ടിരുന്ന ആ അമ്മ കാറിന്റെ
ഹോണടി കേട്ടാണ് തന്റെ ചിന്തകളിൽ നിന്ന് വിരമിച്ചത്.ആ അമ്മ തന്റെ
വയ്യാത്ത കാലുകൾ കൊണ്ട് വേച്ച് വേച്ച് പടികളിറങ്ങി.കാറിൽ നിന്നതാ തന്റെ മരുമകൾ വന്നിറങ്ങുന്നു!കയ്യിൽ ഒരു കുഞ്ഞുമുണ്ട്.തന്റെ പേരക്കിടാങ്ങളെയും

കൊണ്ട് മകനും മരുമകളും
എത്തിയിരിക്കുന്നു.സന്തോഷത്താൽ ഹൃദയം
പൂത്തുലഞ്ഞു.ആ അമ്മയുടെ കണ്ണുകൾ കണ്ടാൽ
മകനെ കാണാൻ ആ കണ്ണുകൾ അമ്മ നന്നായി
വിടർത്തിവച്ചിരിക്കുന്നതുപോലെ തോന്നും.മുൻപിലെ
സീറ്റിലിരുന്നത് മകനായിരിക്കാം.എന്നാൽ, അത്
കാർ ഡ്രൈവറായിരുന്നു.

ആ അമ്മ നോക്കിയപ്പോൾ, മരുമകളുടെ
അമ്മയും സഹോദരനും
കാറിൽ നിന്ന് വെളിയിൽ ഇറങ്ങി.ഇനിയും എന്തേ
മകനെ കാണാത്തത്.
ആ അമ്മ പരിഭ്രമിച്ചു. അമ്മയെല്ലാവരെയും സത്കരിച്ചു
അകത്തുകയറ്റിയിരുത്തി.
മരുമകൾ അമ്മയുടെ അടുക്കൽ
വന്നുനിന്നു.''മകനെവിടേ?''അമ്മ അതിയായ
ആഗ്രഹത്തോടെ ചോദിച്ചു.''വരും''എന്നല്ലാതെ ഒരു
വാക്കും അവൾക്ക് പറയാൻ കഴിഞ്ഞില്ല.അവൾ
വെളിയിലേക്കിറങ്ങി.ഉമ്മറകോലായിലെ തൂണിൽ ചാരി
നിന്നു

കരഞ്ഞു.

മരുമകളുടെ സഹോദരൻ പറഞ്ഞു.''അമ്മേ,ഞങ്ങൾ പറയുന്നത് അമ്മ സാവധാനം കേൾക്കണം.''അമ്മ ആകെ പരിഭ്രമിച്ചു.''ജനിച്ചാൽ എന്തായാലും മരിച്ചേ മതിയാകൂ.ആകയാൽ ഇതിൽ കൂടുതലൊന്നും എനിക്ക് പറയാൻ ആകില്ല'',എന്ന് പറയാതെ തന്നെ ആ മുഖം പറഞ്ഞു.ആ അമ്മ സത്യം മനസ്സിലാക്കിയിരിക്കുന്നു.തന്റെ മകൻ അകാലമൃത്യു അടഞ്ഞിരിക്കുന്നു.''അപകട മരണമായതിനാൽ സംസ്കാരം പെട്ടെന്ന് നടത്തി.അമ്മയെ വിഷമിപ്പിക്കണ്ട എന്ന് കരുതി രാവിലെ ഫോൺ ചെയ്തത് ഞാനാ.''അത്രയും പറയുമ്പോഴേക്കും ആ അമ്മയുടെ സമനില തെറ്റിയിരുന്നു.കരഞ്ഞില്ല ,കണ്ണിൽ നിന്ന് കണ്ണീരും വന്നില്ല.

ആറ്റുനോറ്റുണ്ടായ മകൻ!ഏകമകൻ!ആണായും പെണ്ണായും ഒരാൾ!തനിക്കിനിയാരുമില്ല. അവർ

ജീവനില്ലാത്ത ശരീരം പോലെ മുറ്റത്ത് പടിയിൽ

വന്നിരുന്നു. അവർ പറഞ്ഞു.''വരും, വരാതിരിക്കില്ല

.ആര് പറഞ്ഞു എന്റെ മകൻ

മരിച്ചുപോയെന്ന്. അവൻ മരിച്ചതല്ല.അവൻ അച്ഛന്റെ

അടുക്കൽ പോയതാണ്''

ഒരു ഭ്രാന്തിയെപോലെ അമ്മ അത്

പറഞ്ഞുകൊണ്ടിരുന്നു.ഇനി കാത്തിരിക്കണ്ട.

ഇനി ഓർക്കുകയും വേണ്ട. കാരണം ആ അമ്മയുടെ

ജീവനും ,മകനും അച്ഛനും

പോയ ഇടത്തേക്ക് അപ്പോഴേക്കും പോയിരുന്നു!



ജഹാനഫാത്തിമ.എസ്.എസ്.

X D

# കാത്തിരിപ്പിന്റെ നൊമ്പരം

''അവനെ കാത്തിരിക്കാൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായിരിക്കുന്നു.അവൻ വരുമെന്ന പ്രതീക്ഷയായിരുന്നു മനസ്സു മുഴുവനും.കാത്തിരിപ്പിന്റെ നൊമ്പരം ഞാൻ ഇപ്പോഴാണ് മനസ്സിലാക്കുന്നത്.എന്റെ പ്രിയപ്പെട്ട മകനേ,എന്തു തെറ്റാണ് പൊറുക്കാൻ കഴിയാത്തതായി ഞാൻ ചെയ്തത്?മകനേ,നിനക്കായി ഞാനിതാഎന്റെ മരണം വരെയും കാത്തിരിക്കുന്നു''ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോഴേക്കും ആ അമ്മയുടെ കണ്ണിൽ നിന്നും കണ്ണീർഒഴുകിയിരുന്നു.അവർ തന്റെ പഴയകാല ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കിത്തുടങ്ങി.

വളരെ ആസ്വാദ്യകരമായ ഒരു ബാല്യമായിരുന്നു അവളുടേത്.അവളുടെ പേരിനു തന്നെ വലിയ ഒരു അർത്ഥമുണ്ടായിരുന്നു.-'സൗഭാഗ്യ' എന്നായിരുന്നു അവളുടെ പേര്.പാടവരമ്പത്തുടെ ഓടിക്കളിച്ചുകൊണ്ട് കൈയ്യിൽ ഓലപ്പീപ്പിയും പമ്പരവും

പിടിച്ചുകൊണ്ട് മണ്ണപ്പം ചുട്ടു കളിച്ചിരുന്ന ഒരു ബാല്യം അവൾക്കുണ്ടായിരുന്നു. അവൾ വളർന്നുകൊണ്ടിരുന്നെങ്കിലും അവളുടെ ഉള്ളിൽ നിറഞ്ഞിരുന്ന കുട്ടിത്തം കൈവിടാൻ അവൾക്കു കഴിഞ്ഞിരുന്നില്ല. വിവാഹപ്രായമായപ്പോഴേക്കും ഒരു കുറുമ്പത്തിക്കുട്ടിയായി തന്നെ ജീവിച്ചു. ഒരു ദിവസം അവൾ വിവാഹം കഴിഞ്ഞ് മറ്റൊരു വീട്ടിലേക്ക് പോകേണ്ടതാണ് എന്ന ചിന്തപോലും അവളിൽ ഉണ്ടായിരുന്നില്ല. എന്നാലും വീട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങിക്കൊണ്ടുതന്നെ അയൽ ഗ്രാമത്തിലുള്ള ഒരു പുരുഷനെ അവൾ വിവാഹം കഴിച്ചു. എന്നാലും താൻ വളർന്ന തന്റെ വീടും, പരിസരവും, താൻ കളിച്ചുരസിച്ച മൈതാനങ്ങളും, വയലേലകളും പറമ്പും ഉപേക്ഷിക്കാൻ അവൾക്ക് കഴിഞ്ഞില്ല പക്ഷേ, വിവാഹം കഴിഞ്ഞ് മറ്റൊരു ഗ്രാമത്തിലേക്ക് പോകേണ്ടിവന്നപ്പോൾ അവളുടെ ഹൃദയം പറിച്ചുകളയുന്ന വേദനയാണ് അവൾക്ക് അനുഭവപ്പെട്ടത് . തന്റെ ജീവിത സാഹചര്യമേ അല്ലാത്ത പുതിയ ഭവനത്തിൽ

അവൾക്ക് പൊരുത്തപ്പെടാൻ വലിയ പ്രയാസമായിരുന്നു.എന്നാൽ കാലക്രമേണ പൊരുത്തപ്പെടാൻ തുടങ്ങി.സൗഭാഗ്യയുടെ ഭർത്താവിന്റെ പേര് മോഹൻ എന്നായിരുന്നു.അയാൾക്ക് കുടുംബസ്വത്തായി കിട്ടിയ ഭൂമിയിലാണ് ആ വീട്.ചുറ്റും കാടുപിടിച്ചുകിടന്നിരുന്ന ആ പ്രദേശം സൗഭാഗ്യ കാലു കുത്തിയതോടു കൂടി ഭൂമിയിലെ സ്വർഗ്ഗമായി മാറി.അവൾ ആ കാട് വെട്ടിത്തളിച്ച് മനോഹരമായ പുഷ്പങ്ങൾ നട്ടുപിടിപ്പിച്ചു.അങ്ങനെ വളരെ സന്തോഷത്തോടെ ജീവിച്ച ആ ദമ്പതിമാരുടെ ദുഃഖം കുട്ടികളില്ല എന്നതായിരുന്നു.ഒരു കുഞ്ഞിക്കാലുകാണാൻ അവർ ഒരുപാട് ആഗ്രഹിച്ചു.അങ്ങനെ ക്ഷേത്രങ്ങളിലും മറ്റും വഴിപാടൊക്കെ നടത്തി ആറ്റുനോറ്റു കിട്ടിയ ഒരു മകനായിരുന്നു അവൻ.വൈശാഖ് എന്നായിരുന്നു അവനിട്ട പേര്.വളരെയേറെ താലോലിച്ചായിരിന്നു അവർ അവനെ വളർത്തിയത്.അവർ തങ്ങളുടെ ജീവനേക്കാളുപരി അവനെ സ്നേഹിച്ചു.അവന് അമ്മയേക്കാളും അച്ഛനോടായിരുന്നു കൂടുതൽ

സ്നേഹം.അച്ഛൻ അവന് ഓലകൊണ്ടും മറ്റുമൊക്കെ കളിപ്പാട്ടങ്ങളും മറ്റുമെല്ലാം
ഉണ്ടാക്കിക്കൊടുത്തിരുന്നു.അവന്റെ ഈ കൗതുകമേറിയ ബാല്യത്തിലൂടെ സൗഭാഗ്യ തനിക്ക് നഷ്ടപ്പെട്ട ബാല്യം
ആസ്വദിക്കുകയായിരുന്നു.ആ സന്ദർഭത്തിലാണ് നിർത്താതെ പെയ്ത മഴക്കാലത്ത് വൈശാഖിന്റെ
അച്ഛനെ പുഴ കൊണ്ട് പോയത്.അയാൾ
വെള്ളപ്പാച്ചിലിൽ മരണമടഞ്ഞു.ഈ സംഭവം സൗഭാഗ്യയെയും വൈശാഖിനെയും ഒരുപോലെ
തളർത്തിക്കളഞ്ഞു.അച്ഛന്റെ മരണത്തിൽ ദുഃഖിച്ച അവൻ കുറേ നാളുകൾക്ക് ശേഷമാണ് പഴയ മാനസികാവസ്ഥയിലേക്ക്
മടങ്ങിയെത്തിയത്.എന്നാലും സൗഭാഗ്യ
പ്രതിസന്ധികളെയെല്ലാം തരണം ചെയ്തു.അവളുടെ ഉള്ളിലുണ്ടായിരുന്ന ഒരേയൊരാഗ്രഹം തന്റെ മകനെ നല്ല രീതിയിൽ പഠിപ്പിക്കണം
എന്നതായിരുന്നു.പകലന്തിയോളം പണിയെടുത്ത്
അവർ മകനെ നന്നായി പഠിപ്പിച്ചു.അവനായിരുന്നു അഞ്ചാം ക്ലാസുമുതൽ തന്നെ സ്കൂളിൽ

ഒന്നാമൻ.നല്ലൊരു ജോലി വാങ്ങി അമ്മയെ ജോലിക്കുവിടാതെ സംരക്ഷിക്കണം എന്നതായിരുന്നു വൈശാഖിന്റെ ആഗ്രഹം.എന്നാൽ പത്താം ക്ലാസിലെ അവസാന പരീക്ഷയടുത്തപ്പോഴാണ് അവൻ ഒരു കൂട്ടുകെട്ടിൽ ഉൾപ്പെട്ടത്.ഒരാഴ്ചയോളം അവൻ കൂട്ടുകെട്ടിൽ ചേർന്നു.പിന്നീട് സൗഭാഗ്യ ഈ കാര്യം അറിയുകയും അവനെ ഉപദേശിക്കുകയും ചെയ്തു.എന്നാൽ വാർഷികപ്പരീക്ഷയുടെ സമയത്ത് പഠനത്തിലെ ഏകാഗ്രത നഷ്ടപ്പെട്ടതിനാൽ അവൻ പരീക്ഷ ഓരോന്നും എഴുതിയത് ഭയത്തോടുകൂടിയായിരുന്നു.പരീക്ഷയുടെ റിസൾട്ട് വന്നപ്പോൾ അവന് മാർക്ക് വളരെ കുറവായിരുന്നു.സൗഭാഗ്യയുടെയും വൈശാഖിന്റെയും സ്വപ്നങ്ങളെല്ലാം തന്നെ തകർന്നു.സൗഭാഗ്യ മകനെ വളരെയേറെ ശാസിച്ചു.അവനോട് വളരെ കോപമേറിയ നിലയിൽ സംസാരിച്ചു.ആ രാത്രി അവന് ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല.
പിറ്റേന്ന് രാവിലെ എഴുന്നേറ്റപ്പോൾ സൗഭാഗ്യ അവനെ വീട്ടിൽ എല്ലായിടത്തും അന്വേഷിച്ചു.അവനെ

കണ്ടെത്താൻ ആ അമ്മയ്ക്ക് കഴിഞ്ഞില്ല.കരഞ്ഞു തളർന്ന അവർക്ക് പിന്നീട് കാണാനായത് വൈശാഖിന്റെ മുറിയിൽ നിന്ന് കിട്ടിയ ഒരു കുറിപ്പടിയായിരുന്നു.
അത് ഇപ്രകാരമായിരുന്നു.

പ്രിയപ്പെട്ട അമ്മേ,

ഞാൻ അമ്മയ്ക്ക് തന്ന വാക്കു പാലിക്കാൻ എനിക്കു കഴിഞ്ഞില്ല.അത് എന്റെ തെറ്റാണ്.അമ്മയുടെ മുന്നിൽ നിൽക്കാനുള്ള കരുത്ത് എനിക്കില്ല. ഞാൻ ഈ ലോകത്തിലെ ഏതെങ്കിലും ഒരു കോണിൽ ജീവിച്ചിരിക്കും.എനിക്ക് ഒരു ജോലി കിട്ടിയ ശേഷം ഞാൻ തിരിച്ചുവരും.അമ്മ ദുഃഖിക്കരുത്.ഞാൻ തിരികെ വരും.

എന്ന് സ്നേഹത്തോടെ
മകൻ
വൈശാഖ്.

തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല ആ അമ്മയ്ക്ക്. അവരുടെ നെഞ്ച് എന്തിനോ സങ്കടം കൊണ്ട് പൊട്ടുന്നതായി തോന്നി. തന്നെ ഓർത്താണ് അവൻ പോയത് എന്നോർത്തപ്പോൾ ആ അമ്മയ്ക്ക് സങ്കടം താങ്ങാനായില്ല.

നാളുകൾ കഴിഞ്ഞു. കാത്തിരിപ്പ് തുടരുന്നു. അവൻ ഇതുവരെ മടങ്ങിയെത്തിയിട്ടില്ല. വരും, വരില്ലായിരിക്കും. കാത്തിരിപ്പുമായി ആ അമ്മ വീണ്ടും മുന്നോട്ട്. ഉള്ളിലൊരു വിശ്വാസം മാത്രം. ''അവൻ വരും, എന്നെ സംരക്ഷിക്കും, ഉറപ്പായും അവൻ തിരികെ വരും.'' ഈ പ്രതീക്ഷയാൽ ആ അമ്മ വീണ്ടും തന്റെ കാത്തിരിപ്പ് തുടരുന്നു.

ആസിയ ജാസ്മിൻ. എൻ. എസ്



IX A

## കണ്ണീരുകൊണ്ടൊരു കാത്തിരിപ്പ്

കാത്തിരിപ്പ് എപ്പോഴും സുഖമുള്ള ഒരു ഏർപ്പാടാണ്.എന്നാൽ കണ്ണീർ നിറഞ്ഞ കാത്തിരിപ്പ് എന്നും മനസ്സിൽ ഒരു കനലായിരിക്കും.ഡെയ്സി അവളുടെ പഴയകാലങ്ങളിലേക്ക് ഒന്ന് കണ്ണോടിച്ചു.കുന്നിറങ്ങി വരുന്ന ഒരിറക്കം നിറയെ മരങ്ങൾ, പച്ചപ്പരവതാനി വിരിച്ച ഗ്രാമം, ഓലമേഞ്ഞ വീടുകൾ, പാടങ്ങളും വയലുകളും, നെല്ല് തിന്നാൻ പലവിധമൃഗങ്ങളും. കാറ്റിന്റെ ശബ്ദം വരെ കേൾക്കാം. അത്രയ്ക്ക് നിശബ്ദത.ഡെയ്സി രവി കൊടുത്ത സൈക്കിളുമായി കുന്നിറങ്ങി വരുകയായിരുന്നു.അപ്പോൾ ഒരു വൃദ്ധൻ അതുവഴികടന്നുപോകുന്നത് അവളുടെ ശ്രദ്ധയിൽപെട്ടു. കളിസ്ഥലത്ത് എത്താനുള്ള തിടുക്കം കാരണം അവൾ വേഗത്തിൽ  ചവിട്ടിപോയി. വൃദ്ധൻ ശ്രദ്ധിച്ചിരുന്നെങ്കിലും അവളുടെ മനസ്സിൽ ആ കാഴ്ച ഒരു മിന്നൽ

സൃഷ്ടിച്ചിരുന്നില്ല.കളിസ്ഥലത്തെത്തിയപ്പോൾ രവി അവളോട് പറഞ്ഞു"ഡെയ്സി നീ വരുന്ന വഴിയിൽ ആരെയെങ്കിലും കണ്ടോ?',ഡെയ്സി "ഇല്ല' എന്നാണ് മറുപടി നൽകിയത്.പെട്ടെന്ന് ആ വൃദ്ധനെ അവളോർത്തില്ല. ഉടൻ അവൾ തിരുത്തി പറഞ്ഞു,അവളെന്തോ വലിയ അപരാധം ചെയ്തപോലെയായിരുന്നു ആ തിരുത്തിപറയൽ.രവി തന്നോടെന്തെങ്കിലും പറഞ്ഞോയെന്ന് ഡെയ്സിയോട്ട തിരക്കി.

ഡെയ്സി കുറച്ചുനേരത്തേക്ക് ഒന്നും മിണ്ടിയില്ല.രവി തുടർന്നു, "ആ വൃദ്ധൻ എല്ലാവരോടും എന്റെ മകളെവിടെ? എന്റെ മകളെവിടെ' എന്ന് ചോദിച്ച് ഒരു ഭ്രാന്തനെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.താടിയും മുടിയും വളർത്തി ഒരു വികൃതമായ മുഖം.താൻ അയാളെ കണ്ടിരുന്നുവെന്നും അയാളെ ശ്രദ്ധിക്കാതെ കടന്നുപോയെന്നും ഡെയ്സി വീട്ടിലെത്തുമ്പോഴും അവളുടെ മനസ്സിൽ ആ വൃദ്ധനായിരുന്നു.അവളുടെ അമ്മയും, അച്ഛനും

സഹോദരനുമെല്ലാം ആയിരുന്നു.അവളും അവളുടെ അമ്മയും മാത്രമാണ്. ആ വീട്ടിൽ താമസിക്കുന്നത്. ഡെയ്സിയുടെ അമ്മയുടെ മുപ്പത്തഞ്ചാം വയസ്സിലാണ് അവൾ പിറക്കുന്നത്,അവളുടെ മനസ്സിൽ അച്ഛന്റെ ഓർമ്മകൾപോലുമില്ല.ആരാണെന്ന് അവൾ തിരക്കിയിട്ടുമില്ല. ഡെയ്സി, ആ വൃദ്ധന്റെ ചിന്തകളുമായി കസേരയിൽ ഇരിക്കുകയായിരുന്നു. അവളുടെ മുഖം കണ്ട് അമ്മ എന്താകാര്യം എന്ന് തിരക്കി. ഒന്നുമില്ല എന്ന് പറഞ്ഞ് അവൾ തലയൂരി.

ഡെയ്സിയുടെ കണ്ണിലെ കൃഷ്ണമണിയായിരുന്നു.'സുന്ദരി'. വെള്ളനിറത്തിൽ കറുത്തപുള്ളിയുള്ള ഒരു സുന്ദരിയാട്.സുന്ദരി അവളുടെ മടിയിലേക്ക് ചാടിക്കയറി.അവളുടെ മനസ്സിലുയരുന്ന ചിന്തകൾ സുന്ദരിയോട് പറയുന്നത്,അമ്മ കേൾക്കാനിടയായി. പെട്ടെന്ന് അമ്മയുടെ മനസ്സ് ഒരു ചീട്ടുകൊട്ടാരം തകരുന്നതുപോലെ തകർന്നു.അവരുടെ മനസ്സിൽ പഴയചില ഓർമ്മകൾ ഉണർന്നു. അമ്മ

പുറത്തേക്കിറങ്ങിയപ്പോൾ മുറ്റത്ത് അയാൾ ആ പടു വൃദ്ധൻ. അവർ ഓടി ആ വൃദ്ധന്റെ അടുത്തുചെന്ന് താൻ എന്തിനാണ് ഇപ്പോൾ ഇങ്ങോട്ട് വന്നതെന്നും, താനില്ലാതെ സുഖമായി കഴിയുകയാണ് ഞാനും എന്റെ മോളും എന്ന് അവൾ ആ വൃദ്ധനോട് പറഞ്ഞു.ഡെയ്സിയെ കാണാനെത്തിയ രവി അവരുടെ സംഭാഷണങ്ങൾ കേൾക്കുകയും ആ വൃദ്ധൻ ഡെയ്സിയുടെ അച്ഛനാണെന്നുള്ള സത്യം അവൾ മനസ്സിലാക്കുകയും ചെയ്തു.ത്യാഗത്തിന്റെയും ധൈര്യത്തിന്റെയും പ്രതീകമായ് ഡെയ്സി ഈ സത്യം മനസ്സിലാക്കിയാൽ തളർന്നുപോകുമെന്ന് അവൻ കരുതി.അതുകൊണ്ട് തന്നെ അവൻ അവളോടൊന്നും പറഞ്ഞില്ല.ജീവിതത്തിന്റെ കയ്പുനിറഞ്ഞകാലങ്ങളിലെല്ലാം ഡെയ്സിയും അവളുടെ അമ്മയും മാത്രമേ ഉണ്ടായിരുന്നുള്ളൂ.ഇനിയും അങ്ങനെമതിയെന്നും,അവളുടെ അമ്മ വെളിപ്പെടുത്താത്ത സത്യം താനെന്തിനു പറയണമെന്ന നിലപാടായിരുന്നു രവിക്കുണ്ടായിരുന്നത്.

ആ വൃദ്ധൻ വീണ്ടും നാട് വിട്ടു.പക്ഷേ

ഡെയ്സിയുടെ മനസ്സിൽ ആ വൃദ്ധന്റെ മുഖം നിഴലിച്ചുനിന്നു.ഡെയ്സിയുടെ നിഷ്കളങ്കതയും സങ്കടങ്ങളും കണ്ട് അമ്മ അവളോട് പഴയകഥകളെല്ലാം പറഞ്ഞുകൊടുത്തു.നീ കണ്ട വൃദ്ധൻ നിന്റെ അച്ഛനാണ്.വർഷങ്ങൾക്കുമുമ്പ്,നിന്നെ പ്രസവിച്ചതിന്റെ പിറ്റേന്ന് നാടുവിട്ടതാണ് അയാളെന്നും,നീ ഒരു പെൺകുട്ടിയാണ് എന്നറിഞ്ഞതുകൊണ്ടാണ് അയാൾ പോയതെന്നും അമ്മ ഡെയ്സിയോട് പറഞ്ഞു.ഇതൊക്കെ കേട്ടിട്ടും ഡെയ്സി ഒന്നും മിണ്ടിയില്ല.അവളുടെ കണ്ണുകളിൽ നിന്ന് ഒരു പുഴയൊഴുകുന്നതുപോലെ കണ്ണീർ ഒഴുകി.പെട്ടെന്ന് ഞെട്ടി ആ ചിന്തയിൽ നിന്നുണർന്നു.അവിടെ ആ നിമിഷം ഒരു പോസ്റ്റുമാൻ വന്നു.ആ കത്തവൾ തുറന്ന് നോക്കി.അത് രവിയുടെ കത്തായിരുന്നു. അവൾ ഇപ്പോഴും ആ വൃദ്ധനെ കാത്തിരിക്കുന്നു.വരും വരാതിരിക്കില്ല ആ കാത്തിരിപ്പ് വർഷങ്ങളോളം നീണ്ടു.



ശില്പ.ബി.എസ്.
X D

## മാഞ്ചോട്ടിലെ കൂട്ടുകാർ

തണുത്ത കാറ്റ് എങ്ങുനിന്നോ ഒഴുകിയെത്തി.മൂവാണ്ടൻ മാവിന്റെ ചില്ലകൾ കാറ്റിലുലഞ്ഞു.മാമ്പഴങ്ങൾ തുരുതുരാവീണു.അവർ മാഞ്ചോട്ടിലേക്കോടി. നന്നായി പഴുത്ത മാമ്പഴങ്ങൾ നല്ല മണം. അവർ മാമ്പഴങ്ങൾ ഓടി നടന്ന് പെറുക്കി. കാറ്റു ചുറ്റും മാമ്പഴങ്ങൾ വീഴ്ത്തിക്കൊണ്ടിരുന്നു.

അവർ മുകളിലേക്ക് നോക്കി. മരച്ചില്ലകളിൽ ഉത്സവമാണല്ലോ.ചിലർ ചില്ലകളിൽ നിന്ന് ചില്ലകളിലേക്ക് ചാടുന്നു.

മറ്റുചിലർ മാമ്പഴം കാർന്നു കാർന്നു തിന്നുന്നു. ചിലർ കൊത്തിത്തിന്നുന്നു.

അപ്പുവിന് സന്തോഷമായി. അവൻ കൈകൊട്ടിച്ചിരിച്ചു. അവന്റെ അമ്മുവും ചേർന്നു. അവർ പാട്ടുപാടി. രണ്ടുപേരും സന്തോഷം കൊണ്ട് തുള്ളിച്ചാടി.



ഹസ്ന റെയ്ഹാൻ.എസ്

IX C

## ക്യൂ തെറ്റാതെ......

മഹാമണ്ടനാണ് പാച്ചു.ഒരു ദിവസം തിയേറ്ററിൽ സിനിമ കാണാൻ പോയി.ടിക്കറ്റെടുക്കാൻ ക്യൂ നിൽക്കേണ്ടി വന്നു. കുറച്ച് നേരം കഴിഞ്ഞപ്പോൾ പാച്ചുവിന് വല്ലാത്ത ദാഹം. ക്യൂ തീരാൻ ഇനിയും നേരം കഴിയും.പോയി ഒരു നാരങ്ങ വെള്ളം കുടിച്ച് വരാം എന്ന് പാച്ചു വിചാരിച്ചു.

വെള്ളം കുടിക്കാൻ പോകും മുൻപ് അവനൊരു ബുദ്ധി തോന്നി അവൻ ഒരു പേന സംഘടിപ്പിച്ചു. മുന്നിൽ നിന്ന ആളിന്റെ പുരത്ത് വരച്ചു. മുന്നിൽ നിന്ന ആൾ പാച്ചുവിനോട് വല്ലാതെ ദേഷ്യപ്പെട്ടു.

അപ്പോൾ പാച്ചു ചിരിച്ച് കൊണ്ട് പറഞ്ഞു ഞാൻ ചേട്ടന്റെ പുറകിൽ ഒരു വര വരച്ചതാ ഞാൻ വെള്ളം കുടിച്ച് തിരിച്ച് വരുമ്പോൾ ക്യൂ തെറ്റാതിരിക്കാനാ.....അവിടെ നിന്നവർ ആരും അത് കണക്കാക്കിയില്ല.

വീണ്ടും പാച്ചുവിന് ദാഹിച്ചു. വരി

തെറ്റാതിരിക്കാൻ അവൻ വീണ്ടും മുൻപിൽ നിന്ന ഒരാളുടെ മുതുകിൽ ഒരു വര ആദ്യം ഇട്ടിരുന്നു. അതിന്റെ നടുവിൽ കൂടി ഒരു വരയും അവൻ വരച്ചു.

"എന്താടാ, കാണിക്കുന്നത്,ഒരുവട്ടം ക്ഷമിച്ചു. ഇപ്പോൾ വീണ്ടും വരച്ചതെന്തിനാ?" പാച്ചു പറഞ്ഞു - "ഞാൻ വെള്ളം കുടിച്ച് തിരിച്ച് വരുമ്പോൾ ക്യൂ തെറ്റാതിരിക്കാനാ...."

പാച്ചുവിന്റെ ഉത്തരം കേട്ട് ക്യൂവിൽ നിന്നവർ പൊട്ടിച്ചിരിച്ചു.

-സമർപ്പണം



ഹസ്ന റെയ്ഹാൻ.എസ്

IX C

## ചിപ്പിയെന്ന ശബ്ദിക്കാത്ത മുത്ത്

തന്റെ പൂന്തോട്ടത്തിൽ താൻത്തന്നെ നട്ട ആ കൊച്ചു പനിനീർച്ചെടി മൊട്ടിട്ടതിന്റെ ആഹ്ലാദം പറഞ്ഞ് അറിയിക്കാനാകാതെ തന്റെ കൈകൾ അനക്കിയും ഭാവങ്ങൾ പ്രകടിപ്പിച്ചും ചേച്ചിക്കുട്ടിയോട് അറിയിക്കുകയാണ് ചിപ്പിമോൾ. അവളുടെ കുഞ്ഞുകരങ്ങൾ പൂക്കളും പൂമ്പാറ്റയുമായൊക്കെ മാറുന്നു. അവളുടെ ഓരോ ഭാവവും വീക്ഷിച്ചറിയുകയാണ് ചേച്ചിക്കുട്ടി.

ചിപ്പിമോൾ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തയാണ്. അവൾക്ക് പ്രകൃതിയേയും ചുറ്റുപാടും കേട്ടറിയാമെങ്കിലും അവൾക്ക് അതൊന്നും വിവരിക്കാനാകില്ല. ജന്മനാ ആ കഴിവ് അവൾക്ക് ദൈവം നൽകിയില്ല. ചേച്ചിക്കുട്ടി തന്നെയാണ് ഊമയായ ചിപ്പിമോളെ ഏറെ അറിയുന്നത്. ചിപ്പിമോൾ സ്കൂളിൽ ചെന്നതും ചേച്ചിയുടെ വാശിയിൽ തന്നെ. തന്റെ അനിയത്തിയും മറ്റുള്ളവരെപ്പോലെ തന്നെ

പഠിക്കണമെന്ന് ചേച്ചി ആശിച്ചു. എന്നാൽ ചിപ്പി മോൾക്ക് സ്കൂളിൽ
ഇത്രയും ഒറ്റപ്പെടൽ അനുഭവിക്കേണ്ടി വരുമെന്ന് ചേച്ചി കരുതിയില്ല.

സ്കൂളിലെ ആദ്യ ദിവസം മുതൽ അവൾ തനിച്ചാവുകയായിരുന്നു.
കളിയിലും ചിരിയിലും നിന്ന് എല്ലാം അവളെ കൂട്ടുകാർ അകറ്റാൻ തുടങ്ങി.
ആദ്യ മൊന്നും അവൾ ആരോടും അത് വെളിപ്പെടുത്തിയില്ല. ചേച്ചിയെ
താനിനി ബുദ്ധിമുട്ടിക്കേണ്ടെന്ന് അവൾ കരുതിയാവണം, ചേച്ചിയോട്
സാധാരീതിയിൽ തന്നെ പെരുമാറാൻ അവൾ ശ്രമിച്ചു.
എല്ലാ വിഷമവും ഉള്ളിൽ ഒതുക്കി. എന്നാൽ തന്നെപ്പറ്റി
എല്ലാം അറിയുന്ന ചേച്ചിക്ക് തന്റെ
മാറ്റം തിരിച്ചറിയാനാകുമെന്ന് അവൾ കരുതിയില്ല. ചേച്ചി നേരത്തേ തന്നെ എല്ലാം
മനസ്സിലാക്കിയിരുന്നു. താൻ കാരണമാണ് ഇതെല്ലാം
സംഭവിച്ചതെന്ന് ഓർത്ത് ചേച്ചിക്ക് കുറ്റബോധം

തോന്നി. അവൾക്ക്
തന്റെ അനിയത്തിക്കായി എന്തെങ്കിലും ചെയ്യണമെന്ന്
തോന്നി.
ചിപ്പിയുടെ വിഷമം കുറയ്ക്കാൻ ഉച്ചസമയങ്ങളിൽ എല്ലാം
അവൾ ചിപ്പിയെ
കാണാൻ ചെന്നു. ചേച്ചി എന്നും ചിപ്പി ചിരിക്കാൻ
ആഗ്രഹിച്ചു. അങ്ങനെ
ഒരു ദിവസം ചിപ്പിയെ കാണാൻ ചെന്നപ്പോൾ അവൾ
ചിത്രം
വരക്കുന്നതു കണ്ടു. തന്റെ അനിയത്തിക്ക് ചിത്രം
വരക്കാൻ താൽപര്യം
ഉണ്ടെന്ന് അവൾ അന്നാണ് അറിയുന്നത്. ചിത്രം
പൂർത്തിയാക്കുമ്പോൾ
ചിപ്പി പുഞ്ചിരിക്കുമായിരുന്നു. അതിൽ അവൾ സംതൃപ്തി
കണ്ടെത്തിയിരുന്നു. ഇത് കണ്ടെത്തിയതോടെ തന്റെ
അനിയത്തിയെ
പ്രോത്സാഹിപ്പിക്കണമെന്ന് തന്നെ ചേച്ചി
തീർച്ചപ്പെട്ടുന്നു. അവൾക്ക്
കടലാസും നിറച്ചായങ്ങളും നൽകി. ചേച്ചി അവളെ

ശിശുദിനത്തോട്
അനുബന്ധിച്ച് നടന്ന ചിത്രരചനമത്സരത്തിൽ
പങ്കെടുപ്പിച്ചു. മത്സരഫലം
പ്രഖ്യാപിച്ചപ്പോൾ തന്റെ സഹപാഠികളെയെല്ലാം
ഞെട്ടിച്ച് കൊണ്ടാണ്
അവൾ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയത്.
സമ്മാനം ലഭിച്ചതിന് ശേഷം അവൾ ഓടിച്ചെന്ന്
ചേച്ചിയെ കെട്ടിപ്പിടിച്ചു. ചേച്ചിയുടെ കണ്ണുകൾ
നിറഞ്ഞിരുന്നു. ചിപ്പിയോട് മിണ്ടാത്തതിൽ കൂട്ടുകാർക്ക്
കുറ്റബോധം തോന്നി. അവൾ ചിപ്പിയോട് ക്ഷമ
ചോദിച്ചു. ചിപ്പിയുടെ ചിരിയിൽ ചേച്ചി സന്തോഷിച്ചു.



സ്വാതി.എസ്

IX D

## സജ്ജനങ്ങളുമായി ബന്ധം പുലർത്തു

വിരൽ മുറിഞ്ഞാൽ മരുന്നു വച്ചുകെട്ടാം കുറച്ചു കഴിയുമ്പോൾ മുറിവ് ഉണങ്ങും. പക്ഷേ മുറിവ് ഉണങ്ങിയാലും പാട് അവിടെ ശേഷിക്കും. ആ പാട് മുറിവിൻെറ തെളിവാണ് . ഇതുപോലെ തന്നെയാണ് മനസ്സിൻെറ അവസ്ഥയും. കൊള്ളരുതാത്തവരോടു കൂട്ടുകൂടിയാൽ മനസ്സിലൊരു മുറിവ് ഉണ്ടാകും. അതൊരു
പാടായി അവിടെ കിടക്കും.

അതുകൊണ്ട് അറിവുള്ളവർ നമുക്ക് പറഞ്ഞു തന്നു. നീ എപ്പോഴും നല്ല സംഘത്തിൽ മാത്രം നിൽക്കുക. സജ്ജനങ്ങളുമായിട്ടുള്ള ബന്ധം ഒരിക്കലും അധോഗതി വരുത്തുകയില്ല . മേൽഗതി വരുത്തുകയും ചെയ്യും .

ഒരിക്കൽ ഭക്ത കവി കബീർദാസ് പറഞ്ഞു .

ഞാൻ നല്ലവരെയും ചീത്തയാളുകളെയും വന്ദിക്കുന്നു . ഇതിനെക്കുറിച്ചു ചോദിക്കുമ്പോൾ അദ്ദേഹം

വിശദീകരിച്ചു പറഞ്ഞു:

ചീത്തയാളുകളെ വന്ദിക്കുന്നത് അവർ എൻെറ സമീപം വരാതിരിക്കാനാണ് . നല്ലവരെ വന്ദിക്കുന്നത് അവർ എൻെറയരികിൽ വരാനും . അതു കൊണ്ട് സന്തോഷത്തിന്റെ വഴി തിരഞ്ഞെടുക്കൂ. സജ്ജനങ്ങളുമായി ബന്ധം പുലർത്തൂ .

ദുർജ്ജനങ്ങളെ നല്ല വഴിയിലേക്ക് നയിക്കുക തന്നെ വേണം . പക്ഷേ അതിന് അപാരമായ മനക്കരുത്തും പരിശുദ്ധിയും നേടണമെന്ന് മാത്രം . അതില്ലാത്തവർ അകന്നു നിൽക്കുന്നത് തന്നെയാണ് നല്ലത് .



-ആസിയ.എൻ

IX D

# കവിതകൾ

## ഓർമ്മ.....

മഴവില്ലിൽ ചാലിച്ച ഓർമ്മയ്ക്കായ് എൻ മുന്നിൽ
അണയുന്ന പ്രിയ സഖീ...
മിഴികളിൽ നിറയുന്ന ആയിരം ശോഭയോടെ
ഞാൻ നിന്നെ നോക്കിനിന്നു .
പിന്നെയും കാത്തിരുന്നു  നിൻ വരവിനായ്
നീ പോയ വഴികളിലൊക്കെയും നിന്നെ പ്രതീക്ഷിച്ചു ഞാൻ
നിന്നു...
പുഴയിലെ  ഓളമായാടിത്തിമിർത്തും
ആയിരം ഓർമകൾ  പൂക്കളായ് വിരിച്ചും
നീ സാന്ത്വനം ഏകുന്നെൻ മനസ്സിനാകെ...
നീ എന്നെത്തഴുകിത്തലോടിയില്ലേ...
എന്നന്തരാത്മാവിലൊരു തേങ്ങലായീ...
ആ കാലം വെറുതെ കടന്നു പോയീലയോ....
നീ എന്നിൽ നിന്നും മാഞ്ഞു പോയീലയോ....



ആസിയ.ജെ

IX D

# ഒരു കൊച്ചു കാറ്റ്

ഒരു കൊച്ചു കാറ്റെന്നെ തഴുകിത്തലോടവേ
അറിയാതെ എൻ മനം തുള്ളിത്തുളുമ്പി
ഞാനറിഞ്ഞീലയെൻ ഹൃദയത്തി
ലെന്തോ മറഞ്ഞിരിക്കുന്നതായി.
ഒരു കൊച്ച് കാറ്റ് വന്നെന്റെ ചെടികളെ തഴുകി
ആകാംഷയോടെയാണെന്റെ ചെടികൾ
കാറ്റ് വന്നെന്റെ മുടിയിഴയിൽ തലോടി
ഞാൻ ആദ്യമായി അനുഭവിക്കുന്നൊരുസുഖം
ഞാനറിയാതെ ആ കാറ്റിൽ മയങ്ങി
ആ കാറ്റെൻ മനം കവർന്നു
കൺ തുറന്നപ്പോഴോ മധുരമഴ
എൻ ഉള്ളിൽ തുളുമ്പുന്ന ലോലമഴ.



അഞ്ജലി.ആർ.ബി
IX C

## പുതുമഴ

നീരദപാളികൾ  വന്നു നിരന്നു
മാനം മഴയുടെ കൊടി പാറ്റി
വേനൽച്ചൂടിൽ വറ്റിവരണ്ടൊരു
മണ്ണിൽ മഴയുടെ നിഴലാട്ടം

തളരും ശാഖികൾ മെല്ലേ നിവർന്നു
മാമരമതിനുമൊരുന്മേഷം
കാലികൾ ആലയിൽ നിന്ന് വിളിപ്പൂ
മഴയുടെ ആരവമവിടെത്തി

കാറ്റ് തന്നു മലമുകളിലവ
പ്രഹരപ്പടയുടെ പടയോട്ടം
പെരുമ്പറകൊട്ടി,വെള്ളിടിവെട്ടി
പാരതു ഞെട്ടി നിമിഷാർധം



-സാന്ദ്ര പി ബി
IX C

## മഞ്ഞുകണങ്ങൾ

വാനിലുദിച്ച  തിങ്കളും  മഞ്ഞിൽ വിരിഞ്ഞ പൂക്കളും
ഈറൻനിലാവിൽകുളിച്ചൊരുങ്ങി
വരണ്ട മണ്ണിൽ മഞ്ഞുകണങ്ങൾ വീണലിഞ്ഞു
സ്നേഹമായി
വേനലിലെരിഞ്ഞ മനസ്സിലും
സാന്ത്വനത്തിന്റെ തലോടലുമായി
വിരുന്നെത്തുന്ന കനവുകൾ
മെല്ലെ മിഴിവാതിൽ ചാരുമ്പോൾ
അരികത്തണയും പുഞ്ചിരികളും
ഒരു മഞ്ഞുകണമായി.



-സാന്ദ്ര പി ബി
IX C

# പുഞ്ചിരി

ഇണങ്ങിയും പിണങ്ങിയും പകൽ
മെല്ലെ കൂടണഞ്ഞു
നീല നിലാപ്പുടവഞൊറിയിൽ
മനോഹരിയായ നിശീഥിനി
അരുമയായ് തഴുകിയുറക്കുമ്പോൾ
അരികിലെത്തുന്ന കുസൃതിയുള്ള
കുഞ്ഞുകനവുകൾ
പുഞ്ചിരിയോടെ നെഞ്ചോട്ട ചേർക്കുവാൻ
ഒത്തിരി സ്നേഹത്തോടെ ഓമനിക്കാൻ
പുഞ്ചിരിക്കുന്ന പൂവുകൾ
പുഞ്ചിരി കൊതിക്കും ചുണ്ടുകളിൽ
പകർന്നു പോകുന്ന പുഞ്ചിരി.

-സാന്ദ്ര.പി.ബി

IX C



## മഴത്തുള്ളികൾ

എന്തുമനോഹരമെന്തുമനോഹരം
വാനിന്റെ കണ്ണുനീർ തുള്ളികളേ
മുറ്റത്തുനൃത്തം ചവിട്ടിടും തുള്ളികൾ
കാതുകൾക്കാനന്ദമായിമാറ്റൂ

തോടുകൾ ആറുകളെപ്പോലെ മാറ്റി
എൻ കാലുകൾ ഭക്ഷിച്ചു ആ കണ്ണുനീർ
അവിടെയും ഇവിടെയും എവിടെയും
വാനിന്റെ കണ്ണുനീർ നിറഞ്ഞൊഴുകി

തോർന്നു ആ കണ്ണുനീർ ആ നേരം
പുല്ലുകൾ രത്നം തിളങ്ങിച്ചതാരറിഞ്ഞു
സൂര്യവെളിച്ചം ആ വെള്ളത്തിൽ
വീഴവേ മഴവിൽകിരീടം പുഞ്ചിരിച്ചു

എന്തുമനോഹരം എൻപ്രകൃത്യമ്പതൻ
സൗന്ദര്യാംശങ്ങൾ പ്രതിഫലിക്കേ
ഈ വിധം അമ്മതൻ പൂർണ്ണസൗന്ദര്യം

കാണാൻ എൻ മനം നിത്യവും കൊതിച്ചീടുന്നു.



-ഫാത്തിമ ഫർസാന.എസ്.

IX C

## <u>യാത്രയിൽപറഞ്ഞത്</u>

വാർദ്ധക്യമാകുന്ന മാറാ മുറിവിന്റെ
കരി വള്ളിയായി മാറി.....
കറ പുരണ്ട കഴിവില്ലാത്തൊരു
കൈ സഞ്ചിയായി മാറി.
കൈ വഞ്ചിയിൽ തുഴഞ്ഞകലുന്നൊരു
വൃദ്ധയാണു ഞാൻ,വയസ്സിയാണു ഞാൻ
ഈയൊരു യാത്രയവസാനമെത്തുന്നിതാ
അമ്മയാണെന്നൊരു ബോധമില്ലെന്റെ
മക്കളാണാത്മാവിൽ നിന്നും പറഞ്ഞത്
വൃദ്ധയാകുന്നു ഞാൻ,വാർദ്ധക്യമാകുന്നു ഞാൻ
വാരിയെല്ലിന്റെ ശക്തിയില്ലാത്തൊരു
കൂനിയാകുന്നു ഞാൻ.

മരണമെത്തി കഴിഞ്ഞു എൻ
ചുണ്ടിൽ ഉമിനീരിൻ ചുണ്ടത്ത്
ഈർപ്പമില്ല.
ഇനിയുള്ള കാലമെൻ ജീവിതമീ--

യൊരുയാത്രയിൽ തീരുന്നിതാ.....
മക്കൾമരുമക്കൾ വേണ്ടാതെ
വലിച്ചെറിഞ്ഞൊരു പാഴ്സലായി
മാറിക്കഴിഞ്ഞു ഞാൻ.
പാതിവഴിയിൽ മറഞ്ഞുമരിച്ചൊരു
പാവയായി മാറിക്കഴിഞ്ഞു ഞാൻ
പാവമീ എന്റെ മക്കൾ പഴിച്ച
കടലാസുമാത്രമീ ഞാൻ.
എൻ കിടാങ്ങളേ.....
ഈയാത്ര കൊണ്ടൊടുങ്ങുന്നെൻ
ജീവിത ചിത്രത്തെ
കടലാസു പൊതിയായി മാറിക്കഴിഞ്ഞു
ദൈവമേ കാത്തുകൊൾകേണമെൻ
ഇനിയുള്ള ജീവിതമെങ്കിലും.
മാപ്പുകൊടുക്കേണം എൻ മക്കൾക്കീ
ചെയ്ത പാപത്തിനൊക്കെയും
വൃദ്ധസദനത്തിലേക്ക് ഞാൻ
യാത്രയായി കൂടെയെൻ മക്കൾ
മരുമക്കൾ ഒപ്പമുണ്ട്.

-അനന്യ.എസ്.

X D



## വൃദ്ധസദനത്തിലേക്ക് ....

അറിയാതെ പോയി ആ സ്നേഹത്തിൻ വെൺമ
ഇന്നിതാ പടിയിറങ്ങുന്നു.
അമ്മ എന്ന രണ്ടക്ഷരത്തിൻ വെൺമ
മനസ്സിനെ നോവിച്ചിടുന്നു.

അന്നമ്മ തന്ന മുലപ്പാലിൻ മാധുര്യം
ഇന്നിതാ നാവിലൂടോടുന്നു.
ഇനികിട്ടുകയില്ലെന്ന സത്യവും
എൻ മനസ്സിനെ തൊട്ടുണർത്തി.

കാലത്തിൻ ചക്രമോട്ടുന്നപോലെയെൻ
ജീവിതചക്രവും ഓടിടുന്നു.
അമ്മയില്ലാത്തൊരുജീവിതം
വെറും ചക്രമായിമാത്രം മാറിടുന്നു.

അമ്മയെകാണാൻ കഴിഞ്ഞിരുന്നെങ്കിൽ
എന്ന് ഞാൻ ഓർത്തുപോയിടുമോ
കഴിഞ്ഞകാലത്തിന്റെ സ്മരണകൾ
എന്നെനോവേൽപ്പിച്ചീടുമോ.

അറിയില്ല,അറിയില്ല ഒന്നുമറിയില്ല,
എല്ലാത്തിനും ഉത്തരം അമ്മയാണ്.
അമ്മയില്ലാത്തൊരു ജീവിതം
ധന്യമാകില്ല എന്നത് സത്യമാണ്.
ഇന്നിതാകൊണ്ടുപോകുന്നെന്റെ അമ്മയെ
വൃദ്ധസദനത്തിന്റെ തടവറയിൽ
ഇനിയെൻ അമ്മയെ കാണുമോ,അറിയില്ല
ജീവിതം സത്യമോ കള്ളമോ നശ്വരമോ

-ശിൽപ.ബി.എസ്.

X D



## പ്രപഞ്ചലാവണ്യം

കിനാവുതൻ വിശ്വത്തിൽനിന്ന് തഴുകിയുർത്താൻ
സ്പർശിച്ചു നേത്രത്തിൽ ഇനകിരണങ്ങൾ
അപ്പോൾ ശ്രവിച്ചുഞാൻ പ്രകൃതിതൻ
മധുരപ്രഭാത ഗാനാലാപനം.

കാട്ടുപൂഞ്ചോലതൻ കളകളനാദത്തോടൊപ്പം
കാനനഗായകരുടെ മധുരഗാനവും
ഇതുകേട്ടു നൃത്തംവയ്ക്കുന്ന തരുക്കളൊക്കെയും
ചില്ലക്കൈകളാൽ പൊഴിക്കുന്നു കാട്ടുകനികൾ.

ഇപ്പുലരിയിൽ ഇതൾവിരിച്ച
സുന്ദരസുരഭില സുമങ്ങളൊക്കെയും
അതിൻഗന്ധം വഹിക്കുന്നമാരുതൻ
സുഗന്ധംപരത്തുന്നു ഉദ്യാനമാകെയും.

തെളിഞ്ഞ വാനിൽ കണ്ണോടിച്ചുഞാൻ
കണ്ടു ശാന്തിയുടെ പ്രതിരൂപം.....
അതുകണ്ട് പുഞ്ചിരി തൂകുന്നു
പ്രകാശിക്കുന്ന പർവ്വതങ്ങളൊക്കെയും.

പുൽമെത്തയിൽ കിടന്നു ആസ്വദിപ്പൂഞാൻ


ഇപ്രപഞ്ചത്തിൻ മനോഹരദൃശ്യങ്ങൾ.

അഭ്രമിരുണ്ടുപോയ്,നിശബ്ദത പരന്നു
ചോലയിൽകാണുന്ന തെളിഞ്ഞ മതിമുഖം
ഇന്ദുപൊഴിക്കുന്ന ചന്ദ്രികയിൽ മുഴുകി
നിശയുടെ തലോടലിൽ നിദ്രയിലാണ്ടുപോയ്.

ചിന്തിക്കൂ! ഹാ! എന്തു സുഖപ്രദം
പ്രകൃത്യമ്പതൻ മധുര ലാവണ്യം.

-ഫാത്തിമ ഫർസാന.എസ്.

IX C



# നാടിന്റെ നന്മ

ആയിരം പടവുകൾ താണ്ടി ഞാൻ
എത്തവേ കണ്ടു  ഞാൻ കിനാവിൽ
ദൂരെയായ് ധരിണിതൻ സൗന്ദര്യം,
ആവോളമാരിലും മനതാരിൽ കുളിർമഴ
പെയ്യിക്കുന്നൊരാ ദൃശ്യചാരുത
അറിവിൻെറ അക്ഷരപ്പൂക്കൾ പെറുക്കുവാൻ
നേരത്തോ പുസ്തകത്താളിൽ കണ്ടു മറന്നു
നാം പാരിൽ അഴകിനെ എവിടെയോ
പോയി മറഞ്ഞൊരു സ്വപ്നമായ്
മാറാതെ മണ്ണിൽ മഹത്വം കാത്തുവെയ്ക്കാൻ
ഒരുതൈ നട്ടു നാം  കനകക്കതിർ
കൊയ്യും വയലോരങ്ങളിൽ മാതൃക ഭംഗിയും
നേടിയെടുക്കേണം ഒന്നായി നാം..........



ഫസീല.എഫ്

IX D

## ആദ്യമധുരം

സാന്ദ്രമാം സ്നേഹത്തിൻ നിത്യസൗന്ദര്യമോ
അമ്മതൻ കരുതലിൻ കാതുള്ളവെണ്മയോ
ആദ്യത്തെ തേൻമധുരം ഊട്ടുന്നുണ്ടമ്മ
ഉണ്ണിയാവെണ്മയെ നുകരുന്നുണ്ടമൃതമായ്
ഉണ്ണിയ്ക്കു ഭുവിലെയാദ്യത്തെ മധുരവും
അമ്മതൻ സ്നേഹത്തിൻ വാത്സല്യപൂരവും
കളിച്ചും ചിരിച്ചും സ്നേഹിച്ചും ലാളിച്ചും
പാലൂട്ടിവളർത്തിയയമ്മതൻ പൊന്നുണ്ണി....
അമ്മതൻ മഹിമയും അമ്മതൻ സ്നേഹവും
അമ്മ പകർന്നൊരാമ്മിഞ്ഞപ്പാലിൻ മധുരവും
അറിയുമോ ഉണ്ണീ ഓർക്കുമോ ഉണ്ണീ
അമ്മതൻ സ്നേഹത്തിൻ മധുരമാം ഓർമ്മകൾ....



-അമൂല്യ ബാബു
X E

## <u>വൃദ്ധരാകുന്ന തണൽമരങ്ങൾ</u>

ഇളംകാറ്റൊന്നു വീശീത്തലോടി
കായ്കനികൾ നൽകിക്കൊണ്ട്
പടർന്നുപന്തലിച്ചു നിന്നവർ
വൃദ്ധർ,സ്നേഹസമ്പന്നർ.

വൃദ്ധരാകുന്ന തണൽമരങ്ങൾ
കാരുണ്യത്തിൻ സൽമരങ്ങൾ
സ്നേഹത്തിൻ കടലായവർ
അറിവിന്റെ നിറകുടമായവർ.

കുഞ്ഞുനാളിൽ നമ്മെ വളർത്തി
കാക്കേ,പൂച്ചേ പാട്ടുകൾ പാടി
നമുക്കായ് രാത്രികൾ ഉറങ്ങാതെയവർ
ആറ്റുനോറ്റുനോക്കി അവർ.

ഇളംകാറ്റൊന്നു വീശീത്തലോടി
കായ്കനികൾ നൽകിക്കൊണ്ട്
പടർന്നുപന്തലിച്ചു നിന്നവർ
വൃദ്ധർ,സ്നേഹസമ്പന്നർ.

വൃദ്ധരാകുന്ന തണൽമരങ്ങൾ
കാരുണ്യത്തിൻ സൽമരങ്ങൾ
സ്നേഹത്തിൻ കടലായവർ
അറിവിന്റെ നിറകുടമായവർ.
കുഞ്ഞുനാളിൽ നമ്മെ വളർത്തി
കാക്കേ,പൂച്ചേ പാട്ടുകൾ പാടി
നമുക്കായ് രാത്രികൾ ഉറങ്ങാതെയവർ
കാർനീലച്ചേലുള്ള പൂക്കൾ പോലെ
ശോഭിച്ചുനിന്നവർ യൗവനത്തിൽ,
വാടിക്കരിഞ്ഞൊരാ പുല്ലുകൾ പോലെ
തളർന്നു പോയവർ വാർധക്യത്തിൽ
പ്രായം അവരെ വൃദ്ധരാക്കിയാലും
മനസ്സ് കുട്ടിത്തം നിറഞ്ഞതാണ്,
നാം വളർന്നു വലുതായാലും
കുഞ്ഞുങ്ങളെ പോലെ നോക്കുമവർ.
അച്ഛനമ്മമാരുടെ സ്നേഹം
അതിന് പകരം നൽകാനൊന്നുമില്ല
അത് മനസ്സിലാക്കാത്ത മക്കൾ നാം

അവരെ വൃദ്ധസദനങ്ങളിൽ തള്ളുന്നു.

അവർ തന്ന സ്നേഹവും വാത്സല്യവും
വിലകൽപിക്കാത്തവർ മക്കൾ
അവരുടെ കാരുണ്യത്തിൻ മാധുര്യവും
മനസ്സിലാക്കാത്തവർ മക്കൾ.
തൻമുറിപ്പാടുപൊത്തിപ്പൊതിഞ്ഞിടും
പഞ്ഞിയായ് നേർത്ത ശീലയായ് ചീന്തലായ്
മക്കൾ തൻ ജീവിതച്ചൂടിനെ വീശി
ത്തണുപ്പിക്കും മരതകക്കാറ്റാടികളാണവർ.
മക്കൾ തൻ ചില വാക്കുകളൊക്കെ
തുളച്ചുകയറുന്നവരുടെ നെഞ്ചിൽ
മക്കൾ തൻ ചില പ്രവൃത്തികളൊക്കെ
കുത്തികയറുന്നവരുടെ ഉള്ളിൽ.
നാം കാണുന്ന ദൈവമാണവർ
നാം ചൊല്ലുന്ന വാക്കുകളാണവർ
നമ്മളെ സ്നേഹിച്ചു വളർത്തിയവർ
ജീവനുതുല്യം നമ്മെ സ്നേഹിച്ചവർ.

ഇന്ന് നാം അവരെ ആട്ടിയോടിക്കും
നമ്മൾ തൻ സ്വന്തം ഭവനങ്ങളിൽനിന്ന്
ഇന്ന് നാം അവരെ ആക്ഷേപിക്കും
നമ്മൾ തൻ സ്വന്തം നാവുകൊണ്ട്.

മക്കൾ ഉപേക്ഷിച്ച വൃദ്ധർക്കുള്ള
അഭയകേന്ദ്രമാണ് വൃദ്ധസദനം
ആശ്രയമില്ലാത്ത ജനതക്കുള്ള
സ്നേഹവീടാണ് വൃദ്ധസദനം.

ഇത്രയേറെ ദ്രോഹങ്ങൾ
നാം ചെയ്തുകൂട്ടിയാലും
എല്ലാം ക്ഷമിക്കുന്നവരാണ്
വീടിൻ വിളക്കാം രക്ഷിതാക്കൾ.

മാതാപിതാക്കളെ വേദനിപ്പിച്ചാൽ
വിജയമില്ല കൂട്ടുകാരെ
അവരുടെ ഓരോ കണ്ണീർത്തുള്ളികളും
നമുക്ക് ശാപമായി മാറിയിരിക്കും.

വൃദ്ധരാം ജനത

സ്നേഹമാം ജനത
സത്യമാം ജനത അവർ
കാരുണ്യമാം ജനത.

ആ വൃദ്ധസദനത്തിനകത്തെ
ആ ഇരുണ്ട മുറിക്കുള്ളിൽ
യാതനകൾ അനുഭവിക്കുമ്പോഴും
യാതൊരു പരാതിയുമില്ലവർക്ക്.
സ്നേഹത്തിന്റെ നിറകുടമാണവർ
അറിവിന്റെ കടലാണവർ
കടലോളം സ്നേഹം ഉള്ളിലുള്ളവർ
വിജയത്തിൻ ചവിട്ടുപടിയായവർ.
ആ പടുവൃദ്ധരാം ജനതയുടെ
സംരക്ഷണം നമ്മുടെ കടമയാണ്
ഒത്തുചേരാം നമുക്കൊരുമിച്ച്
അവരെ സംരക്ഷിക്കാനായി.

മാതാപിതാക്കൾ ചേർന്നൊരാ
കണ്ണികളിലാണ് നാം ഉള്ളത്
അത് പൊട്ടിച്ചുകളയാതെ
കാത്തു സൂക്ഷിക്കേണ്ടവർ നാം.

സംരക്ഷിക്കു,രക്ഷിക്കു
അവരെ വൃദ്ധജനങ്ങളെ
സ്നേഹമാം കടലിനെ
വൃദ്ധരാകുന്ന തണൽമരങ്ങളെ.



-ആസിയ ജാസ്മിൻ.എൻ.എസ്
IX A

## ബാലവേല

പുസ്തകം പിടിക്കേണ്ട പിഞ്ചുകരങ്ങൾ
അണിയുന്നത് ആയുധം
ജീവിക്കുവാൻ പശിയകറ്റുവാൻ
ഇങ്ങനെയെത്ര അനാഥബാല്യങ്ങൾ
ഉടഞ്ഞുതീരുന്നു വഴിവക്കിൽ
നമുക്കുചുറ്റും,ആ തെരുവിൽ
എതിർക്കുവാൻ ശക്തിപോരാ
പിഞ്ചുകരങ്ങൾക്കിന്ന്.
തളർന്നുപോയാ മനസ്സും,കരങ്ങളും
പഞ്ഞിപോൽ മൃദുത്വമാം
കരങ്ങൾ പാറപോൽ
ഉറച്ചുപോയെന്നെന്നേക്കുമായി
ആജ്ഞാനുവർത്തികളായി-
ത്തീരുന്നു പിഞ്ചുബാല്യം.
എരിയുന്ന പണിശാലകളിൽ
അച്ഛനോ,അമ്മയോ,ഉറ്റവരോ

വിലപേശി വിൽക്കുന്നു പാതയിൽ
ബാല്യത്തിന്റെ സ്വപ്നങ്ങളെ.
ചിലപ്പോൾ അനാഥബാല്യം
അടിമകളായിത്തീരുന്നു.
ആർക്കോവേണ്ടിമാത്രമായ്
ഓർക്കുക അവരും ഒരമ്മതൻ,മക്കൾ
സ്വപ്നങ്ങളുള്ളവർ അവർ
ജീവിതമുള്ളവർ അവർ
ഉടച്ചെറിയുവാനുള്ളതല്ല
ഉയിർത്തെഴുന്നേൽക്കുവാനും
ജീവിക്കാനും ഉള്ളതാണോ ജീവിതം
ബാലവേലയെന്ന നരാധമന്
ബലിനൽകരുത്,ഭിക്ഷകൊടുക്കരുത്
പിഞ്ചുജീവനും,പിഞ്ചുബാല്യവും.



-ഷാനി.ജെ
എച്ച്.എസ്.ടി
**അറബിക്**

# എന്റെ ഗ്രാമം

ഗ്രാമീണസൗന്ദര്യമാസ്വദിച്ചിടുവാൻ,
നിങ്ങളും വരുന്നുവോ കൂട്ടുകാരേ.
പള്ളിയോടങ്ങൾ പാടികളിക്കുന്ന,
പമ്പയ്ക്കരികിലെ കൊച്ചുവീട്ടിൽ.
മുറ്റത്തുനിൽക്കുന്ന പച്ചിലതെങ്ങിന്റെ,
ഇളനീരു നൽകി ഞാൻ സ്വീകരിക്കാം.
പച്ചരിച്ചോറിനു സ്വാദ് പകരാനായ്,
പച്ചിലക്കറികളും കൂട്ടിരുന്നു.
പച്ചക്കതിരകൾ ഭാഗ്യമായെത്തുന്ന,
നാട്ടിൻപുറത്തുള്ളൊരാകൊച്ചുവീട്ടിൽ
മുത്തശ്ശി വയ്ക്കുന്ന നാടൻ വിഭവങ്ങൾ
ഒക്കെയും ചേർന്നൊരു സദ്യയുണ്ണാം....



സുൽത്താന.എ
IX C

## നിനക്കായ്...

ഏകാന്തരാവിൽ ദർശിച്ചതോ ഞാൻ
ദൂരെയെങ്ങോ മറയുന്ന നിൻ മുഖം....
ഈ ഭുവനം ദുഃഖത്തിലാണ്ടിപ്പോൾ
നിൻ മൗനം എന്നിലെ വേദനയായ്
എത്രയോ പകലുകൾ, സന്ധ്യകൾ
സ്വപ്നങ്ങളെത്ര ഞാൻ കണ്ടിരുന്നു....
നീയെന്നരുകിലെത്തും സുദിനത്തിനായ്
ദുഃഖം കലർന്നൊരെൻ ജീവിതം
നിൻ സാന്ത്വന സ്നേഹത്താൽ
പവിത്രമാക്കി തീർക്കാനൊരു മോഹം
നറുനിലാവിൽ നിൻ വദനം
സ്നേഹമാകുന്ന വെളിച്ചത്തിൽ തിളങ്ങി
തേടുന്നു ഞാനീ കറുത്ത രജനിയിൽ.....
നിൻ മൗനത്തിനർത്ഥമെന്തെന്ന്......



-ഹസ്ന റെയ്ഹാൻ.എസ്
IX C

## പ്രകൃതി മാതാവിന് വന്ദനം

വന്ദനം എന്റെ പ്രകൃതി
മാതാവേ.........
നീ എനിക്കെന്നും എന്റെ അമ്മയാണ്.........
വന്ദനം നൽകുന്നു എന്നും നിനക്കായ്........
എല്ലാം രക്ഷിപ്പതാണ് നിൻ ചിത്തം
എല്ലാം പറയുന്നതാണ് നിൻ
എന്നമ്മയും നിന്നമ്മയും എന്നുമെന്നും -ഒന്നുതന്നെ
ഞാനൊരു മനുഷ്യൻ നീയൊരു പ്രകൃതി
നമ്മൾ രണ്ടും ചേരും ഒരു ജീവി..........
നമ്മളെ രക്ഷിപ്പതാണ് ഭൂമി...........
ആ ഭൂമിയും നമ്മുടെ അമ്മയാണ്
നമ്മെ കാത്തുരക്ഷിക്കുന്നൊരമ്മയാണ്
പ്രകൃതി മാതാവേ നിനക്ക് ഞാൻ നൽകുന്നു.......
എൻ സ്നേഹവും ആനന്ദവും എൻ ജീവനും നിനക്കായ്
മാത്രം.....
നിൻ പച്ചയാണെൻ ജീവൻ തുടിപ്പ്......

-അഫ്സ്ലിന
IX D

## പൂമ്പാറ്റയോട്

പൂവിനു ചുറ്റും ചുറ്റിപ്പറ്റി-
പാറിനടക്കും പൂമ്പാറ്റേ,
പൂലതൻ കാലം പൂമധുതേടി
പാറിവരുന്നൊരു പൂമ്പാറ്റേ
പൂമധുവുണ്ട് പറക്കും നേരം-
കുഞ്ഞിപ്പൂവിനെ ഓർത്തിടുമോ?
'തേൻകഞ്ഞികുടിച്ചത് ' ഓർത്തിടുമോ?
പലവർണ്ണങ്ങളാൽ മെഴുകിയ
നിൻ ചിറകുകളാൽ എന്നെ
തലോടിയതോർക്കുന്നോ?
നിറവായ് വിടർന്ന പനിനീർ പൂവിൽ
നിന്നടർന്ന ചെറു ഇതളുകളും
വർണ്ണചിറകുകൾ വീശി എന്നെ
കാണാൻ വന്നിടുമോ?
പൂമധു നുകരാം ഞാനെന്നും



-ശ്രുതി.പി.ബി
X E

## പ്രകൃതി സ്പന്ദനം

മഞ്ഞിന്റെ മായാത്ത വിങ്ങലായ് മാറുന്നു
രാവിന്റെ നിത്യ സുഗന്ധമാകെ
പെയ്യുന്ന മധുവിൽ നിറയുന്ന ലോകമേ
പൂനിലാവിൽ മൃദു സ്പന്ദനങ്ങൾ
നെഞ്ചിൽ നിറയുന്ന പൂനിലാതുള്ളിയോ
ഓർമ്മതൻ മന്ദസ്മിതങ്ങളാകാം
വാനിൽ പറക്കുന്ന പക്ഷിതൻ താളമോ
ചെന്താമര പൂവിൻ കൊഞ്ചലാവാം
മായുന്ന  സന്ധ്യതൻ മാമയിൽ പീലികൾ
മായാത്ത സ്നേഹത്തിൻ സത്യമാകാം
വിടരുന്ന വർണ്ണ പുഷ്പങ്ങളൊക്കെയും
പോയകാലത്തിൻ വസന്തമാകാം.......



റുക്സാന.കെ.എസ്.
IX D

## മഴയുടെ നൊമ്പരം

ഇന്നലെപെയ്ത മഴയൊന്നു തോർന്നു,
കാറ്റായി കടലായി കാറായി മാത്രം.
അതാ ആ പുഴ കവിഞ്ഞൊഴുകുന്നു,
അതൊരു മഴയുടെ പുഞ്ചിരിയായിരുന്നു.

മേഘത്തിൻ കരച്ചിൽ കാൺകെ,
അട്ടഹസിക്കുമീ പുഴ.
വെള്ളത്താൽ നിറഞ്ഞൊഴുകും അവൻ,
ഇന്നൊരു മഴയുടെ കാവൽക്കാരൻ.

എന്നാൽ എന്നും ഈ കാഴ്ചയുടെ സൗന്ദര്യം,
ഇമ്പമായി ഈ മുറ്റത്തൊതുങ്ങി നിൽക്കില്ല.
വേനലിനെപരിഹസിക്കുമീമഴ,
ഇതാ മേഘത്തിൽ കുടുങ്ങി നിൽക്കുന്നു.

ഇന്നിന്റെ താളത്തെ നാളെയുടെ ഗീതത്തെ,

തകർക്കാൻ ഒരുങ്ങുന്ന മനുഷ്യരേ.
ഭൂമിയുടെ സൗന്ദര്യത്തെ നുകരാൻ,
മഴയെ നീ അനുവദിക്കാത്തതെന്തേ..?



സുൽത്താന.എ
IX C

# കൃതികൾ

# സഞ്ചാരസാഹിത്യകൃതികൾ

പാറമേക്കൽ തോമ്മാക്കത്തനാർ -വർത്തമാനപുസ്തകം

പി.മൊയ്തു ഹാജി - ഞാൻ കണ്ട അറേബ്യ

എൻ.എസ്.വഞ്ചിയൂർ -ഗൾഫ് ഡയറി

കെ.പി.കേശവമേനോൻ -ബിലാത്തി വിശേഷം

സർദാർ.കെ.എം.പണിക്കർ-ആപത്കരമായ ഒരു യാത്ര

ജോസഫ് മുണ്ടശ്ശേരി -ഒറ്റനോട്ടത്തിൽ

ഇ.എം.കോവൂർ -ബംഗാളിലൂടെ

കെ.സി.ചാക്കോ -ഇംഗ്ലണ്ടിലേക്ക്

സി.ബി.കുമാർ -ലണ്ടൻ കത്തുകൾ

കെ.മാധവൻനായർ -ഒരു ഹിമാലയ യാത്ര

തകഴി -അമേരിക്കൻ തിരശ്ശീല

വി.ആർ.കൃഷ്ണയ്യർ -അമേരിക്കൻ യാത്ര-ചിത്രങ്ങളും ചിന്തകളും

ഇ.എം.എസ്സ് -കമ്യൂണിസം കെട്ടിപ്പടുക്കുന്നവരുടെ കൂടെ

വി.കെ.മാധവൻകുട്ടി -മാറുന്ന ചൈന

എം.വി.പൈലി -റഷ്യയിലെ കാഴ്ചകളും അനുഭവങ്ങളും

കാക്കനാടൻ -കുടജാദ്രിയുടെ സംഗീതം, കുളിര് വേനൽ മഴ

എ.സുജനപാൽ -യുദ്ധസ്മരണകളിലൂടെ

കെ.ബാലകൃഷ്ണൻ -ഉണ്ടർട്ടിന്റെ നാട്ടിൽ

നിത്യചൈതന്യയതി -യാത്ര

അകവൂർ നാരായണൻ -അറിവുകൾ അനുഭൂതികൾ

എസ്.കെ.പൊറ്റക്കാട് -കാപ്പിരികളുടെ നാട്ടിൽ, ഇൻഡോനേഷ്യൻ ഡയറി ,നൈൽ ഡയറി, ഇന്നത്തെ യൂറോപ്പ്,പാതിരാസൂര്യന്റെ നാട്ടിൽ,സോവിറ്റ് ഡയറി,ബാലി ദ്വീപ്,നേപ്പാള്യാത്ര,ലണ്ടൻ നോട്ട് ബുക്ക്, കയ്റോകത്തുകൾ,കാശ്മീർ

എൻ.വി.കൃഷ്ണവാരിയർ -ഉണരുന്ന ഉത്തരേന്ത്യ, അമേരിക്കയിലൂടെ

വെട്ടൂർ രാമൻ നായർ -പുരി മുതൽ താസ്ക്ക് വരെ,
നിപ്പോൺ നൊ ഒമേയ്ദേ

എം. ടി. വാസുദേവൻനായർ -മനുഷ്യർ നിഴലുകൾ,
ആൾക്കൂട്ടത്തിൽ തനിയെ

സി. എച്ച്. മുഹമ്മദ്കോയ -കോലലമ്പൂർ
കെയ്റോ, ലോകം ചുറ്റിക്കണ്ടു, ലിബിയൻ
ജമാഹരിയയിൽ.

-സമർപ്പണം



ഫാത്തിമ ഫർസാന. എസ്.

IX C

# സാഹിത്യകാരന്മാരുംആത്മകഥകളും

സ്വദേശാഭിമാനി രാമകൃഷ്ണപിള്ള-എന്റെ നാടുകടത്തൽ

| | |
|---|---|
| ഇ.വി.കൃഷ്ണപിള്ള | -ജീവിതസ്മരണകൾ |
| കെ.എം.പണിക്കർ | -ആത്മകഥ |
| സി.കേശവൻ | -ജീവിതസമരം |
| കെ.പി.കേശവമേനോൻ | -കഴിഞ്ഞകാലം |
| മന്നത്തുപത്മനാഭൻ ജീവിതസ്മരണകൾ | -എന്റെ |
| പി.കേശവദേവ് | -എതിർപ്പ് |
| തോപ്പിൽ ഭാസി | -ഒളിവിലെ ഓർമ്മകൾ |
| ജോസഫ് മുണ്ടശ്ശേരി | -കൊഴിഞ്ഞ ഇലകൾ |
| എ.പി.ഉദയഭാനു | -അടുക്കളയിൽ നിന്നും പാർലമെന്റിലേക്ക് |
| വി.ടി.ഭട്ടതിരിപ്പാട് | -കണ്ണീരും കിനാവും |
| ചങ്ങമ്പുഴ കൃഷ്ണപിള്ള | -തുടിക്കുന്ന താളുകൾ |
| മാധവിക്കുട്ടി | -എന്റെ കഥ,നീർമാധളം |

പൂത്തരകാലം

ചെറുകാട് -ജീവിതപ്പാത

പി.കുഞ്ഞിരാമൻ നായർ -കവിയുടെ കാല്പാടുകൾ

എസ്.കെ.നായർ -മറക്കാത്ത കഥകൾ

ജി.ശങ്കരക്കുറുപ്പ് -ഓർമ്മയുടെ ഓളങ്ങൾ

തകഴി -ഓർമ്മയുടെ തീരങ്ങൾ

എം.കെ.കെ.നായർ -ആരോടും പരിഭവമില്ലാതെ

തിക്കോടിയൻ -അരങ്ങു കാണാത്ത നടൻ




ഫാത്തിമ ഫർസാന.എസ്.

IX C

# ചിത്രങ്ങൾ

# കാനനച്ചോല



സ്കൂൾതല ശാസ്ത്രമേളയിൽ ഡിജിറ്റൽ പെയിന്റിങ്ങിന്

ഒന്നാം സ്ഥാനം നേടിയ ചിത്രം.



**-മുഹമ്മദ് നാസിം.കെ.എസ്.**

IX C

# എന്റെ ഗ്രാമം



വിദ്യാരംഗം കലാസാഹിത്യവേദിയുടെ
ചിത്രരചനാമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ
ചിത്രം.



**മുഹമ്മദ് നാസിം.കെ.എസ്**

IX C

## സൂര്യാസ്തമയം




ശാസ്ത്രമേളയിൽ ഡിജിറ്റൽ പെയിന്റിങ്ങിന് ഒന്നാം സ്ഥാനം നേടിയ ചിത്രം.



**മുഹമ്മദ് നാസിം.കെ.എസ്**

IX C


# കാർട്ടൂൺ





മുഹമ്മദ് നാസിം.കെ.എസ്. IX C

## ഒരു വഴിയോരക്കാഴ്ച





**മുഹമ്മദ് നാസിം.കെ.എസ്.**



IX C

# ഒരു പ്രകൃതിദൃശ്യം



**ഫാത്തിമ ഷാനവാസ്**



IX E

# വിജനമായ ഗ്രാമവീഥി





**ഫാത്തിമ ഫർസാന.എസ്**

IX C



# നദിയോരസായാഹ്നം




**ഫാത്തിമ ഫർസാന.എസ്**

IX C



# ഭൂമിക്കൊരു കുട




**ഫാത്തിമ ഫർസാന.എസ്.**

IX C



# താഴ്വര




**മുഹമ്മദ് നാസിം.കെ.എസ്.**

IX C



# എന്റെ മരം




**ഹുസ്ന റെയ്ഹാൻ.എസ്.**

IX C



# ഒരു പ്രകൃതിദൃശ്യം



**സാന്ദ്ര.പി.ബി**

IX C



# ഒരു സന്ധ്യാസമയം



**സാന്ദ്ര.പി.ബി**

IX C



# ജീവചരിത്രം

## ജോൺ കീറ്റ്സ്

ലണ്ടനിൽ ഫ്രാൻസിസ് ജന്നിംഗ്സ് കീറ്റ്സിന്റെയും തോമസ് കീറ്റ്സിന്റെയും പുത്രനായി 1795 ഒക്ടോബർ 31-ന് കീറ്റ്സ് ജനിച്ചു.അദ്ദേഹം എൻഫീൽഡ് അക്കാഡമിയിലായിരുന്ന അവസരത്തിൽ പിതാവ് മരണമടഞ്ഞു.14 -വയസ്സ് ഉള്ളപ്പോൾ അമ്മയും മരിച്ചു.
അവരുടെ മരണത്തെ തുടർന്ന് കീറ്റ്സ് ഒരു സർജൻെറ
സഹായിയായി നിൽക്കുകയും ലണ്ടൻ ആശുപത്രിയിൽ വച്ച് വൈദ്യശാസ്ത്രരംഗം പഠിക്കുകയും ചെയ്തു. 1817-ൽ വൈദ്യശാസ്ത്രരംഗം ഉപേക്ഷിച്ച് കവിത ജീവിതാന്വേഷണമായി തിരഞ്ഞെടുത്തു.'ദി എക്സാമിനർ' എന്ന കീറ്റ്സിന്റെ കവിത ഒരു ആഴ്ചപത്രത്തിൽ പ്രസിദ്ധീകരിച്ചു.1817-ൽ അദ്ദേഹത്തിന്റെ ആദ്യ പ്രസിദ്ധീകരണമായ 'പോയംസ് ' പുറത്തിറങ്ങി.രണ്ടാമത്തെ വാല്യം 'എൻഡിമിയർ' 1818-ൽ പ്രസിദ്ധീകരിക്കപ്പെട്ടു.1818-ൽ

സഹോദരനായ ടോം മരണമടഞ്ഞപ്പോൾ കവിതാരചനയിൽ ആശ്വാസം കണ്ടെത്തിയ കീറ്റ്സിന്റെ മഹത്തായ സൃഷ്ടികൾക്ക് ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു.

'ദി ഈവ് ഓഫ് സെന്റ് അഗ്നസ് 'ലാബെല്ലെ ഡയിം','ലാമിയ',പ്രശസ്തമായ 'ഓഡ്സ് ' എന്നീ സമാഹാരങ്ങൾ,'ബ്രൈറ്റ്സ്റ്റാർ',പോലുള്ള മനോഹരങ്ങളായ കാവ്യങ്ങൾ ഈ സമയത്ത് രചിക്കപ്പെട്ടവയാണ്.1820-ൽ ക്ഷയരോഗത്തിന്റെ പിടിയിലമർന്ന കീറ്റ്സിന്,അടുത്ത ശൈത്യകാലം പിന്നിടാനാവില്ല എന്ന് ഡോക്ടർ മുന്നറിയിപ്പ് നൽകുകയും അദ്ദേഹം ഇറ്റലിയിലേക്ക് മടങ്ങുകയും ചെയ്തു.1821 ഫെബ്രുവരി 23-ന് കീറ്റ്സ് എന്ന അപൂർവ്വ പ്രതിഭ കാല യവനികയ്ക്കുള്ളിൽ മറഞ്ഞു.



സുൽത്താന.എ
IX C

## ഒ.എൻ.വി.കുറുപ്പ്

മലയാളകവിതയുടെ ഹൃദ്യവും മനോഹരവുമായ ഭാവമാണ് ഒ.എൻ.വി. കവിതകളിൽ തെളിഞ്ഞു കാണുന്നത്. ഒറ്റപ്ലാവിൽ നീലകണ്ഠൻ വേലുക്കുറുപ്പ് എന്ന ഒ.എൻ.വി. 1931 മെയ് 27-*ന്* കൊല്ലത്ത് ചവറ എന്ന പ്രദേശത്ത് ജനിച്ചു.മഹാകവി ജി.ശങ്കരക്കുറുപ്പിന് ശേഷം മലയാള കവിതയ്ക്ക് ജ്ഞാനപീഠ പുരസ്കാരം ലഭിക്കുന്നത് ഒ.എൻ.വി. യിലൂടെയാണ്.ആദ്യ കവിതാ സമാഹാരം '*പൊരുതുന്ന സൗന്ദര്യം*' *1949-ൽ* പുറത്തു വന്നു. '*മുന്നോട്ട്* 'ആയിരുന്നു ആദ്യ കവിത. മാറ്റവിൻ ചട്ടങ്ങളെ,ദാഹിക്കുന്ന പാനപാത്രം,അക്ഷരം,ഉപ്പ്, ശാർങ്ഗകപ്പക്ഷികൾ,കറുത്തപക്ഷിയുടെ പാട്ട് തുടങ്ങിയവയാണ് കൃതികൾ.ചലച്ചിത്രങ്ങൾക്കുവേണ്ടി ആയിരത്തിലധികം ഗാനങ്ങളെഴുതി.കേരള സാഹിത്യ അക്കാഡമി അവാർഡ്,കേന്ദ്രസാഹിത്യ അക്കാഡമി അവാർഡ്,വയലാർ അവാർഡ്,

എം.കെ.കെ.അവാർഡ്, പന്തളം കേരളവർമ്മ അവാർഡ്,പത്മശ്രീ എന്നിവ നേടി.ഏറ്റവും നല്ല ചലചിത്ര ഗാനരചയിതാവിനുള്ള പുരസ്കാരവും നേടിയിട്ടുണ്ട്.അദ്ദേഹം 2016 ഫെബ്രുവരി 13-ന് ഈ ലോകത്തോട് വിട പറഞ്ഞു.



-ഹസ്ന റെയ്ഹാൻ.എസ്.

IX C

## പൗലോ കൊയിലോ

ലോകപ്രശസ്ത ബ്രസീലിയൻ സാഹിത്യകാരൻ.1947 —ൽ റിയോ ഡി ജനീറോയിൽ ജനിച്ചു. നാടകകൃത്തും നാടക സംവിധായകനുമായിരുന്നു ആദ്യകാലത്ത്. ഗായകസംഘങ്ങൾക്കുവേണ്ടി പാട്ടെഴുതിയിരുന്നു. പിന്നീട് പത്രപ്രവർത്തകനായും ടെലിവിഷൻ സീരിയലിന്റെ തിരക്കഥാകൃത്തായും പ്രവർത്തിച്ചു. ദ പിൽഗ്രിമേജ്,ദ ആൽക്കെമിസ്റ്റ്,ബ്രിഡ,ദ ഫിഫ്ത്ത് മൗണ്ടയൻ,ഇലവൻ മിനിട്ട്സ്,വെറോണിക്ക ഡിസൈഡഡ് ഡൈ,ദ വിന്നർ സ്റ്റാൻഡ്സ് എലോൺ തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.



സുൽത്താന.എ

IX C


## ഇടശ്ശേരി ഗോവിന്ദൻ നായർ

മലയാള കവിതയിലെ കാല്പനിക വസന്തത്തിന് ഇടശ്ശേരി യാഥാർത്ഥ്യത്തിന്റെ കണ്ണുകൾനൽകി. വൈലോപ്പിള്ളി ശ്രീധരമേനോനോടൊപ്പം ഇടശ്ശേരിയും ചേർന്നാണ് ആധുനിക മലയാള കവിതയക്ക് വേണ്ട നിലമൊരുക്കിയത്. യാന്ത്രിക നഗര സംസ്കാരത്തോടുള്ള വിപ്രതിപത്തി, ഗ്രാമീണ ജീവിതത്തിന്റെ ദുരിതം, സ്ത്രീസമത്വബോധം, മേൽക്കോയ്മ ശക്തികൾക്കെതിരായ പ്രതിരോധം തുടങ്ങിയവ അദ്ദേഹത്തിന്റെ കവിതയുടെ ധാതുക്കളാണ്. പുത്തൻ കലവും അരിവാളും, പൂതപ്പാട്ട്, കുറ്റിപ്പുറം പാലം, നെല്ലുകുത്തുകാരി പാറുവിന്റെ കഥ, കാവിലെപ്പാട്ട് തുടങ്ങിയവ അതിപ്രശസ്തമായ കൃതികളാണ്.

-ജാൻസ

IX A

# <u>ആൽബർട്ട് ഐൻസ്റ്റീൻ</u> (1879-1955)



ആപേക്ഷികതാസിദ്ധാന്തത്തിലൂടെ പ്രശസ്തനായ ജർമ്മൻ ഭൗതികശാസ്ത്രജ്ഞൻ. ജനനം-1879 മാർച്ച് 14-ന് ജർമ്മനിയിലെ ഉല്മ് നഗരത്തിൽ. സംഗീതം, ഗണിതശാസ്ത്രം, ശാസ്ത്രം എന്നിവയിൽ കുട്ടിക്കാലത്തെ അഭിരുചികൾ വളർന്നു.12-ാം വയസ്സിൽ തന്നെ പ്രപഞ്ച രഹസ്യങ്ങൾ അറിയാനുള്ള തൃഷ്ണ പ്രകടിപ്പിച്ചു തുടങ്ങി. 1900-ൽ സൂറിച്ചിലെ പോളിടെക്നിക് അക്കാഡമിയിൽ നിന്നും ഭൗതികശാസ്ത്രത്തിൽ ബിരുദം സമ്പാദിച്ചു. 1905-ൽ ഒരു ജർമ്മൻ ഭൗതികശാസ്ത്ര

മാസികയിൽ A New Determination of Molecular Dimensions എന്ന ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിക്കുകയും അതിന് സൂറിച്ച് സർവകലാശാലയിൽ നിന്നും ഡോക്ടറേറ്റ് ബിരുദം കിട്ടുകയും ചെയ്തു. 1909-ൽ സൂറിച്ച് സർവകലാശാലയിൽ ഭൗതികശാസ്ത്ര പ്രൊഫസ്സറായി. 1913-ൽ കൈസർ വിൽഹെം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ. 1914-ൽ പ്രേഷ്യൻ സയൻസ് അക്കാദമി അംഗം. 1916-ൽ 'The Foundation of General Theory of Reality' പ്രസിദ്ധീകരിക്കപ്പെട്ടു. 'ഫോട്ടോ ഇലക്ട്രിക് നിയമ'ത്തിന്റെ കണ്ടുപിടിത്തത്തിന് 1921-ലെ നോബൽ സമ്മാനം ലഭിച്ചു. 20 വർഷത്തിലേറെക്കാലം അദ്ദേഹം യു.എസ്സിൽ ജീവിച്ചു. അണുബോംബ് നിർമ്മാണത്തിന് അമേരിക്കയെ സജ്ജമാക്കാനുള്ള 'മൻഹറ്റൽ പദ്ധതി'ക്ക് ഐൻസ്റ്റീനാണ് മുൻകയ്യെടുത്തത്. എന്നാൽ 1945-ലെ ഹിരോഷിമ ആറ്റംബോംബിടീൽ വാർത്ത അറിഞ്ഞതോടെ യുദ്ധത്തിന്റെ കെടുതികൾ

ഒഴിവാക്കാനും അദ്ദേഹം ആരംഭിച്ചു. ദ്രവ്യമാനവും ഊർജവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുവാൻ ഐൻസ്റ്റൈൻ കണ്ടുപിടിച്ച സമവാക്യം ($E=mc^2$) ശാസ്ത്രരംഗത്ത് ദൂരവ്യാപക ഫലങ്ങൾ ഉളവാക്കി. ന്യൂട്ടൻ പറഞ്ഞതുപോലെയുള്ള ഒരു 'ബല'മല്ല ആകർഷണമെന്നും അത് 'സ്ഥലകാലാവിച്ഛന്നത' (space-time-continuum)യിലെ ഒരു വക്രമേഖലയാണെന്നും(Curved Field), തന്റെ പ്രസിദ്ധമായ 'ആപേക്ഷികതാസിദ്ധാന്ത'ത്തിൽ ഐൻസ്റ്റീൻ സ്ഥാപിച്ചു.

1955 ഏപ്രിൽ 18-ന് അദ്ദേഹം ലോകത്തോട് വിട പറഞ്ഞു.



മുഹമ്മദ് നാസിം.കെ.എസ്

IX C

# പഴഞ്ചൊല്ലുകൾ

# പഴഞ്ചൊല്ലുകൾ

## മഴ

- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം.
- ചെമ്മാനം കണ്ടാലമ്മാനം മഴയില്ല.
- അന്തിക്കുവന്ന വിരുന്നും മഴയും ഒരുപോലെ.
- മകരത്തിൽ മഴപെയ്താൽ മലയാളം മുടിയും.
- ചിങ്ങത്തിലെ മഴ ചിരിച്ചും കരഞ്ഞും.
- തിരുവാതിരയിൽ നൂറു മഴയും നൂറു വെയിലും.
- മഴ നിന്നാലും മരം പെയ്യും.
- മഴ പെയ്താൽ പുഴ അറിയും.
- ഇടവപ്പാതി കഴിഞ്ഞാൽപ്പിന്നെ കുടചൂടാതെ നടക്കരുതാരും.
- ചിങ്ങത്തിലെ മഴ തെങ്ങിനു നന്ന്.

## ഓണം

- ഓണം കഴിഞ്ഞാൽ ഓണപ്പുര ഓട്ടപ്പുര.
- ഓണത്തിനിടയ്ക്കാണോ പുട്ടുകച്ചോടം.
- ഓണത്തേക്കാൾ വലിയ മകമുണ്ടോ?

- ഓണംപോലെയാണോ തിരുവാതിര?
- ഓണമുണ്ട വയറേ ചൂളംപാടിക്കിട.
- ഓണാട്ടൻ വിതച്ചാൽ ഓണത്തിനു പുത്തരി.
- കാണം വിറ്റും ഓണം ഉണ്ണണം.

<u>കൃഷി</u>

- അമരത്തടത്തിൽ തവള കരയണം.
- ചന്തയിൽ വെള്ളരി നടില്ല.
- ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴയ്ക്കും.
- തഞ്ചത്തിനു വളംവേണ്ട,വളത്തിനു തഞ്ചം വേണ്ട.
- പൂയത്തിനു മഴപെയ്താൽ പുല്ലും നെല്ലും.
- കതിരിന്മേൽ വളം വയ്ക്കരുത്.
- വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.
- അയലത്തു വിളയിടണം.
- കളപറിക്കാഞ്ഞാൽ വിളകാണാ.
- സമ്പത്തുകാലത്ത് തൈ പത്ത് വെച്ചാൽ ആപത്തുകാലത്ത് കാ പത്ത് തിന്നാം.
- വിത്തുഗുണം പത്തുഗുണം.
- മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ല.

- മണ്ണറിഞ്ഞ് വിത്തിടുക.
- മുളയിലറിയാം വിള.
- ഒന്നു ചീഞ്ഞാൽ മറ്റൊന്നിനു വളം.
- വിത്താഴം ചെന്നാൽ പത്തായം നിറയും.
- ആറ്ററിഞ്ഞാലേ നീറ്ററിയൂ.

-സമർപ്പണം(ഫാത്തിമ ഫർസാന.എസ്)

IX C



# യാത്രാനുഭവങ്ങൾ

# എന്റെ യാത്ര....

24–04-2017 ൽ എന്റെ കുടുംബക്കാരോടൊപ്പം എറണാകുളത്തേക്ക് പോയി.ആലപ്പുഴ വഴിയാണ് ഞങ്ങൾ യാത്ര ചെയ്യ്തത്.പൂക്കളും, തോടുകളും,ആറുകളും താറാക്കൂട്ടങ്ങളാലും നീണ്ടപ്പെട്ടതാണ് ആലപ്പുഴയിലെ കുട്ടനാട്.നമ്മൾ ആദ്യം ആലപ്പുഴ ബീച്ചിൽ പോയി.അവിടെ പത്തുമണിയോടെയാണ് എത്തിയത്.അവിടെ നിന്ന് ഞങ്ങൾ കൊണ്ടുപോയ ഭക്ഷണം കഴിച്ചു.പിന്നീട് ബീച്ചിലേക്ക് നടന്നു. ഞാൻ എന്റെ സഹോദരിയോടൊത്ത് നടന്നു.അപ്പോൾ ഞങ്ങളെ വരവേൽക്കാൻ അമ്മമാരെപ്പോലെ തിടുക്കത്തിലായിരുന്നു കടലും.ആ അമ്മയുടെ കൈകൾ ഞങ്ങളുടെ അടുത്ത് കണ്ണീരോടെ വന്നു.ഞങ്ങളെ വാരിപ്പുണർന്നു.അവിടെ നിന്ന് അനങ്ങാൻ കഴിയാത്ത വിധം ചുറ്റിപ്പിണഞ്ഞു കിടന്നു.ഒരു രാക്ഷസനെപ്പോലെ പെട്ടെന്ന് ആ

മാതാവിന്റെ കൈകൾ മറ്റൊന്നായി പാഞ്ഞു വന്നു,എന്റെ സഹോദരിയെ എന്നിൽ നിന്ന് അകറ്റാൻ നോക്കി.'ദൈവത്തിന്റെ വിരലുകൾ' അതിൽ നിന്നും അവളെ രക്ഷപ്പെടുത്തി.അങ്ങനെ തണുത്തുവിറച്ച ഞങ്ങൾ ഉപ്പുവെള്ളത്തിൽ നിന്നും വേർപെടുന്ന ഉപ്പുപോലെ തിരമാലയിൽ നിന്ന് വേറിട്ട് ഞങ്ങൾ പോയി.അവിടെ പണ്ടുകാലത്തെ കഷ്ടപ്പാടുകളും അവരുടെ തൊഴിൽ രീതികളും കാണാൻ കഴിഞ്ഞു.അവിടെ നിന്ന് ഞങ്ങൾ തിരിച്ചപ്പോൾ ആ കടലമ്മ ഞങ്ങളെ ഓർത്ത് അലതല്ലുന്നതായി കണ്ടു.

അങ്ങനെ എറണാകുളം മട്ടാഞ്ചേരിയിലേക്ക് പോയി.പോകുന്ന  വഴിയിൽ തലയെടുപ്പോടെ നിൽക്കുന്ന സത്യത്തെ സ്വതന്ത്രമാക്കുന്ന ഹൈക്കോടതിയുടെ എതിർവശം കാണാൻ കഴിഞ്ഞു.വീണ്ടും ഞങ്ങൾ മ്യൂസിയത്തിലേക്ക് പോയി.രാജാക്കന്മാരുടെ കാലത്ത് പുരാവസ്തുക്കളാണതെന്ന് വാതിൽക്കൽ നിന്ന്മനസ്സിലാക്കി. അകത്തുകയറിയപ്പോൾ അവരുടെ പല്ലുകളും,ആഭരണങ്ങളും,വസ്ത്രങ്ങളും

കാണാം.കൂടാതെ അവരുടെ സഭയും യുദ്ധകാലത്ത് ചോരകൾ ചീന്തിച്ച ആയുധങ്ങളും,പീരങ്കികളും,കുറ്റം ചെയ്തവരെ തൂക്കിലേറ്റുന്ന തൂക്കുമരവും കാണാൻ കഴിഞ്ഞു.അവിടെ നിന്ന് കുറച്ചകലെയുള്ള മാൻപാർക്കിലേക്ക് പോയി.ആദ്യം ഒരു മാൻപേടയെ പോലും കാണാൻ കഴിഞ്ഞില്ല.വീണ്ടും ഉള്ളിലേക്ക് നടന്നു.അപ്പോഴാണ് ഞങ്ങൾക്ക് വ്യത്യസ്തയിനം മാനുകളെ കാണാൻ കഴിഞ്ഞത്.ബോട്ടിങ്ങിനായി മറൈൻഡ്രൈവിലേക്ക് പോയി.

കടലും കായലും പരസ്പരം ഇണചേർന്ന് കിടക്കുകയാണ്.ബോട്ടിങ്ങിനായി ബോട്ടിൽ കയറി യാത്ര തുടങ്ങി.ആദ്യം ഭയമായിരുന്നു.പിന്നെ ആ ഭയം തണുത്ത കാറ്റിനോട് അലിഞ്ഞുചേർന്നു.ഞങ്ങൾ ഡോൾഫിൻ പോയിന്റിലെത്തി.അവിടെ തുള്ളിച്ചാടുന്ന ഡോൾഫിനുകളെ കണ്ടു.മൈ ബോസ് എന്ന സിനിമയിലെ ദിലീപിന്റെ വീടായി ചിത്രീകരിച്ചിരിക്കുന്നത് ഒരു ഹോട്ടലാണ്.അത് കാണാൻ കഴിഞ്ഞു.ഒരു ബ്രിട്ടീഷുകാരന്റെ പേരിൽ

നിർമ്മിക്കപ്പെട്ട മണ്ണമാന്തി കപ്പലും,കണ്ടെയ്നറുകൾ ഉള്ള സ്ഥലങ്ങളും കാണാൻ കഴിഞ്ഞു.അവിടെ നിന്ന് ഞങ്ങൾ മടങ്ങുംവഴി ഷാർജ കഴിച്ചു.അറബിക്കടലിന്റെ തിരമാലകലെ കാണാൻ കഴിഞ്ഞു.

ബോട്ടിംങ് കഴിഞ്ഞ് കേരളത്തിലെ വലിയ ഷോറൂമുകളിൽ ഒന്നായ ലുലുമാളിൽ പോയി.അവിടെ എല്ലാം ഓരോ സെക്ഷനുകളായി തിരിച്ചിരിക്കുകയായിരുന്നു.അതെല്ലാം ഇമവെട്ടാതെ നോക്കി നിൽക്കേണ്ട കാഴ്ചകളാണ്.അവിടുത്തെ കാഴ്ചകൾ എത്ര പറഞ്ഞാലും തീരില്ല.കാരണം അത് ആസ്വദിച്ച് അറിയേണ്ട ഒന്നാണ്.തേനിന്റെ മാധുര്യം കണ്ടല്ല രുചിച്ചാണ് അറിയേണ്ടത് എന്ന പോലെയാണ് ആ കാഴ്ചകൾ.ഇത് മനസ്സിൽ നിന്ന് ഒരിക്കലും മാഞ്ഞുപോവില്ല....

-റംസാന.എൻ.

X D



## മഴവിരുന്ന്

ഒരു പ്രവൃത്തിദിവസം.സൂര്യൻ കണ്ണുതുറന്നപ്പോഴേ വിണ്ണ് കണ്ണുനീർത്തുള്ളുകൾ പൊഴിച്ചുതുടങ്ങി.വാനിൽനിന്നും മുടിയഴിച്ചിട്ട കാർമേഘത്തിന്റെ ചറപറമഴ. പുറത്തുപോകണമായിരുന്നു.മഴനനയാതിരിക്കാൻ കുടയെ ആശ്രയിക്കേണ്ടിവന്നു.കുട നിവർത്തി പുറത്തേക്ക് കാൽവെച്ചു.പതുക്കെ നടന്നു.എങ്ങും മഴവെള്ളത്തിന്റെ നൃത്തംചവിട്ടലും താളംപിടിക്കലും. കാറ്റിൽ ആടിയുലയുന്ന തരുക്കളും വല്ലികളും.പോകുന്ന വഴിയിൽ വയൽവരമ്പ് കടക്കണമായിരുന്നു.ചെറുപുല്ലുകളെ വിഴുങ്ങി കുത്തിയൊഴുകുന്ന ചുവന്ന വെള്ളം. കല്ലുകളെയും പാറകളെയും കാര്യമാക്കാതെ പതഞ്ഞ് നുരഞ്ഞ് കലങ്ങി ശക്തമായി ഒഴുകുന്ന മഴവെള്ളം.ആ വെള്ളം വരമ്പിനെയും വിഴുങ്ങി ഇരു കാലുകളെയും മൂടി.അതിശക്തമായ കാറ്റ് കുടയെ തള്ളിനീക്കി.വയൽ കടന്ന് നടവഴിയിൽ എത്തി.കുറച്ചുദൂരം നടന്നു. വാനിന്റെ കണ്ണുനീർ തോർന്നു.സൂര്യൻ തെളിഞ്ഞു. അത് മലരുകളുടെ മേൽ പ്രതിഫലിച്ചു.കുളിരണിഞ്ഞ


പ്രകൃതി അത് കണ്ട് പുഞ്ചിരിച്ചു.പക്ഷികൾ നവമധുര-
ഗാനം പൊഴിച്ചു.പുല്ലിൻതുമ്പിൽ വെള്ളിരത്നം തിളങ്ങി.
തെളിഞ്ഞ പാത .നടവഴിയിൽ കെട്ടിക്കിടന്ന
ചെറുതടാകങ്ങളിൽ മഴവിൽകിരീടം രൂപപ്പെട്ടു.മന്ദമാ-
രുതൻ പുതുസുഗന്ധവുമായി മെല്ലെ തഴുകിത്തലോടി
കടന്നുപോയി.മണ്ണിൽ നിന്നും കുഞ്ഞ് അതിഥികൾ
എത്തിനോക്കി.എങ്ങോ എവിടെയോ പുതുജീവൻ
വിടർന്നു.എവിടെയും ശാന്തം, സമാധാനം.



ഫാത്തിമ ഫർസാന.എസ്

IX C

# ഒരു വർണ്ണക്കാഴ്ച



ഒരിക്കൽ അവധിക്കാലം ആഘോഷിക്കുന്നതിനായി ഞങ്ങൾ പൊന്മുടിയിലേക്ക് പോയി. ഒരു ദിവസം അവിടുത്തെ ഗസ്റ്റ്ഹൗസിൽ താമസിച്ചു. അവിടെനിന്ന് നേരെ നോക്കിയാൽ കാണുന്നത് ഒരുപാട് പർവതനിരകൾ. ഏറ്റവും മുൻപിലുള്ളത് നല്ലതുപോലെ ദൃശ്യമായിട്ടുണ്ട്. എന്നാൽ, പിന്നോട്ട് പോകുംതോറും മഞ്ഞിനാൽ അത് മൂടപ്പെട്ടുകിടക്കുന്നു. അവിടെ എന്നെ ഏറെ അത്ഭുതം കൊള്ളിച്ചത് ഒരു

വർണ്ണക്കാഴ്ചയായിരുന്നു. പിറ്റേ ദിവസം പ്രഭാതത്തിൽ പർവതത്തിനു മുകളിലുള്ള ആകാശം ഇളം വയലറ്റ് നിറത്തിൽ കിടക്കുന്നു.പതുക്കെ പതുക്കെ അത് പ്രകാശത്തോടെ തെളിഞ്ഞുവരുന്നു.അതിനോടൊപ്പം സൂര്യൻ ഉയർന്നുവരുന്നു.ആകാശം തെളിയുന്നു.നീണ്ടവരകളായി കാണപ്പെട്ട മേഘശകലങ്ങൾക്കിടയിൽ സൂര്യൻ പ്രഭചൊരിഞ്ഞ് നിൽക്കുന്നു.സൂര്യന്റെ ആ ഇളംചുവപ്പ് നിറം എല്ലായിടത്തും ഒരുപോലെ പ്രതിഫലിക്കുന്നുണ്ടായിരുന്നു.

-ദേവിക.സി.

IX C



# എന്റെ യാത്ര അനുഭവം

ഒരു മഞ്ഞ് നിറഞ്ഞ ശിശിര മാസത്തിൽ കാടും മലയും കടന്ന് ഞാൻ മൂന്നാറിൽ എത്തി.അവിടത്തെ മൂടൽ മഞ്ഞിന്റെ മാധുരിയിൽ ആ മനോഹര കാഴ്ച ഞങ്ങൾ എല്ലാവരും കണ്ടുനിന്നു . ഹരിതാഭമായ ഭൂമിയെ സൂചിപ്പിക്കുന്ന നിറമായ പച്ച നിറത്തിലുള്ള മൈതാനം.ഒരു വശത്തുകൂടി തണുത്ത് ഉറഞ്ഞ് ഒഴുകുന്ന നദി മറുവശത്തായി പൂത്തുലഞ്ഞ് നിൽക്കുന്ന പല നിറത്തിലുള്ള പൂക്കൾ. മനോഹരമായ നദീതീരത്തു നിൽക്കുന്ന പൂക്കൾ വളരെ ഭംഗി ആർജിച്ചിരുന്നു. നദിയിലേക്ക് ചായ്ഞ്ഞു കിടക്കുന്ന മരം അതിൽ നിറയെ ചുവപ്പ് നിറത്തിലുള്ള പൂക്കൾ. അവിടെ നിറയെ മഞ്ഞു നിറഞ്ഞുനിന്നിരുന്നു. പൂമൊട്ടിൻ തുമ്പത്തും ഇലത്തുമ്പിലും നിറയെ മഞ്ഞിൻകണങ്ങൾ. ആളുകൾ ആ മനോഹര കാഴ്ച കൃമറക്കുള്ളിൽ പകർത്താൻ ശ്രമിക്കുന്നുണ്ടായിരുന്നു. ആ കാഴ്ചയാണ് പ്രകൃതിയിലെ എറ്റവും മനോഹര ദൃശ്യം.ആരും ആ ദൃശ്യം മനസ്സെന്ന കൃമറയിൽ നിന്നും ഒരിക്കലും മായ് ച്ചുകളയില്ല.കാരണം അതാണ് നമ്മുടെ പ്രകൃതിയുടെ

**സൗന്ദര്യം.**

സാന്ദ്ര.പി.ബി
IX C



# ലേഖനങ്ങൾ

## ഭൂമിക്കൊരു കുട

മനുഷ്യർക്കാവശ്യമായ ചൂടും വെളിച്ചവും തരുന്ന സൂര്യൻ അതിനൊപ്പം ജീവജാലങ്ങളെ നശിപ്പിക്കാൻ കഴിവുള്ള മാരകമായ അൾട്രാ വയലെറ്റ് രശ്മികളും നൽകുന്നുണ്ട്. വിനാശകാരികളായ ഈ രശ്മികളിൽ 99 ശതമാനത്തെയും താഴേക്ക് കടത്തിവിടാതെ ഭൂമിയുടെ സംരക്ഷണത്തിലും ഭൗമോപരിതലത്തിലെ താപനില നിയന്ത്രിക്കുന്നതിലും ഓസോൺ പാളി പങ്ക് വഹിക്കുന്നു.

അന്തരീക്ഷത്തിൽ വളരെ ചെറിയ അളവിൽ കാണുന്ന ഒന്നാണ് ഓസോൺ . മൂന്ന് ഓക്സിജൻ ആറ്റങ്ങൾ ചേർന്നുണ്ടാകുന്ന വാതകമാണ് ഓസോൺ. മണക്കാനുള്ളത് എന്ന അർഥം വരുന്ന ഓസീൻ എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് ഓസോൺ എന്ന പേര് ലഭിച്ചത് . രൂക്ഷഗന്ധമുള്ള ,ആരോഗ്യത്തിന് ഹാനികരമായ വാതകവുമാണിത്. അന്തരീക്ഷത്തിലെ ഓസോണിന്റെ അളവ് കണക്കാക്കാൻ ഉപയോഗിക്കുന്ന ഏകകമാണ് ഡോബ്സൺ യൂണിറ്റ്.

അന്തരീക്ഷത്തിലെ അളവ് 300 (DU) ആണ്.

ഇപ്പോൾ ഓസോൺ ദ്വാരത്തിന്റെ സ്ഥിതി വളരെ ആശ്വാസകരമാണ്.2005 ൽ ഉണ്ടായ ഓസോൺ ദ്വാരത്തെക്കാൾ 20 ശതമാനം കുറവായിരുന്നു 2016 ലെ വലുപ്പം. 2018 ൽ ഇതിലും കുറഞ്ഞുവെന്നാണ് കണക്ക്. ശരിയായ കണക്ക്കൂട്ടലുകൾ നടക്കുന്നതേയുള്ളൂ. നാസയിലെ അന്തരീക്ഷശാസ്ത്രജ്ഞനായ ഡോ സൂബൻ സുഹന്റെ അഭിപ്രായത്തിൽ നാം ഓസോൺ പ്രശ്നം നേരിടുന്നതിൽ വിജയിച്ചിട്ടുണ്ട്.ഇത് നമുക്ക് പുതിയൊരു കാഴ്ച്ചപ്പാടാണ് നൽകുന്നത്.1987 മുതൽ ലോകരാജ്യങ്ങൾ ഓസോണിന് ഹാനികരമായ ക്ലോറോ ഫ്ലൂറോ കാർബൺ കുറയ്ക്കാൻ ശ്രമിച്ചതിന്റെ ഫലമാണിത്.ഈ ശ്രമം തുടർന്നാൽ നമുക്ക് ആഗോളതാപനത്തെയും നേരിടാനാകും.

ഊഷ്മാവിന്റെ അടിസ്ഥാനത്തിൽ ഭൗമാന്തരീക്ഷത്തെ ട്രോപ്പോസ്ഫിയർ,സ്ട്രാറ്റോസ്ഫിയർ, മീസോസ്ഫിയർ,തെർമോസ്ഫിയർ എന്നിങ്ങനെ നാലായ്

തരംതിരിച്ചിട്ടുണ്ട്.ഇതിൽ ഭൂമിയോട് ചേർന്നുള്ള ട്രോപ്പോസ്ഫിയറിൽ ഭൗമാന്തരീക്ഷത്തിലെ ആകെ ഓസോണിന്റെ10 ശതമാനം നിലനിൽക്കുന്നു. തൊട്ടടുത്ത മണ്ഡലമായ സ്ട്രാറ്റോസ്ഫിയറിൽ ഭൂമിയിൽ നിന്ന് ഏകദേശം 30 കിലോമീറ്റർ ഉയരത്തിലാണ് ബാക്കി വരുന്ന 90 ശതമാനം ഓസോണും .ഓസോൺ കൂടുതലുള്ള ഈ ഭാഗം ഓസണോസ്ഫിയർ എന്ന് അറിയപ്പെടുന്നു.ഭൂമിക്ക് മുകളിൽ ഒരു കുടപോലെ പടർന്ന് നിൽക്കുന്ന ഈ ഭാഗത്തെ ഓസോൺ കുട,ഓസോൺ പുതപ്പ് എന്നിങ്ങനെയും വിശേഷിപ്പിക്കുന്നു.



ഷൈന.എൻ.

IX C

## റിമോട്ട് സെൻസിങ്

സൂര്യരശ്മികളായി നാം കാണുന്ന ദൃശ്യപ്രകാശം യഥാർത്ഥത്തിൽ വൈദ്യുതകാന്തിക സ്പെക്ട്രത്തിന്റെ ഭാഗമാണ്. ഇൻഫ്രാറെഡ്, മൈക്രോവേവ്, എക്സ്റേ,ഗാമ തുടങ്ങി ഒട്ടേറെ വികിരണങ്ങൾ സൂര്യനിൽ നിന്നും പുറപ്പെടുന്നുണ്ട്.ഈ വികിരണങ്ങൾ ഭൂമിയിൽ പതിച്ചശേഷം പ്രതിഫലിച്ച് തിരിച്ചുപോകുന്നുണ്ട്.ഒരു പ്രദേശത്തിന്റെ വിവരങ്ങൾ അറിയാൻ ആ പ്രദേശത്തിന്റെ മുകളിലുള്ള ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ശക്തിയേറിയ ക്യാമറകളും ആന്റിനകളും സഹായിക്കുന്നു. അങ്ങനെ പിടിച്ചെടുത്ത വികിരണങ്ങൾ ഉപഗ്രഹങ്ങൾ തിരിച്ച് ഭൂമിയിലേക്ക് സിഗ്നലുകളായി അയക്കും.ഗ്രൗണ്ട് സ്റ്റേഷനുകളിൽ ഘടിപ്പിച്ചിട്ടുള്ള ആന്റിനകൾ ഈ ഉപഗ്രഹ സിഗ്നലുകൾ പിടിച്ചെടുത്ത് വിശകലനത്തിനായി കമ്പ്യൂട്ടറുകളിൽ എത്തിക്കുന്നു.ഈ സിഗ്നലുകൾ ഉപയോഗിച്ച് ശാസ്ത്രജ്ഞർ ഉപഗ്രഹം ദൃഷ്ടി പതിപ്പിച്ച പ്രദേശത്തിന്റെ ഇമേജ് നിർമിക്കും. ഈ പ്രക്രിയയെയാണ് സാറ്റലൈറ്റ് ഇമേജിംങ് എന്നു

പറയുന്നത്.

സാറ്റലൈറ്റ് ഇമേജിംങ് വഴി ഉപഗ്രഹ ചിത്രങ്ങൾ വിശകലനം ചെയ്താൽ ആ പ്രദേശത്തിന്റെ സൂക്ഷ്മമായ വിവരങ്ങൾ മനസ്സിലാക്കി എടുക്കണം.പാസീവ് റിമോട്ട് സെൻസിങ് എന്നാണ് ഈ സാങ്കേതിക വിദ്യയുടെ പേര്.

സൂര്യകിരണങ്ങളെ ആശ്രയിച്ചുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും പാസീവ് റിമോട്ട് സെൻസിങ്.ഇതിൽ രാത്രി സൂര്യപ്രകാശം ഇല്ലാത്തതിനാൽ ചിത്രമെടുക്കാൻ സാധിക്കില്ല.പകലാണെങ്കിൽ പോലും മേഘാവൃതമാണെങ്കിൽ ചിത്രം വ്യക്തമാവില്ല.

ഇതിനുള്ള പോംവഴിയാണ് ആക്ടീവ് റിമോട്ട് സെൻസിങ്.ഉപഗ്രഹങ്ങളിൽ ശക്തിയേറിയ ടോർച്ച് ലൈറ്റുകൾ ഘടിപ്പിച്ച് അവ ഓൺചെയ്യുമ്പോൾ അവയിൽ സാധാപ്രകാശത്തിന്(ദൃശ്യപ്രകാശം) പകരം മൈക്രോവേവ് പോലുള്ള വികിരണങ്ങളാണ് വരിക.

ഓരോ ഭാഗവും എങ്ങനെയൊക്കെയാണ്

പ്രതിഫലനം നടത്തുന്നത് എന്ന് മുൻകൂട്ടി മനസ്സിലാക്കിയാൽ അറിയാത്തൊരു പ്രദേശത്തിന്റെ ഭൂപ്രകൃതി വ്യക്തമായി മനസ്സിലാക്കാൻ പാസീവ് റിമോട്ട് സെൻസിങ്ങിലൂടെ കഴിയും.ആക്ടീവ് റിമോട്ട് സെൻസിങ് എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് രാത്രികാലങ്ങളിലും ചിത്രമെടുക്കാം.

-ഫാത്തിമ ഫർസാന.എസ്.



IX C

## ഹൃദ്രോഗത്തെ തടയാം

കാലവർഷക്കെടുതിയിൽ വിറങ്ങലിച്ച കേരളം ഇന്ന് രോഗങ്ങളുടെ നടുമുറ്റത്താണ്.കേരളത്തെ ദുഃഖത്തിലാഴ്ത്തിയ ഈ സവിശേഷ സാഹചര്യത്തിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷം ലോക ഹൃദയദിനം സമാചരിക്കുന്നത്. ഹൃദയരോഗമുള്ളവരുടെ സംഖ്യ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ കേരളത്തിന്റെ രണ്ടുമടങ്ങാണ്. ഇന്ത്യയിൽ നൂറിൽ 29 പേർ ഹൃദയ സംബന്ധമായ രോഗങ്ങൾ കാരണം മരിക്കുന്നു .കേരളത്തിൽ ഇതിന്റെ തോത് നൂറിൽ നാല്പതാണ്.ഹൃദയ ധമനീരോഗങ്ങൾ മൂലം 17.5 ലക്ഷംപേർ പ്രതിവർഷം പൂമുഖത്ത് മരിക്കുകയാണ്.ഈ സംഖ്യ 2030 ആകുമ്പോൾ 23.63 ശതമാനമായി ഉയരുമെന്ന് കണക്കാക്കുന്നു. ആകെയുള്ള മരണസംഖ്യയുടെ 31 ശതമാനവും ഹൃദയധമനീരോഗങ്ങൾ കൊണ്ടുതന്നെ.

മനുഷ്യശരീരത്തിന്റെ സന്തുലിതാവസ്ഥയെ താങ്ങിനിർത്തി ,ഊർജസ്വലവും സുദൃഢവുമായ ആരോഗ്യം പ്രദാനം ചെയ്യുന്ന നാല് ഭാവങ്ങളായി ആയുർവേദാചാര്യന്മാർ വിശേഷിപ്പിക്കുന്നത് ഭക്ഷണം,ഉറക്കം,വ്യായാമം,മിതമായ ലൈംഗികത എന്നിവയെയാണ്. നാല് സ്തംഭങ്ങളിൽ പ്രഥമസ്ഥാനത്ത് ഭക്ഷണം സ്ഥാനം പിടിച്ചിരിക്കുന്നു.കാരണം മനുഷ്യജീവന്റെ ഊർജസ്രോതസ്സ് ഭക്ഷണം തന്നെ.

സാന്ദ്ര.പി.ബി

IX C



## പ്രളയവുംഅതിജീവനവും

'പ്രളയം'.മഹാമാരി,പേടിപ്പിക്കുന്ന സ്വപ്നം എന്നീ പേരുകളിൽ നമുക്ക് അതിനെ വിശേഷിപ്പിക്കാം.കേരളമെന്ന ഒത്തൊരുമയുടെ,സാക്ഷാത്കാരത്തിന്റെ, നവനീയതയുടെ രാജകൊട്ടാരത്തിലേക്ക് മായയുടെ സാക്ഷാത്കാരഭാവത്തിന്റെ ഉറവിടമായ മഹാമാരി അതിനെ തളർത്തി.

പ്രളയമെന്നു കേട്ടാൽ ഒരുപക്ഷേ കേരള ജനത പേടിക്കുമായിരിക്കും. പക്ഷേ,അതിന്റെ അതിജീവനത്തെ ആരും പേടിക്കുകയില്ല.അതായത് ഏതു പ്രളയം വന്നാലും ഒറ്റക്കെട്ടായി തന്നെ നമ്മൾ അതിനെ നേരിടും.1924 ലാണ് ആദ്യ പ്രളയം നമ്മുടെ കേരളത്തിൽ വന്നത്. അതിനുശേഷം 2018 ആഗസ്റ്റ് 5 ൽ തുടങ്ങി 15 ,16 വരെ നീണ്ടുനിന്ന പ്രളയത്തെ ഒറ്റക്കെട്ടായി തന്നെ നമ്മൾ നേരിട്ടു.

ഇടുക്കി ഡാം,മലമ്പുഴ ഡാം,ബാണാസുരസാഗർ ഡാം,പെരിങ്ങൽകുത്ത് ഡാം തുടങ്ങി ഒട്ടനവധി ഡാമുകളാണ് തുറന്നത്.ഇന്ത്യയിലെ തന്നെ ആദ്യത്തെ ആർച്ച് ഡാമായ ഇടുക്കി തുറന്നത് 3-ാം പ്രാവശ്യമാണ്, 1989 , 1992 ഇപ്പോൾ ഇതാ 2018. അത്ഭുതകരമായ കാര്യങ്ങളാണ് കേരളം നേരിട്ടത്. പെരിങ്ങൽകുത്ത് ഡാം നിറഞ്ഞു കവിഞ്ഞു.ആ കാഴ്ചകളൊക്കെ മറക്കുക എന്നത് അസാധ്യമാണ്.ഡാമുകളുടെ കാര്യത്തിൽ കേരളം അത്ര പിന്നിലൊന്നുമല്ല. മുൻപന്തിയിൽ തന്നെയാണ്.

കേരളത്തിൽ 14 ജില്ലകളാണ് ഉള്ളത്.അതിൽ 11 ജില്ലകളും പ്രളയത്താൽ വലയപ്പെട്ടിരുന്നു.മീനച്ചിലാറിന്റെ തീരത്തുള്ള കോട്ടയത്തിൽ തുടങ്ങി, ബേക്കൽ കോട്ട സ്ഥിതിചെയ്യുന്ന കോഴിക്കോടും,രക്തസാക്ഷികളുടെ നോവുണർത്തിയ

കണ്ണൂരിൽ വരെ വെള്ളം കയറി. തിരുവനന്തപുരം, കൊല്ലം,കാസർഗോഡ്,എന്നീ ജില്ലകളിൽ വെള്ളം കയറിയില്ലെങ്കിലും കുറച്ച് നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്.'99'ലെ വെള്ളപ്പൊക്കമായാണ് ഈ പ്രളയത്തെ അറിയപ്പെട്ടിരുന്നത്.ഒരു ഓണക്കാലത്തെ നാം വരവേറ്റത് ഇത്തരത്തിലായിരുന്നു.

പ്രളയം വന്ന് കൊണ്ടുപോയത് ചിലരുടെ സ്വപ്നങ്ങൾ മാത്രമല്ല,ജാതിയുടെയും,മതത്തിന്റെയും അഴുക്കുചാലുകൾ കൂടിയാണ്.ഒരുപക്ഷേ മാവേലി ഓണത്തിന് വരുമായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ഓലക്കുട നമുക്ക് തന്നിട്ടു പോയേനേ.അത്രയ്ക്ക് ഒത്തൊരുമയായിരുന്നു.രക്ഷാപ്രവർത്തനത്തിനെ ത്തിയത് രക്ഷാസേനകൾ മാത്രമല്ല, മത്സ്യത്തൊഴിലാളികളും, മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവരും ഒക്കെ ഉണ്ടായിരുന്നു.അവർ വഹിച്ച പങ്ക് ചെറുതല്ല.ചെറുതല്ല എന്നത് വലുതാണ്.

ഹോമോ സാപ്പിയൻസ് എന്നറിയപ്പെടുന്ന

നമ്മൾ മനുഷ്യവർഗ്ഗം, മറ്റുള്ളവർക്ക്
മാതൃകയാക്കാനുള്ള ഒരു പാഠമാണ്
നൽകിയത്.ഫ്രാൻസിന്റെ പോപ് ആയ ഫ്രാൻസിസ്
മാർപാപ്പ അവരോട് പറഞ്ഞത് കേരളത്തെ കണ്ടു
പഠിക്കാനാണ്.മനുഷ്യ വ്യക്തിത്വം എന്നതിന് ഒരു
ഉത്തമ ഉദാഹരണമാണ് നമ്മൾ കണ്ടത്.മനുഷ്യൻ
എന്ന വാക്കിനർത്ഥം മനനം ചെയ്യുന്നവൻ, അതായത്
ചിന്തിക്കുന്നവൻ എന്നാണ്.ജലം വേണം വേണമെന്ന്
വാശിപിടിച്ചവർക്ക് വേണ്ടി ഭൂമീദേവി കനിഞ്ഞനുഗ്രഹിച്ചു
നൽകിയതാണ് പ്രളയം എന്ന് ചുരുക്കം ചിലർ
വാദിക്കുന്നു.നമുക്ക് കഴിയാവുന്ന തരത്തിൽ നാം
പ്രളയബാധിതരെ സഹായിച്ചതാണ്.

കേരള നവോത്ഥാനത്തിന്റെ പിതാവായ ശ്രീ
നാരായണ ഗുരു അയിത്തോച്ചാരണത്തിൽ പ്രധാന
പങ്ക് വഹിച്ച വ്യക്തിയാണ്.യഥാർത്ഥത്തിൽ
അദ്ദേഹത്തെ പോലുള്ള നവോത്ഥാന നായകരും
സ്വാതന്ത്ര്യസമരസേനാനികളും സ്വപ്നം കണ്ട കേരളം
ശരിക്കും ഇപ്പോഴാണ് നടന്നത്.പലരുടെയും
അഹന്തയും,അസൂയയും,ജാതി മത വർഗ്ഗീയതയും

പ്രളയത്തിലൊലിച്ചുപോയി.''ഐക്യബോധം മഹാബലം'' ഒരുമയോടെ ഐക്യത്തോടെ പ്രയത്നിച്ചപ്പോഴാണ് പ്രളയത്തെ നാം നേരിട്ടത്.ഇന്ന് ഇപ്പോൾ നാം നേരിട്ട ഈ സ്ഥിതി വേറെയാർക്കുമുണ്ടാകരുത്,പക്ഷേ വെള്ളത്തിൽ ഒലിച്ചുപോയതുപോലെ വേറെയേതെങ്കിലും തരത്തിൽ മനുഷ്യന്റെ ഈ ചിന്ത നശിക്കണം,ഒന്നാകണമെന്ന തോന്നലുണ്ടാകണം.

വിദ്യാലയം വിദ്യയുടെ ആലയമായിരുന്നു.പ്രളയകാലത്ത് അത് അഭയകേന്ദ്രങ്ങളായി മാറി.കേരള സർക്കാറിന്റെ പദ്ധതികളും നമുക്ക് നഷ്ടമായി.
പക്ഷേ അതിനെയെല്ലാം സർക്കാർ തന്നെ തിരിച്ചുപിടിച്ചു.പ്രളയത്തെ തടഞ്ഞു.
കേരളത്തെ തിരിച്ചുപിടിച്ചു.മുസ്ലിം മുസ്ലീമിനെയല്ല രക്ഷിച്ചത്,ഹിന്ദു ഹിന്ദുവിനെയുമല്ല രക്ഷിച്ചത്, ക്രിസ്ത്യാനി ക്രിസ്ത്യാനിയെയുമല്ല രക്ഷിച്ചത്.

പ്രളയബാധിതരെ സഹായിക്കാൻ വേണ്ടി

ഒരുപാട് പദ്ധതികൾ വന്നിട്ടുണ്ട്.കേരള പോലീസിന്റെ ജലസുരക്ഷ 2,ഓപ്പറേഷൻ ബ്ലൂസ്റ്റാർ.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പല പല സംഭാവനകളും നടന്നു കൊണ്ടിരിക്കുകയാണ്.ഒരുമയോടെ , ഐക്യത്തോടെ,നമ്മൾ പ്രളയത്തെ അതിജീവിച്ചു.ഇനി വരാനിരിക്കുന്നവയെയും നമ്മൾ അപ്രകാരം തന്നെ അതിജീവിക്കും.

''അതിജീവനം

സാഹോദര്യത്തിലൂടെ''

-ദുർഗ്ഗ അനിൽ.പി

VIII E

## ബാല്യം ഒരു പ്രതീക്ഷ

വിഖ്യാത ആംഗലേയ കവി ജോൺ മിൽട്ടന്റെ വാക്കുകൾ ഇവിടെ എത്രയോ പ്രസക്തമാണ്.ബാല്യം! ഓർത്തുവയ്ക്കാൻ ഒത്തിരി മധുരങ്ങൾ നിറഞ്ഞ നിഷ്ക്കളങ്കതയുടെ കാലഘട്ടം.ഓരോ മനുഷ്യനും ഈ ബാല്യത്തിൽ നിന്നാണ് ജീവിതത്തിന്റെ തുടർക്കഥയെഴുതുന്നത്.നാം ഓരോരുത്തരുടെയും ബാല്യത്തിന് മഞ്ചാടിക്കുരുവിന്റെയും മുത്തശ്ശിക്കഥകളുടേയുമൊക്കെ ഒത്തിരി അനുഭവങ്ങൾ കാണും ഓർമ്മച്ചെപ്പിൽ സൂക്ഷിക്കാൻ.എന്നാൽ ഇതെല്ലാം അന്യമായി ജീവിതത്തിന്റെ ഏടുകളിൽ സന്തോഷത്തിന് സ്ഥാനമില്ലാത്ത ഒത്തിരി കുട്ടികളുണ്ട് ഈ ലോകത്തിലും,സർവ്വോപരി ഈ ജനാധിപത്യ ഇന്ത്യയിലും. ബാലവേലയും,മാനസികവും ശാരീരികവുമായ പീഡനങ്ങളും, ദാരിദ്ര്യവും, വിദ്യാഭ്യാസമില്ലായ്മയും,ലഹരി ഉപയോഗങ്ങളും തുടങ്ങി ഭീകരാക്രമണങ്ങൾ പോലും ആ കൊച്ചു കുട്ടുകാർ നേരിടുന്ന പ്രതിസന്ധികളാണ്.

6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക്

ഗവൺമെന്റ് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭാസം ഉറപ്പുവരുത്തുന്നുണ്ടെങ്കിൽ പോലും ലോകത്തിന്റെ കോണുകളിൽ എത്ര കുട്ടികൾക്കിത് കിട്ടുന്നു? വിദ്യാഭ്യാസം പോലും കച്ചവടവൽക്കരിക്കപ്പെടുന്ന ഈ സമൂഹത്തിൽ എത്ര പിഞ്ചുബാല്യങ്ങളാണ് വിദ്യാഭ്യാസം എന്ന മഹാ അനുഗ്രഹത്തിനു വേണ്ടി കൊതിക്കുന്നത് . ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന ഈ കൊച്ചു കേരളത്തിൽ വയനാട്ടിലെ ആദിവാസി മേഖലകളിലും മറ്റും എത്രയോ കുട്ടികളാണ് പോഷകാഹാര കുറവുമൂലം മരണമടയുന്നത് .ഈ പിഞ്ചുബാല്യങ്ങളോട് നമുക്ക് എന്തു ഉത്തരമാണ് പറയാൻ കഴിയുന്നത്.ഗവൺമെന്റ് കുട്ടികളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി പല കർമ്മപരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെങ്കിലും അവയുടെ അഴിമതി കാരണം അർഹതപ്പെട്ടവർക്ക് അവയെല്ലാം നിഷേധിക്കപ്പെടുകയാണ്.

ഇന്ന് കുട്ടികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് ബാലവേല.ഭരണഘടനയുടെ 24 ാം

ഭേദഗതി പ്രകരം ബാലവേല നിരോധിക്കുന്നുണ്ടെങ്കിൽ പോലും പല സ്ഥലങ്ങളിലും ഹോട്ടലുകളിലും കൃഷിയിടങ്ങളിലും കെട്ടിടനിർമ്മാണ മേഖലകളിലും തെരുവുകളിൽ ഭിക്ഷാടനത്തിനുമൊക്കെയായി കുട്ടികളെ നാം സജീവമായി കാണാറുണ്ട്.

ഈ കലിയുഗത്തിൽ നാം ദിവസേന മാധ്യമങ്ങളിലൂടെ അറിയുന്നതാണ് കുട്ടികൾക്ക് അനുഭവിക്കേണ്ടിവരുന്ന മാനസികവും ശാരീരികവുമായ പീഡനങ്ങൾ.നിയമങ്ങളും ഭേദഗതികളും മാറുന്നുണ്ടെങ്കിലും കുട്ടികളോടുള്ള ഈ അതിക്രമത്തിന് തെല്ലും കുറവ് സംഭവിക്കുന്നില്ല.ഒരു നേരത്തെ ആഹാരത്തിനു വേണ്ടി മക്കളെ വിൽക്കുന്ന മാതാപിതാക്കളും പണം സമ്പാദിക്കാൻ കണ്ണുകൾ പോലും ചൂഴ്ന്നെടുത്ത് നിരത്തിലേക്ക് കുഞ്ഞു കുട്ടികളെ ഭിക്ഷാടനത്തിന് അയയ്ക്കുന്നവരും നടനമാടുന്ന ഈ യുഗത്തിൽ എത്ര തെരുവ് മക്കളാണ് നാശോന്മുഖമാകുന്നത്.മയക്കുമരുന്ന് മാഫിയയുടെ കയ്യിൽ ജീവിതം ഹോമിക്കേണ്ടിവരുന്ന പിഞ്ചു ബാല്യങ്ങൾ അറിയുന്നില്ല അവർ നാളെയുടെ വാഗ്ദാനങ്ങളാണെന്ന്.ഒരു കുടുംബത്തിൽ ഒരുകുട്ടി

ഇല്ലാതാകുമ്പോൾ ലോകത്തിന് നഷ്ടം നാളെയുടെ ഒരു പൗരനെയാണ്.

2014 ലെ നോബേൽ സമ്മാന ജേതാക്കളായിരുന്നു ബാലവേലയ്ക്കും ചൂഷണത്തിനുമെതിരെ പ്രവർത്തിക്കുകയും ഇവയിൽ നിന്നും വളരെയധികം കുട്ടികളെ രക്ഷപ്പെടുത്തുകയും ചെയ്ത കൈലാഷ് സത്യാർത്ഥിയും പെൺകുട്ടികളുടെ വിദ്യാഭാസത്തിനുവേണ്ടി ശബ്ദമുയർത്തി പാക് താലിബാൻ ഭീകരരുടെ ആക്രമണത്തിന് ഇരയായ 17 വയസ്സുകാരി മലാല യൂസഫ് സായിയും.അവർ ലോകത്തിനു തന്നെ ഉത്തമമാതൃകകളാണ്. ഇവരെ പോലെ കുട്ടികളുടെ സംരക്ഷണത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച,ലോകം കാണാതെ പോയ ഒത്തിരി പേരുണ്ട് ഈ ലോകത്തിൽ.അവർക്കൊപ്പം നമുക്കും ശ്രമിക്കാം,കുട്ടികളുടെ സംരക്ഷണത്തിനായ്.

പ്രഭാതം ദിവസത്തിന്റെ ലക്ഷണം പറയുന്നതുപോലെ ബാല്യം ജീവിതത്തിന്റെ ലക്ഷണം പറയുന്നു.നിയമങ്ങളും അവകാശങ്ങളും പോരാട്ടങ്ങളുമെല്ലാം വെള്ളത്തിൽ വരച്ച

വരയാകുമ്പോൾ നാം ഒന്നോർക്കുക ഇന്ന് ജനിച്ചുവീഴുന്ന ഓരോ കുട്ടിയും നാളത്തെ യുവ പൗരന്മാരാണ്.രാഷ്ട്രങ്ങളുടെ വികസന പാതയ്ക്ക് തേര് തെളിക്കേണ്ടവരാണ്.മനുഷ്യന്റെ സ്വാർത്ഥതയ്ക്കും ക്രൂരതയ്ക്കും ഇരകൾ ആകേണ്ടിവന്ന ഓരോ കുട്ടിയ്ക്കുമായി നമുക്ക് കൈകോർക്കാം,ഒത്തൊരുമയോടെ നാളത്തെ സുന്ദരലോകത്തിനായി  ഓരോ ബാല്യങ്ങളുടെയും സംരക്ഷണത്തിനായി.

ഷാനി.ജെ.
എച്ച്.എസ്.ടി
അറബിക്.



## ബഹിരാകാശക്കുതിപ്പുകൾ

നമ്മുടെ ബഹിരാകാശ ചരിത്രത്തിലെ സുവർണ്ണ സ്മരണയുടെ വർഷങ്ങളാണ് ഈ കഴിഞ്ഞുപോയത്. ബഹിരാകാശത്ത് ചരിത്രം നേടിയ വിജയങ്ങൾ ഭാരതം അഭിമാനത്തോടു കൂടിയാണ് ആഘോഷിച്ചത്. 2015 സെപ്റ്റംബറിൽ മാർസ് റിക്കൊണൈസൻസ് ഓർബിറ്റർ എന്ന ബഹിരാകാശയാനം ചൊവ്വയിൽ ഇറങ്ങുകയും,ചൊവ്വയിൽ കുന്നിൻ ചെരുവിൽ നീർച്ചാലുകൾ കണ്ടെത്തി എന്ന് നാസ പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ 2017-ൽ ചൊവ്വയിൽ കണ്ടത് നീർച്ചാലുകൾ അല്ലാ എന്നും അവ മണൽ തരികളുടെ ഒഴുക്കായിരിക്കുമെന്നുമാണ് ഒരു അമേരിക്കൻ ജിയോളജിസ്റ്റ് അഭിപ്രായപ്പെട്ടത്. ലോകത്തെ അത്ഭുതപ്പെടുത്തിയ ഒരു സംഭവമാണ് 2017-ൽ ഫാൽക്കൺ -9 എന്ന റോക്കറ്റ് നിർവഹിച്ചത്.സ്പേസ് എക്സ് എന്ന പ്രൈവറ്റ് റോക്കറ്റ് കമ്പനി റോക്കറ്റുകൾ വിക്ഷേപിക്കുകയും അതിനെ ഭൂമിയിൽ തിരിച്ചിറക്കുകയും അന്താരാഷ്ട്ര സ്പേസ് സ്റ്റേഷനിലേക്ക് ചരക്ക് യാനം മുമ്പയച്ച റോക്കറ്റ്

ബോഡി ഉപയോഗിച്ച് വീണ്ടും അയച്ചു. ഉപയോഗിച്ച് കഴിഞ്ഞ ബോഡി ഉപയോഗിച്ച് അവർ വീണ്ടും അയച്ചു. ഈ റോക്കറ്റുകൾ പാരച്യൂട്ടുകളില്ലാതെ ഭൂമിയിൽ മുൻ നിശ്ചിത സ്ഥലത്ത് ഇറക്കാനും അവർക്ക് കഴിഞ്ഞു. കൂടാതെ ഈ വർഷത്തിൽ തന്നെയാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് യാത്ര ചെയ്യുവാനും തിരിച്ചുവരുവാനും ഇപ്പോൾ ഉള്ള ഏക ആശ്രയമായ സോയൂസ് റോക്കറ്റുകളും ബഹിരാകാശ വാഹനങ്ങളും സഞ്ചാരികളെ വഹിച്ചു കൊണ്ട് ബഹിരാകാശത്തേക്ക് യാത്ര ചെയ്തിരുന്നത്. ഇതേ വർഷത്തിൽ തന്നെയാണ് നമ്മുടെ ബഹിരാകാശ ചരിത്രത്തിലേക്ക് ബഹിർ ഗ്രഹ വേട്ടക്കാർ പുതിയ കണ്ടെത്തലുകളുമായി എത്തിയത്. വൻതോതിൽ റേഡിയേഷൻ പുറത്തേക്കൊഴുക്കുന്ന ഒരു ചുവന്ന കുള്ളൻ നക്ഷത്രമാണ് ട്രാപിസ്റ്റ്-1. ഈ നക്ഷത്രത്തിന് ചുറ്റും ഏഴ് ഗ്രഹങ്ങൾ ഉണ്ടെന്നും അവർക്ക് കണ്ടെത്താൻ സാധിച്ചു. ചരിത്രം സൃഷ്ടിച്ച മറ്റൊരു കണ്ടുപിടിത്തമാണ് ക്യൂര്യോസിറ്റി നടത്തിയത്. ഗാലോ ഗർത്തത്തിന് നടുക്കായി കാണപ്പെടുന്ന ഷാർപ്പ് മലയ്ക്കുചുറ്റും

ക്യൂര്യോസിറ്റി സഞ്ചരിച്ച ശേഷം ഹീമറ്റൈറ്റം (ഇരുമ്പ് ഓക്സൈഡ് കലർന്നമണ്ണം )കളിമണ്ണം കുഴിച്ചെടുത്ത് പരിശോധിച്ചു. ഇത് ശാസ്ത്രലോകത്തിന് പുതിയ അറിവുകൾ നൽകാൻ കാരണമായി തീർന്നു. സൗരയൂഥത്തിന് വെളിയിൽ നിന്ന് വരുന്ന ആന്തർതാരാപഥ വസ്തുവായ ഓമാമുആ സൗരയൂഥത്തിലൂടെ കടന്നുപോയ വർഷമായിരുന്നു 2017.ഈ കഴിഞ്ഞ 2016-17 ലാണ് ന്യൂഹൊറൈസൺസ് പ്ലൂട്ടോയുടെ അന്തരീക്ഷത്തെക്കുറിച്ച് നിരീക്ഷണം നടത്തിയത്.2017 ലെ ഏറ്റവും ശ്രദ്ധേയമായ മറ്റൊരു സംഭവമാണ് കസീനയുടെ ഗ്രാൻഡ് ഫിനാലെയും ശനിയിലേക്കുള്ള വീഴ്ചയും. അപകടത്തിൽ ശനിക്ക് ഏതെങ്കിലും ചന്ദ്രന്മാരുമായി കൂട്ടിയിടിച്ച് അതിനെ സൂക്ഷ്മാണു മലിനീകരിക്കാതിരിക്കാൻ കസീനയെ 2017 സെപ്റ്റംബർ 15 ന് ശനിയിലേക്ക് വീഴ്ത്തി നശിപ്പിക്കുകയായിരുന്നു നാസ ചെയ്തത്.ഈ സംഭവത്തെയാണ് കസീനി ഗ്രാൻഡ് ഫിനാലെ എന്നറിയപ്പെട്ട ലോകപ്രശസ്ത ബഹിരാകാശ

ചരിത്രത്തിലെ പ്രധാനപ്പെട്ട ഒന്ന്.2016-17 വർഷങ്ങളിൽ ചരിത്രത്തിലേക്ക് കടന്നുവന്ന സംഭവങ്ങളാണ് ഇവ.ഈ ചരിത്ര സംഭവങ്ങൾ ഓരോന്നും നാഴികകല്ലുകളായി ഭാരതീയരുടെ മനസ്സിൽ തിളങ്ങി നിൽക്കുന്നതാണ്.

-റിഹാന.എഫ്

IX C



## പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും ഹരിതഗൃഹവാതകങ്ങൾ

കരയും കടലും പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ചവറ്റുകുട്ടയായി മാറിയതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിച്ച് കൊണ്ടിരിക്കുകയാണ് നമ്മൾ. വലിച്ചെറിയുന്ന പ്ലാസ്റ്റിക്കിൽ നിന്നും ആഗോളതാപനത്തിനു കാരണമാകുന്ന ചില ഹരിതഗൃഹവാതകങ്ങൾ പുറത്ത് വരുന്നു എന്ന് പുതിയ പഠനങ്ങൾ പറയുന്നു. മനോവയിലെ ഹവായ് സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഏഷ്യൻ ആന്റ് എർത്ത് സയൻസ് ആന്റ് ടെക്നോളജിയിലെ ഗവേഷകരാണ് ആശങ്കയുണർത്തുന്ന കണ്ടെത്തലുമായി രംഗത്തെത്തിയിരിക്കുന്നത്.

നൂറ്റാണ്ടുകളോളം പരിസ്ഥിതിയിൽ നാശമില്ലാതെ കിടക്കുന്ന പ്ലാസ്റ്റിക്കിൽ നിന്നും പരിസ്ഥിതിക്കും ജീവജാലങ്ങൾക്കും ദോഷകരമാവുന്ന പല രാസവസ്തുക്കളും മണ്ണിലും ജലത്തിലും കലരുന്നുണ്ട്. എന്നാൽ നാമിതറിഞ്ഞതിലും വലുതാണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉയർത്തുന്ന

വെല്ലുവിളികൾ.നമ്മൾ സാധാരണ ഉപയോഗിച്ച് വലിച്ചെറിയുന്ന പല പ്ലാസ്റ്റിക്ക് വസ്തുക്കളിൽ നിന്നും മീഥേൻ,എഥിലീൻ(ഈഥീൻ) പോലുള്ള ഹരിതഗൃഹവാതകങ്ങൾ ഉൽസർജിക്കപ്പെടുന്നു.നമ്മൾ നിത്യജീവിതത്തിൽ വൻ തോതിൽ ഉപയോഗിക്കുന്നതും ശേഷം വലിച്ചെറിയുന്നതുമായ പ്ലാസ്റ്റിക്ക് ആണ് പഠനവിധേയമാക്കിയത്.

ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുന്ന കണ്ടെയ്നറുകളായും തുണിത്തരങ്ങളായും നിർമ്മാണ സാമഗ്രികളായും പ്ലാസ്റ്റിക്ക് ബോട്ടിലുകൾ പോലുള്ള നിരവധി ഉല്പന്നങ്ങളായും നിത്യജീവിതത്തിൽ പല തരത്തിൽ നമ്മൾ ഉപയോഗിക്കുന്നവയാണ് ഈ പ്ലാസ്റ്റിക്ക്.ഇക്കൂട്ടത്തിൽ ഏറ്റവും കൂടുതലായി ഉൽപ്പാദിപ്പിക്കുന്നതും വലിച്ചെറിയപ്പെടുന്നതും പോളിത്തീൻ സഞ്ചികൾ തന്നെ.പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ കൂട്ടത്തിൽ മീഥേൻ,എഥിലീൻ എന്നീ ഹരിതഗൃഹ വാതകങ്ങളുടെ ഒരു പ്രധാന സ്രോതസ്സാണ് ഇവ.എഥിലീൻ അഥവാ ഈഥീൻ തന്മാത്രകളുടെ പോളിമറീകരത്തിലൂടെ പോളിത്തീൻ

അഥവാ പോളിഎഥിലീൻ എന്ന പ്ലാസ്റ്റിക്ക് ഉണ്ടാവുന്നത്. ഒറ്റത്തവണമാത്രം ഉപയോഗിച്ചു വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക് വസ്തുക്കളുടെ ഉൽപ്പാദനവും ഉപയോഗവും അടിയന്തരമായി നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്.ചെറിയ അളവ് പ്ലാസ്റ്റിക്കിൽ നിന്നുള്ള ഹരിതഗൃഹവാതകത്തിന്റെ തോത് ചെറുതാണെങ്കിലും പ്ലാസ്റ്റിക്കിന്റെ ഉല്പാദനവും ഉപഭോഗവും കൂടുന്നതനുസരിച്ച് പുറത്ത് വരുന്ന ഹരിതഗൃഹവാതകങ്ങളുടെ അളവ് കൂടുന്നു.ഇത് ആഗോളതാപനത്തിന് കാരണമാകുന്നു.

ആര്യലക്ഷ്മി.ഒ.എസ്.

IX C

## കടലോളം സ്നേഹത്തോടെ കാക്കാം കടലിനെ

ജീവൻ ആദ്യം ജനിച്ചത് സമുദ്രത്തിലാണ് എന്ന കാര്യത്തിൽ നമുക്കിന്ന് സന്ദേഹമില്ല. എന്നാൽ , നോക്കെത്താ ദൂരത്തോളം പരന്നു കിടക്കുന്ന ജലവിസ്തൃതി ഇന്ന് മരിക്കുകയാണ്.
ഈ സാഹചര്യത്തിൽ നാം ഒരു ദിനം കടലിനായി മാറ്റിവെച്ചിരിക്കുന്നു,ജൂൺ 8 സമുദ്രദിനം. ദിനം തോറും ജൈവ വൈവിധ്യങ്ങളുടെ അക്ഷയഖനിയായ കടൽ മരിക്കുകയാണ്.

സംശയമെന്തിന് ? പ്രകൃതി നേരിടുന്ന ഈ വെല്ലുവിളിക്കും കാരണക്കാർ നാം മനുഷ്യർ തന്നെ . വ്യവസായ ശാലകൾ നേരിട്ടും അല്ലാതെയും കടലിലേക്ക് മലിനജലം ഒഴുക്കിവിടുന്നു. കീടനാശിനികൾ, രാസ പദാർത്ഥങ്ങൾ, എണ്ണ, പ്ലാസ്റ്റിക്ക് വസ്തുക്കൾ തുടങ്ങിയവ എല്ലാം വൻതോതിൽ കടലിൽ എത്തുന്നു. കരയിലെ എല്ലാ അഴുക്കുകളും അവസാനം വന്നു ചേരുന്ന കുപ്പകുഴിയായി കടൽ മാറി.

ഭൂമിയിലുണ്ടായ, മനുഷ്യരുടെ ചെയ്തികൾ മൂലം കടൽ ആർക്കും ജീവിക്കാൻ കഴിയാത്ത നശിച്ച ഒരിടമായി ക്കൊണ്ടിരിക്കുകയാണ്.

ഓരോ വർഷവും 80 ലക്ഷം ടൺ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കടലിലെത്തുന്നു. ജീർണിക്കാതെ കിടക്കുന്ന മാലിന്യങ്ങൾ എല്ലാം കടൽ ജീവികൾക്ക് വെല്ലുവിളികളാണ്.വലിയ പ്ലാസ്റ്റിക്ക് കഷണങ്ങളിൽ ശരീരം കുടുങ്ങിയും ഭക്ഷണമെന്ന് തെറ്റിദ്ധരിച്ച് കഴിച്ച് പ്ലാസ്റ്റിക്ക് ഉള്ളിലെത്തിയും ലക്ഷകണക്കിന് കടൽപക്ഷികളാണ് ഓരോ വർഷവും ചത്തുപോകുന്നത്. രൂപ സാമ്യം മൂലം കടൽ വെള്ളത്തിൽ ഒഴുകിനടക്കുന്ന പ്ലാസ്റ്റിക്ക് സഞ്ചി കഷണങ്ങൾ ജെല്ലി ഫിഷുകളാണെന്ന് കരുതി അകത്താക്കുന്ന ജീവികളുടെ കാര്യം ഒന്ന് ഓർക്കുക. മീനുകളും കടലാമകളും തിമിംഗലങ്ങളും വരെ ചത്ത് പൊങ്ങുന്നു. കരയിലേക്കാൾ ശോചനീയ അവസ്ഥയാണ് കടലിൽ.

മഴയെപ്പോലെ, ജീവൻ നൽകിയതിനെ ഇല്ലാതാക്കുകയാണ് നാം ഇന്ന്. ഒരു പക്ഷേ, നമുക്ക്

മുറിപ്പാട് ഇല്ലാതാക്കാൻ കഴിയില്ലായിരിക്കാം. എന്നാൽ മുറിവുണക്കാൻ സാധിക്കും. ഇനിയുള്ള സമയം അതിനായാണ്. കടലിനെ കൈകൾ കോർത്ത് സംരക്ഷിക്കാം. ഇതുവരെ എന്തു ചെയ്തു എന്നതു മറക്കൂ. ഇനി ചെയ്യുന്നത് ഒന്നിനും ദോഷമാകാതിരിക്കട്ടെ. ഭൂമിക്ക് ഭാരമാകാതെ ഒരു മിഠായി കടലാസ് പോലും ഭൂമിയിൽ വലിച്ചെറിയരുത്. നാം ഒരാൾ നല്ലതു ചെയ്യുമ്പോൾ ഭൂമി അത്രയും ദുരിതം അനുഭവിക്കാതിരിക്കുകയാണ്.
അത്തരത്തിൽ നാമെല്ലാം ഒത്തു പിടിച്ചാൽ കടലിനെ വരെ കയ്യിലൊതുക്കാം. കടലിനെ നീലയാക്കി ആഴങ്ങളിൽ പ്രകാശം പരത്താം. കടൽ ആദ്യം കാണുമ്പോഴുണ്ടാകുന്ന സ്നേഹം, അതിനെ കടലോളമാക്കി മാറ്റി കാക്കാം നമുക്ക്, ഒരുമിച്ച്.......



നൗഫിയ.എൻ
IX D

## പ്രളയവും അതിജീവനവും

കേരളത്തിലെ ജനതയെ വളരെയേറെ നൊമ്പരപ്പെടുത്തിയ ഒരു സംഭവമായിരുന്നു ഈ അടുത്തകാലത്തുണ്ടായ മഹാപ്രളയം.ഈ പ്രളയം വരുത്തിവച്ച നാശനഷ്ടങ്ങൾ എണ്ണിയാൽ തീരാത്തതാണ്.എത്രയോ പേരുടെ ജീവനാണ് ഈ മഹാപ്രളയത്തിൽ പൊലിഞ്ഞത്.ഓരോരുത്തരുടെയും സ്വപ്നങ്ങളെല്ലാം തന്നെ താറുമാറാക്കിക്കൊണ്ടായിരുന്നു പ്രളയം കടന്നുവന്നത്.കേരളത്തെയാകെ ആടിയുലച്ച ഒരു മഹാസംഭവമായിരുന്നു ഈ പ്രളയം.കേരളത്തിലെ ഭൂരിഭാഗം ജില്ലകളും വെള്ളത്തിൽ മുങ്ങി.വെള്ളത്തിന്റെ ശക്തമായ ഒഴുക്കിൽപെട്ട് മരണമടഞ്ഞവർ ഏറെയുണ്ട്.പ്രളയബാധിതപ്രദേശങ്ങളിലെ കെട്ടിടങ്ങളുടെയും പല നിലകളും വെള്ളത്തിൽ മുങ്ങി. പ്രളയം വരുത്തിവച്ച നാശനഷ്ടങ്ങൾക്കു പുറമെ പല ജീവനും പോയിമറഞ്ഞു.പുഴകളും നദികളും തോടുകളുമെല്ലാം നിറഞ്ഞുകവിഞ്ഞു. പ്രളയബാധിതപ്രദേശങ്ങളിലെ വൈദ്യുതബന്ധം

തകരാറിലായി.മഴ നിർത്താതെ പെയ്തതിനുപുറമെ ഡാമുകളിലെ ജലം അനിയന്ത്രിതമായി തുറന്നുവിട്ടതുകൂടിയാണ് പ്രളയകാരണമെന്നാണ് കാലാവസ്ഥാവിദഗ്ധരുടെ അറിയിപ്പ്.മഴ ശക്തമായിട്ടു പെയ്യും എന്ന മുന്നറിയിപ്പ് ലഭിച്ചിട്ടും ഡാമുകൾ കൃത്യമായ ഷട്ടറുകൾ തുറന്ന് ജലം പുറത്തുവിടാത്തത് കാരണമാണ് പ്രളയം ഉണ്ടായതെന്നും പറയുന്നു.കേരളത്തിലെ കാർഷികമേഖലയിലും പ്രളയം വരുത്തിവച്ച നാശനഷ്ടങ്ങൾ വളരെ വലുതാണ്.ഓരോ കർഷകരുടെയും കൃഷിയിടങ്ങളും, വാഴത്തോട്ടങ്ങളും, നെൽപാടങ്ങളും എല്ലാം വെള്ളത്തിൽ മുങ്ങി.ഇതിൽ ഏറ്റവും പ്രയാസം അനുഭവപ്പെട്ടത് ആലപ്പുഴ ജില്ലയിലായിരുന്നു.കാരണം കുട്ടനാട്ടിലെ ജനങ്ങളുടെ പ്രധാനതൊഴിൽ തന്നെ കൃഷിയായിരുന്നു.അതെല്ലാം തന്നെ അവർക്ക് നഷ്ടമായി.

വീടുകളുടെ പരിസരത്തും, തോട്ടങ്ങളിലുമെല്ലാം മേഞ്ഞുനടന്ന കന്നുകാലികളും, മറ്റു ജീവജാലങ്ങളുമെല്ലാം പ്രളയത്തിൽ മരണപ്പെട്ടു.നമ്മുടെ

കേരളത്തിന്റെ ഓരോ മൂലയിലും പ്രളയത്തിന്റെ ഫലങ്ങൾ അനുഭവപ്പെട്ടു. ജനങ്ങൾ ആ സമയത്ത് അനുഭവിച്ച കഷ്ടപ്പാട് പറയാൻകഴിയാത്തതാണ്.ഈ സമയത്തും ജനങ്ങളെ രക്ഷിക്കാൻ ഒരുപാട്പേർ തയ്യാറായിരുന്നു.അവരുടെ ഒരുമയുടെ കരങ്ങൾ ഒരുമിച്ചതുകൊണ്ട് തന്നെയാവണം ഇത്രപെട്ടെന്ന് കേരളത്തിന് അതിജീവിക്കാൻ കഴിഞ്ഞത്.

മഹാപ്രളയത്തെ നേരിട്ട മഹാജനതയാണ് നാം.പ്രളയബാധിതപ്രദേശങ്ങളുടെ ഓരോ വിദ്യാലയങ്ങളും ദുരിതാശ്വാസക്യാമ്പുകളായി മാറി. ആയിരത്തോളം പേർ ഓരോ മുറിക്കുള്ളിൽ ബുദ്ധിമുട്ടുകൾ സഹിച്ചുകഴിഞ്ഞു.ആ ഇടുങ്ങിയ മുറിക്കുള്ളിൽ മാറ്റിയുടുക്കാൻ വസ്ത്രങ്ങൾ പോലുമില്ലാതെ കഷ്ടപ്പെട്ടു. ഒരു നേരത്തെ ആഹാരത്തിനുവേണ്ടി അവർ കൈകൾ നീട്ടുന്ന രംഗം ഓർക്കാൻ കഴിയാത്തതായിരുന്നു. അപ്പോഴും പ്രളയം അധികം സംഭവിക്കാത്ത ജില്ലകളിലെ ജനങ്ങൾ അവർക്കുമേൽ സഹായഹസ്തങ്ങൾ നീട്ടിക്കൊണ്ടേയിരുന്നു.ഓരോ പ്രദേശങ്ങളിൽ നിന്നും സന്നദ്ധപ്രവർത്തകർ

ആഹാരവും വസ്ത്രങ്ങളും മറ്റു
ആവശ്യസാധനങ്ങളുമെല്ലാം
പ്രളയബാധിതപ്രദേശങ്ങളിൽ എത്തിച്ചു.ഇന്ത്യൻ
സൈനികർ ഹെലികോപ് റ്ററുകളിൽ വരുകയും
ജനങ്ങൾക്കാവശ്യമായ ആഹാരവും മറ്റും
എത്തിച്ചുകൊടുക്കുകയും ചെയ്തു.പ്രധാനമന്ത്രി
പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും
ആവശ്യമായ സേവനങ്ങൾ നൽകുകയും
ചെയ്തു.അഭയകേന്ദ്രങ്ങളായിമാറിയ
വിദ്യാലയങ്ങളിലായിരുന്നു ജനങ്ങൾ
കഴിഞ്ഞുകൂടിയത്.

കേരളത്തിലെ ജനങ്ങളെ രക്ഷിക്കാൻ
ജനങ്ങളെല്ലാം ഒരുമയോടെ പ്രവർത്തിച്ചു.അവർ
അവരുടെ കാരുണ്യം നിറഞ്ഞ സ്നേഹഹസ്തങ്ങൾ
പ്രളയം ബാധിക്കപ്പെട്ട ജനങ്ങളുടെ നേരെ
നീട്ടി.മത്സ്യത്തൊഴിലാളികളും മറ്റുമായിരുന്നു
രക്ഷാപ്രവർത്തനത്തിനായെത്തിയത്.അവരെ
സഹായിക്കാൻ ജനങ്ങളെല്ലാം ഒറ്റക്കെട്ടായി
പ്രവർത്തിച്ചു.ഇത്തരം സഹായങ്ങൾ തന്നെയാവണം

ഈ പ്രതിസന്ധിയെ ഇത്രവേഗം തരണം ചെയ്യാൻ കേരളത്തിന് കഴിഞ്ഞതിനുപിന്നിൽ.ഒരാഴ്ച്ചയോളം നീണ്ടുനിന്ന മഹാപ്രളയം അവസാനിച്ചപ്പോൾ ജനങ്ങൾക്ക് ആശ്വാസമായെങ്കിലും യഥാർത്ഥ ദുരിതം ആരംഭിച്ചത് അന്നുമുതലായിരുന്നു. ദുരിതാശ്വാസക്യാമ്പുകളിൽ നിന്ന് ജനങ്ങൾ തിരികെ മടങ്ങിയെത്തിയപ്പോൾ കണ്ട കാഴ്ച്ച അവരെ വളരെയേറെ ആശ്ചര്യപ്പെടുത്തുന്നതായിരുന്നു.

തങ്ങളുടെ വീടിന്റെയും മറ്റും അവസ്ഥ കണ്ട അവരുടെ ഹൃദയം വിങ്ങിപ്പൊട്ടി.വീടിനകം മുഴുവനും ചെളികൊണ്ടും മണ്ണുകൊണ്ടും നിറഞ്ഞു.വീടിന്റെ ഉയരത്തിൽ മൺകൂനകൾ നിറഞ്ഞിരുന്നു.വീടുകളുടെ ഉള്ളിൽ നിന്നും പാമ്പുകളെയും മറ്റു ജീവജാലങ്ങളെയുമെല്ലാം കണ്ടുകിട്ടി.തങ്ങൾ ഓമനിച്ചുവളർത്തിയിരുന്ന ജീവജാലങ്ങളെല്ലാം തന്നെ ചത്തുപോയിരിക്കുന്നു.കന്നുകാലികളുടെയും, മറ്റു ജീവികളുടെയുമൊക്കെ ശവശരീരങ്ങൾ വെള്ളത്തിൽ പൊങ്ങികിടക്കുന്നു.കിണറുകളിലെ വെള്ളമെല്ലാം തന്നെ ദുർഗന്ധം വമിക്കുന്നതായിരുന്നു.കുടിക്കാൻ

പോലും വെള്ളം കിട്ടാനില്ലാത്ത അവസ്ഥ വളരെ ദുരിതപൂർണ്ണമായിരുന്നു. തങ്ങൾക്കു സംഭവിച്ച നാശനഷ്ടങ്ങൾ ഓരോന്നുമോർത്ത് വിലപിക്കുകയായിരുന്നു ജനങ്ങൾ. നഷ്ടപ്പെട്ടവയെല്ലാം തന്നെ കെട്ടിപ്പടുർക്കുവാൻ ഇനിയും എത്രനാൾ പരിശ്രമിച്ചാലേ കഴിയൂ.

ഈ സന്ദർഭത്തിലും സന്നദ്ധപ്രവർത്തകർ മുന്നിട്ടിറങ്ങിയത് കേരളത്തിന് വലിയ സഹായമായിരുന്നു. അവർ ശുചീകരണോപകരണങ്ങളുമായി പ്രളയബാധിതപ്രദേശങ്ങളിലേക്ക് പോകുകയും അവരെ വൃത്തിയാക്കാൻ സഹായിക്കുകയും ചെയ്തു. പല കുട്ടികളുടെയും പാഠപുസ്തകങ്ങളും മറ്റുമെല്ലാം പ്രളയം കൊണ്ടുപോയിരുന്നു. അവർക്ക് നോട്ടുബുക്കുകളും മറ്റും വാങ്ങിക്കൊടുക്കുന്നതു മുതൽ പല പല സഹായങ്ങൾ നാം ചെയ്തു. ദുരിതം വന്ന ഈ സന്ദർഭത്തിൽ നാം ചെയ്ത      ഓരോ പ്രവൃത്തിയും നാളേയ്ക്കുവേണ്ടിയുള്ള ഉയർത്തെഴുന്നേൽപ്പിനുള്ളതായിരുന്നു. നമ്മുടെ സഹോദരങ്ങളെ സഹായിക്കേണ്ടത് നമ്മുടെ

കടമയാണ്. ആ കടമ നാം നിറവേറ്റുകതന്നെ ചെയ്തു. ഇതിലൂടെ കേരളത്തിലെ ജനത മറ്റുള്ളവർക്ക് മാതൃകയാകുകയാണ് ചെയ്തത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഒരുമയുള്ളത് കേരളജനതക്കാണ് എന്ന് നമുക്ക് ഈ പ്രവൃത്തികളിലൂടെ വ്യക്തമാകും.

പ്രളയത്തിന്റെ സമയത്തും അതിജീവനത്തിന്റെ സമയത്തും ഒരുപോലെ പ്രവർത്തിച്ച ജനതയാണ് നാം. നാം നൽകിയ ഓരോ ചെറിയ സഹായവും പ്രളയം സംഭവിച്ചവർക്ക് ഒരു വലിയ സഹായമായാണ് അനുഭവപ്പെട്ടത്. നമ്മുടെ സഹോദരങ്ങളെ സംരക്ഷിക്കേണ്ട കടമ നമുക്കുള്ളതാണ് എന്ന ഉത്തരവാദിത്വബോധം നാം തിരിച്ചറിയുകയും അത് ക്രിയാത്മകമായി പ്രവൃത്തിക്കുകയും ചെയ്തു. "കേരളം അതിജീവിക്കും"എന്നതായിരുന്നു നമ്മുടെയെല്ലാം ചിന്താഗതി. പ്രളയകാലത്തും, അതിജീവനത്തിന്റെ കാലത്തും നാം ചെയ്ത സേവനങ്ങൾ വളരെ വലുതാണ്.

നമ്മൾ ഓരോരുത്തരുമാണ്.

"മഹാപ്രളയത്തെ നേരിട്ട മഹാജനത."

-ആസിയ ജാസ്മിൻ.എൻ.എസ്.



IX A

## ഭൂമിയുടെ കുടയെ സംരക്ഷിക്കാം

ഭൂമിയുടെ കുടയാണ് ഓസോൺ പാളി.ഓസോൺ പാളിയുടെ പ്രാധാന്യത്തെക്കുറിച്ചും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ലോകമെമ്പാടുമുള്ള ജനങ്ങളെ ബോധവാന്മാരാക്കാനാണ് രണ്ടായിരമാണ്ടുമുതൽ സെപ്റ്റംബർ 16 ഓസോൺ ദിനമായി ആചരിക്കുന്നത്.ഓസോൺ ഒരു നീല വാതകമാണ്.ഷോൺബൈൻ എന്ന ശാസ്ത്രജ്ഞനാണ് ഓസോൺ എന്ന പേര് നൽകിയത്.മണമുള്ളത് എന്നതാണ് ഓസോൺ എന്ന പദത്തിന്റെ അർത്ഥം.സൂര്യകിരണങ്ങളെ വലിച്ചെടുക്കാൻ കഴിവുള്ള വസ്തുവാണ് ഓസോൺ.സ്പെക്ട്രോമീറ്റർ ഉപയോഗിച്ച് ഓസോണിന്റെ അളവും അത് ഋതുക്കൾക്കനുസരിച്ച് മാറുന്നതായി കണ്ടെത്തി.ഓസോൺ നിർമ്മിക്കപ്പെടുന്ന രാസവിദ്യയുടെ രഹസ്യം സിഡ്നി ചാപ്മാൻ കണ്ടെത്തിയതോടെ അന്തരീക്ഷത്തിന്റെ രണ്ടാം തട്ടായ

സ്ട്രാറ്റോസ്ഫിയറിൽ സൂര്യപ്രകാശത്തിലെ അപകടകാരി ആയ അൾട്രാവയലറ്റ് കിരണങ്ങളെ അരിച്ചുമാറ്റുന്ന അരിപ്പ പോലെ ഓസോൺ പ്രവർത്തിക്കുന്നു എന്ന് അംഗികരിക്കപ്പെട്ടു. സ്ഥിരത കുറഞ്ഞ തന്മത്രയാണ് ഓസോൺ. നൈട്രജന്റെ ഓക്സൈഡുകൾ ജലത്തിൽ നിന്നു ഉണ്ടാക്കുന്ന ഹൈഡ്രോക്സിൻ റാഡിക്കൽ എന്നിവയൊക്കെ

ഓസോണിനെ വിഘടിപ്പിക്കും.എന്നാൽ വൻ തോതിൽ ഓസോൺ തന്മാത്രകളുടെ നാശത്തിനുകാരണമായത് ക്ലോറോഫ്ലൂറോ കാർബണുകൾ എന്ന ഹാലജൻ സംയുക്തങ്ങളാണ്.അന്തരീക്ഷത്തിന്റെ മുകൾതട്ടിൽ സൂര്യപ്രകാശത്തിലെ അൾട്രാവയലറ്റ് കിരണങ്ങൾ ചില ഓക്സിജൻ തന്മാത്രകളെ വിഘടിപ്പിച്ച് രണ്ട് ഒറ്റ ആറ്റങ്ങളാക്കി മാറ്റുന്നു.ഈ ഒറ്റപ്പെട്ട ഓക്സിജൻ ആറ്റങ്ങൾക്ക് രാസപ്രവർത്തന ശേഷി കൂടുതലായതുകൊണ്ട് അവ മറ്റൊരു ഓക്സിജൻ തന്മാത്രയെ ആക്രമിച്ച് മൂന്ന് ഓക്സിജൻ ആറ്റങ്ങൾ ചേർന്ന് ഓസോണായി മാറുന്നു.ഓസോണിന് ഓക്സിജനെ അപേക്ഷിച്ച് സ്ഥിരത തീരെ കുറവാണ്.അൾട്രാവയലറ്റ് രശ്മികൾ പതിക്കുമ്പോൾ

അത് വിഘടിച്ച് വീണ്ടും ഓക്സിജനായി മാറുന്നു. ഇങ്ങനെ ഓസോൺ രൂപപ്പെടുകയും വിഘടിക്കുകയും ചെയ്യുന്നു. നിലവിലെ സ്ഥിതി പ്രതീക്ഷയ്ക്ക് വക നൽകുന്നുവെങ്കിലും ആഗോളതാപനം, കാർബൺ ഡൈഓക്സൈഡ്, മീഥേൻ എന്നിവയുടെ അളവിലെ വർദ്ധനവ് ഇവയൊക്കെ ഭാവിയിൽ ഓസോണിനെ ബാധിക്കാൻ കാരണമായേക്കാം.



-ശരണ്യ സുനിൽ

IX C

# പരിസ്ഥിതി സംരക്ഷണം

സൗരയൂഥത്തിലെ അംഗമാണ് ഭൂമി. പ്രപഞ്ചത്തിൽ ജൈവികത നിലനിൽക്കുന്നത് ഭൂമിയിൽ മാത്രമാണെന്നാണ് ഇതുവരെ അറിയപ്പെട്ടിട്ടുള്ളത്. മണ്ണിന്റെ ഘടനയും ജലവും നമ്മുടെ അന്തരീക്ഷവും ജീവൻ നിലനിർത്താൻ ആവശ്യമായ ഘടകങ്ങളാണ്. മഹാവിസ്ഫോടനത്തിനുശേഷം തണുത്തുറഞ്ഞ് ജീവന്റെ ഉല്പത്തിക്ക് അനുകൂലമായി മാറിയ ഭൂമി ധാരാളം പരിണാമങ്ങൾക്ക് ശേഷമാണ് ഇന്നത്തെ അവസ്ഥയിലെത്തിയത്. ഭൂമിയിലെ ജൈവികവും അജൈവികവുമായ ഘടകങ്ങൾ എല്ലാം ചേർന്ന അവസ്ഥയെയാണ് പരിസ്ഥിതി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഭൗതികപരിസ്ഥിതിയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ജൈവപരിസ്ഥിതിയിലും മാറ്റങ്ങൾ ഉണ്ടാകുന്നു.

പരിസ്ഥിതിയിൽ വരുന്ന മാറ്റം ജീവിതത്തെ ദുരിതപൂർണ്ണമാക്കുന്നു. ഭൂമിയുടെ നിലനിൽപ്പിന് തന്നെ ഭീഷണിയാകുന്നു. ഇത്തരം ഭീഷണി സൃഷ്ടിക്കുന്നതോ

മനുഷ്യനും. പ്രകൃതിയെ തകർക്കുമ്പോൾ കോടിക്കണക്കിന് വർഷങ്ങളായി പുലർത്തിപോകുന്ന വ്യവസ്ഥയാണ് ഇല്ലാതാകുന്നത്.

ലോകം വ്യാവസായികമായി എത്ര പുരോഗമിച്ചാലും പ്രകൃതിയെ ആശ്രയിക്കാതെ മനുഷ്യന് നിലനിൽപ്പില്ല.പ്രകൃതി നൽകുന്ന സുഖസൗകര്യങ്ങൾ സ്വീകരിക്കുകയും പ്രകൃതിവിരുദ്ധപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.മനുഷ്യന് പ്രകൃതിയുടെ തിരിച്ചടി ഉണ്ടാകാതിരിക്കാൻ നിർവ്വാഹമില്ല.ഇങ്ങനെ പ്രകൃതിക്ക് കീഴടങ്ങാതെ ജീവീക്കാൻ ശ്രമിച്ചപ്പോഴാണ് പുതിയ പുതിയ രോഗങ്ങൾ കടന്നുവന്നത്.പരിസ്ഥിതിയിൽ വന്ന തകരാറാണ് എല്ലാ രോഗങ്ങൾക്കും അടിസ്ഥാനകാരണം.

അന്തരീക്ഷമലിനീകരണം, പ്രകൃതിമലിനീകരണം, ശബ്ദമലിനീകരണം,ജലമലിനീകരണം തുടങ്ങിയ മലിനീകരണപ്രവർത്തനങ്ങളാണ് മനുഷ്യൻ ചെയ്യുന്നതിൽ പ്രധാനം.ഭൂമിയിലെ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയ്ക്ക് മാറ്റം വരുത്തി പ്രകൃതിയോട് പിണങ്ങി ജീവിക്കുന്നത് മനുഷ്യൻ

മാത്രമാണ്.കൃത്രിമസുഖങ്ങൾ വർദ്ധിപ്പിക്കാനാണ് മനുഷ്യൻ ഇതെല്ലാം ചെയ്യുന്നത്.പ്രകൃതിയുടെ മലിനീകരണപ്രവർത്തനത്തിന് വില്ലനായി നിൽക്കുന്നത് ആധുനികകാലത്ത് പ്ലാസ്റ്റിക് ആണ്.മണ്ണിന്റെ ജൈവഘടനയിൽ തന്നെ അത് മാറ്റം വരുത്തുന്നു.ഭൂമിയ്ക്കടിയിൽ പോകുന്ന പ്ലാസ്റ്റിക് മാറ്റം വരാതെ കിടക്കുന്നു.അവിടെ ജലാംശം എത്താതെ മണ്ണ് വരളുന്നു.ദശലക്ഷകണക്കിന് പ്ലാസ്റ്റിക് ആണ് ഭൗമോപരിതലത്തിൽ നിക്ഷേപിച്ചിരിക്കുന്നത്.ഇത് തുടർന്നാൽ എത്രകാലം മനുഷ്യന് സുഖപ്രദമായി ഇവിടെ ജീവിക്കാൻ കഴിയും.

പ്രകൃതിയുടെ സന്തുലിതാവസ്ഥക്ക് ഭീഷണിയാകുന്ന മറ്റൊരു പ്രധാന ഘടകമാണ് പെട്രോളിയം ഉല്പന്നങ്ങൾ.ഇവ കത്തുമ്പോൾ അന്തരീക്ഷത്തിലെ കാർബൺ ഡൈയോക്സൈഡിന്റെ അളവ് വർദ്ധിക്കുന്നു.ഇത് ആഗോളതാപനത്തിന് കാരണമാകുന്നു.ഭൂമിക്ക് ശാപമാകുന്ന അപൂർവ്വവാതകങ്ങൾ ഓസോൺപാളിയെ തകർക്കും.ഭൂമിയുടെ പുതപ്പാണ്

ഓസോൺപാളി.അതിന് തകരാർ സംഭവിച്ചാൽ സൂര്യനിൽനിന്നും ഭൂമിയിലേക്ക് എത്തുന്ന അൾട്രാവയലറ്റ് രശ്മികൾ നേരിട്ട് ഭൗമ മണ്ഡലത്തിൽ എത്തും.ഇത് മനുഷ്യരാശിക്ക് ഉണ്ടാക്കുന്ന വിപത്തുകൾ അനവധിയായിരിക്കും.ഇത് തടയാൻ പെട്രോളിയം ഉല്പന്നങ്ങളുടെ ഉപയോഗം കുറച്ചേ മതിയാകൂ.എല്ലാത്തിനും ഉപരിയായി കാർഷികമേഖലയിൽ നാം ഉപയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളും ഭൂമിക്കും പ്രകൃതിക്കും കോട്ടം തട്ടുന്ന പ്രക്രിയകളാണ്. ഇത് മണ്ണിന്റെ സ്വാഭാവിക ജൈവികഗുണം ഇല്ലാതാക്കുന്നതിന് കാരണമാകുന്നു. വനനശീകരണം,മണൽ ഊറ്റൽ,കൃഷിയിടങ്ങൾ മണ്ണിട്ട് നികത്തുന്നത്, തോട്ടവിളകൾ അവിടെവച്ച് പിടിപ്പിക്കുന്നതും പരിസ്ഥിതിയെ സാരമായി ബാധിക്കുന്നു. ജലസ്രോതസ്സുകൾ നശിക്കുന്നതിന് ഇത് കാരണമാകുന്നു.കാലവർഷവും തുലാവർഷവും ക്രമം തെറ്റുന്നു.കൃഷിക്ക് അവസരം ഇല്ലാതെ പോകുന്നു,ഭക്ഷ്യക്ഷാമം നേരിടേണ്ടി വരുന്നു.

സമഗ്രമായ പരിസ്ഥിതി നിയമങ്ങൾ ഉണ്ടായാലേ പരിസ്ഥിതിസംരക്ഷണം ഫലവത്താവുകയുള്ളൂ. അത്തരം ചിന്തകളെ പരിപോഷിപ്പിക്കുവാൻ ഭരണകൂടങ്ങൾ ജാഗ്രതയോടെ നീങ്ങേണ്ടതുണ്ട്.പരിസ്ഥിതിയെ പോഷിപ്പിച്ചും,ശോഷിക്കാതെ ശ്രദ്ധിച്ചും മുന്നോട്ടുനീങ്ങിയാൽ അടുത്ത തലമുറയ്ക്ക് ഒരു മുതൽകൂട്ടായേനെ.



ദേവിക.സി
IX C

# പാർക്കർ സൂര്യനിലേക്ക്

നാസയുടെ സൂര്യദൗത്യമായപാർക്കർ സോളാർ 2018 ജൂലൈ 31 ന് വിക്ഷേപിച്ചു..2009 ൽ സോളാർ പ്രോബ് എന്ന പേരിലാണ് ഈ ദൗത്യം രൂപകൽപ്പന ചെയ്തത്.1990 കളിലെ സോളാർ ഓർബിറ്റൽ പദ്ധതിയിൽ നിന്നാണ് സോളാർ പ്രോബ് രൂപകൽപ്പന ഉണ്ടായത്.സാമ്പത്തികനിയന്ത്രണം ഈ പദ്ധതി നീണ്ടുപോക്ക് കാരണമായി.തുടർന്ന് 2010 സോളാർ പ്രോബ് പ്ലസ് എന്ന പേരിൽ പുനർനാമകരണം ചെയ്യുകയും 2015 ൽ വിക്ഷേപിക്കാൻ തീരുമാനിക്കുകയും ചെയ്തു.എന്നാൽ വിക്ഷേപണം നടന്നില്ല. 2017 അവസാനം ദൗത്യത്തിന്റെ പേരു മാറ്റി പാർക്കർ സോളാർ പ്രോബ് എന്നാക്കുകയും 2018 ജൂലൈ 31 ന് നിക്ഷേപിക്കാൻ തീരുമാനിക്കുകയും ചെയ്തു.സെൽറ്റ- 4 ഹെവി റോക്കറ്റാണ് വിക്ഷേപണ വാഹനം.ആറു വർഷവും 321 ദിവസവുമാണ് ദൗത്യത്തിന്റെ

കാലാവധി.സൂര്യനെ പ്രദക്ഷിണം ചെയ്യുന്ന പേടകം അതിന്റെ ദീർഘവൃത്തം ഭ്രമണ പഥത്തിൽ  സൂര്യന്റെ അടുത്തെത്തുമ്പോൾ (penhelion) സൗരോപരിതലത്തിൽ നിന്ന് കേവലം 59 ലക്ഷം കി.മീ. മാത്രം ഉയരത്തിലാകും.സൂര്യനെ ഇത്ര അടുത്തുനിന്ന് നിരീക്ഷിക്കുന്ന ഒരു ദൗത്യവും ഇതുവരെ വിക്ഷേപിച്ചിട്ടില്ല.സൂര്യന്റെ സമീപമെത്തുമ്പോൾ പേടകത്തിന്റെ വേഗം സെക്കന്റിൽ 200 കി.മീ. ആകും.1.5 ബില്യൺ യു.എസ്.ഡോളറാണ് പദ്ധതിയുടെ ആകെ ചെലവ്.ഒരു മീറ്റർ നീളവും മൂന്നു മീറ്റർ  വീതിയും 2.3 മീറ്റർ ഉയരവുമുള്ള പേടകത്തിന്റെ ഇന്ധനം ഉൾപ്പെടെയുള്ള പിണ്ഡം 685 കി.ഗ്രാം.ആണ് ഇതിൽ 50 കിലോഗ്രാം അനുബന്ധ ഉപകരണങ്ങളുടെ ഭാരമാണ്.343 വാട്സ് ആണ് സൂര്യനു സമീപമെത്തുമ്പോൾ പേടകത്തിന്റെ പ്രവർത്തനം നടക്കുന്നതിനുള്ള ഊർജ്ജം.88 ദിവസം കൂടുമ്പോൾ പേടകം ഒരു തവണ സൂര്യനെ വലം വെയ്ക്കും.ഏറെക്കുറെ ബുധന്റെ പരിക്രമണകാലത്തിന്

തുല്യം.വൈദ്യുതി വിതരണ ശൃംഖലയെയും കൃത്രിമ ഉപഗ്രഹങ്ങളുടെ പ്രവർത്തനത്തെയും പ്രതികൂലമായി ബാധിക്കുന്ന ചാർജിത കണങ്ങളുടെ പ്രവാഹമാണ് സൗരവാതകങ്ങൾ.ഉത്തര- ദക്ഷിണ ധ്രുവ പ്രദേശങ്ങളിൽ കാണപ്പെടുന്ന ധ്രുവദീപ്തിക്കു കാരണം സൗരവാതകങ്ങളുടെ പ്രഭാവമാണ്.വളരെയധികം ശാസ്ത്രീയ പ്രധാനമുള്ള ഒരു ദൗത്യമായാണ് പാർക്കർ സോളാർ പ്രോബിനെ നാസ കാണുന്നത്. സൗരാന്തരീക്ഷത്തിൽ ഇലക്ട്രോണുകൾക്കും പ്രോട്ടോണുകൾക്കും എങ്ങനെയാണ് ഗതിവേഗം വർദ്ധിക്കുന്നതെന്നു പഠിക്കാൻ ഈ ദൗത്യത്തിലൂടെ കഴിയുമെന്നാണ് കരുതുന്നത്.

അഫ്സിന.എ.എസ്.
IX D

# ഹോ !ച്ചൂട്

നമ്മുടെ പ്രദേശത്ത് ഊഷ്മാവിന്റെ നില വർധിച്ചുവരുകയാണ്.മനുഷ്യ പ്രവർത്തികളാണ് അതിന് കാരണമായി തീരുന്നത്. കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ ശരാശരി ഊഷ്മാവിൽ 0.7 ഡിഗ്രി സെൽഷ്യസിന്റെ വർധനവാണുണ്ടായത് .ഒരു നൂറ്റാണ്ടുകൂടി കഴിഞ്ഞാൽ ഈ നില മാറും.അന്തരീക്ഷം നൈട്രജൻ, ഓക്സിജൻ, ആർഗൺ, ഹീലിയം, കാർബ്ബൺ ഡൈഓക്സൈഡ് ,ഓസോൺ തുടങ്ങിയ വാതകങ്ങളുടെ മിശ്രിതമാണ്. അന്തരീക്ഷ താപനിലയെ നിയന്ത്രിക്കുന്ന വാതകങ്ങൾ മീഥേൻ,കാർബൺഡൈഓക്സൈഡ്,ജലബാഷ്പം എന്നിവ ഹരിതഗൃഹവാതങ്ങൾ എന്നറിയപ്പെടുന്നു.

നമ്മൾ നിരന്തരം ഉപയോഗിക്കുന്ന ഇന്ധനങ്ങളായ പെട്രോൾ, ഡീസൽ, എൽ.പി.ജി.സിലിണ്ടറുകൾ തുടങ്ങിയവയുടെ വർദ്ധിച്ച ഉപയോഗം,അന്തരീക്ഷത്തിലെ താപനില

വർദ്ധിപ്പിക്കാൻ കാരണമാകുന്നു.ഇന്ധനങ്ങളിൽ അടങ്ങിയിരിക്കുന്ന കാർബൺ അന്തരീക്ഷത്തിലെ ഓക്സിജനുമായി പ്രവർത്തിച്ചാണ് കാർബൺ ഡൈ ഓക്സൈഡ് ഉണ്ടാകുന്നത്. ഈ വാതകത്തിന്റെ അളവിലുള്ള വർധനവ് താപനിലയുടെ നിയന്ത്രണത്തെ തെറ്റിക്കുന്നു.പാചകത്തിന് ഉപയോഗിക്കുന്ന വിറകിനെയും മണ്ണെണ്ണയേയുംകാൾ താപോർജം സൃഷ്ടിക്കാൻ എൽ.പി.ജിക്ക് കഴിയും.അതിനാൽ നമ്മൾ അവയുടെ ഉപയോഗം കുറയ്ക്കണം.

മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികളാണ് താപനിലയുടെ വർധനവിനുകാരണം.ഓരോ സെക്കന്റിലും കുഞ്ഞുങ്ങൾ ജനിക്കുന്നു.അവർക്ക് തന്റെ ജീവൻ നിലനിർത്താൻ പ്രാണവായു ആവശ്യമാണ്.അതിനാൽ നാമെല്ലാവരും മരങ്ങൾ നട്ടുപിടിപ്പിക്കണം.എന്നാൽ നമ്മൾ മറിച്ച് മരങ്ങൾ വെട്ടിനശിപ്പിക്കുകയാണ്.കേരളത്തിൽ 100 വർഷങ്ങൾക്ക് മുൻപ്

70 ശതമാനത്തിലേറെയുണ്ടായിരുന്ന വനങ്ങൾ ഇന്ന് 30 ശതമാനമായി മാറിയിരിക്കുന്നു.ഇതിനുകാരണം

മനുഷ്യന്റെ സ്വാർഥതാൽപര്യമാണ്.ആഡംബര ജീവിതവും,അതിനനുസരിച്ചുള്ള കാറും മറ്റും,അതിനാവശ്യമായ ഇന്ധനത്തിന്റെ വർദ്ധിച്ച ചിലവുമാണ് ഇതിനു കാരണം . അതുകൊണ്ട് തന്നെ നമ്മൾ എല്ലാവരും നമ്മുടെ ജിവിതത്തിൽ ഒരു ക്രമം കൊണ്ടുവരേണ്ടതുണ്ട്.എങ്കിൽ മാത്രമേ അന്തരീക്ഷത്തിലെ ചൂട് നമുക്ക് നിയന്ത്രിക്കാൻ കഴിയുകയുള്ളൂ......



ഷിഫാനത്ത്.എസ്
IX C

# വംശനാശഭീഷണി നേരിടുന്ന ജീവികൾ

അതീവ ഗുരുതര വംശനാശഭീഷണി നേരിടുന്ന ധാരാളം ജീവികൾ ഈ ലോകത്തുണ്ട്. സ്വാഭാവിക ജീവിത സാഹചര്യങ്ങൾ നഷ്ടമാവുകയോ, ഒറ്റപ്പെടുകയോ, നശിക്കുകയോ ചെയ്യുന്നതാണ് പല വന്യജീവികളുടെയും നിലനിൽപ്പിന് ഭീഷണിയാകുന്നത്. കാലാവസ്ഥ വ്യതിയാനം,മലിനീകരണം,അനിയന്ത്രിത വേട്ടയാടൽ,അമിത ചൂഷണം വന നശീകരണം, ജനസംഖ്യ വർദ്ധനവ് ഒക്കെ വന്യജീവി സംരക്ഷണത്തിന് ഭീഷണിയാണ്.

മലബാർ വെരുക് എന്ന ജീവിയും വംശനാശഭീഷണി നേരിടുകയുണ്ടായി.

മലമെരു,ജവാദ് മെരു,എന്നൊക്കെ പേരിൽ ഇടനാടൻ ചെങ്കൽ കുന്നുകളിലും പശ്ചിമഘട്ടത്തിലും നിത്യഹരിത വനങ്ങളിലും കാണപ്പെടുന്ന ഒരിനം മെരുകാണ്

മലബാർ



വെരുക്. പട്ടിയോളം വലുപ്പമുള്ളതാണ് ഈ ജീവി. 1978-ൽ ഐ.യു.സി.എൻ ഈ ജീവിവർഗം അപ്രത്യക്ഷമായതായി പ്രഖ്യാപിച്ചു. പക്ഷെ 1990-ൽ ആണ് ഈ ജീവിയെ മലപ്പുറം ജില്ലയിലെ പൂക്കോട് നിന്നും ഡോ.എൻ.വി.കെ.അഷറഫും സംഘവും അവസാനമായി കണ്ടത്. അതിന് മുൻപ് 1987-ൽ മലപ്പുറം ജില്ലയിൽ നിന്ന് തന്നെ എളയൂരിലെ കശുമാവിൻ തോട്ടത്തിൽ ചത്തു കിടക്കുന്ന രണ്ട് വെരുകിനെ കണ്ട് കിട്ടിയിരുന്നു. പത്തൊമ്പതാം ന്യൂറ്റാണ്ടിൽ നമ്മുടെ നാട്ടിൽ ധാരാളമായി ഉണ്ടായിരുന്നു ഈ ജീവി. വേട്ടയാടൽ മൂലം ആവാം ഇവയുടെ എണ്ണം ഇത്രപ്പെട്ടെന്ന് കുറഞ്ഞ് വംശനാശത്തിലെത്തിയത്. ഇതിന് വലിയ ഔഷധ ഗുണമുണ്ട് എന്ന പ്രചാരണം മൂലം ആയുർവേദ മരുന്നുകളും നിർമ്മിക്കാനാണ് ഇവയെ വ്യാപകമായി കൊന്നിരുന്നത്.

ഇതുപോലെ തന്നെ വംശനാശം സംഭവിച്ച മറ്റൊരു ജീവിയാണ് കരണ്ടി കൊക്കൻ മണലീതി.സ്പൂൺ പോലുള്ള കൊക്കുള്ള ദേശാടന പക്ഷിയാണിത്.

കേരളതീരങ്ങളിലും തണ്ണീർതടങ്ങളിലും ഇവയെ കണ്ടതായുള്ള പഴയ റിപ്പോർട്ടുകളെ കുറിച്ച് ഗവേഷകർക്ക് ഇപ്പോൾ സംശയമുണ്ട്.ഇന്ത്യയിൽ മറ്റിടങ്ങളിലും വളരെ അപൂർവ്വമായേ ഇവയെ കണ്ടിട്ടുള്ളൂ.2010-ൽ ഭൂമിയിൽ ആകെ 120-200 ജോഡി പക്ഷികൾ മാത്രമേ ബാക്കിയുള്ളൂ എന്നാണ് കണക്കാക്കപ്പെട്ടത്.പത്തിരുപത് വർഷം കഴിയുമ്പോൾ അവയുടെ വംശം എന്നന്നേക്കുമായി കുറ്റിയറ്റ് പോകാൻ സാധ്യതയുണ്ട്.പ്രജനന കേന്ദ്രങ്ങൾ നഷ്ടമായതും വേട്ടയാടലും ആണ് പ്രധാന  ഭീഷണി.



1992-ൽ റിയോഡി ജനീറോയിൽ വെച്ച് ജൈവവൈവിധ്യ സംരക്ഷണം സംബന്ധിച്ച ഒരു അന്താരാഷ്ട്ര സംഭാഷണം നടക്കുകയുണ്ടായി. ഇത് അംഗീകരിച്ച ജൈവസംരക്ഷണ ഉടമ്പടി നിയമമായതോടെയാണ് വന്യസംരക്ഷണം



ലോകവ്യാപകമായി പ്രാധാന്യം നേടിയത്.



-നിഹില. എസ്

IX C

